**അല്ലാഹുവിന്റെ വചനം**

هُوَ الَّذِيْٓ اَرْسَلَ رَسُوْلَهٗ بِالْهُدٰى وَ دِيْنِ الْحَقِّ لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ وَلَوْ كَرِهَ الْمُشْرِكُوْنَ۝

തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ; അദ്ദേഹം അതിനെ എല്ലാമതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി; ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി.(61:10)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

വാർഷിക വരിസംഖ്യ 600 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

ലക്കം 11-12

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ


www.akhbarbadr.in

2024 മാർച്ച് 15-22 /ഹി.ശം. 1403 അമാൻ 15-22/ ഹിജ്റ 1445 റമളാൻ 4-11


**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## ഹദ്റത്ത് ഇമാംമഹ്ദിയുടെ(അ)സ്ഥാനവും പദവിയും ഉമ്മത്തിലെ പുണ്യാത്മാക്കളുടെ ദൃഷ്ടിയിൽ



### ഇമാം മഹ്ദിയുടെ മനസ്സ് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയുടെ മനസ്സായിരിക്കും

**ഹദ്റത്ത് ഇമാം അബ്ദുർറസാഖ് ഖാശാനീ റഹ്മത്തുല്ലാഹി അലയ്ഹി(മരണം:ഹിജറ 730)പറയുന്നു:**

''അവസാന കാലത്ത് ഇമാം മഹ്ദി വരുമ്പോൾ, അദ്ദേഹം ശരീഅത്ത് കൽപ്പനകളിൽ നബി(സ)തിരുമേനിയുടെ അനുയായി ആയിരിക്കും. ഈശ്വരീയജ്ഞാനത്തിലും അറിവുകളിലും അദ്ദേഹത്തെ കൂടാതെയുള്ള എല്ലാ നബിമാരും വലിയ്യുമാരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരിക്കും. കാരണം ഇമാം മഹ്ദിയുടെ മനസ്സ് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയുടെ മനസ്സായിരിക്കും.''
(ശറഹ് ഫുസ്വൂസ്വുൽ ഹിക്കം മത്ബഅ മുസ്തഫാ അൽബാബിൽഹൽബി, പേജ് 42-43)

### ഇമാം മഹ്ദിയിലും മസീഹ് മൗഊദിലും സയ്യിദുൽമുർസലീന്റെ(സ)പ്രകാശങ്ങളുടെ ഛായ ഉണ്ടായിരിക്കും.

**ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദിഥ് ദഹ്‌ലവി(റഹ്മത്തുല്ലാഹി അലയ്ഹി(ഹിജ്റ1114-1175)പറയുന്നു:**

''മുസ്ലിം ഉമ്മത്തിൽ വരുന്ന മസീഹ് മൗഊദിന്റെ അവകാശമാണ് അദ്ദേഹത്തിൽ സയ്യിദുൽമുർസലീന്റെ ഛായ ഉണ്ടായിരിക്കുക എന്നത്. പൊതുജനങ്ങൾ വിചാരിക്കുന്നത് ആ വാഗ്ദാനം ചെയ്യപ്പെട്ട വ്യക്തി ഭൂലോകത്ത് വരുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനം വെറുമൊരു ഉമ്മത്തിയുടേതായിരിക്കുമെന്നാണ്. ഒരിക്കലും അങ്ങനെയല്ല. പ്രത്യുത അദ്ദേഹം മുഹമ്മദീപരമായ സകല നാമത്തിന്റേയും പൂർണമായ വ്യാഖ്യാനവും അതിന്റെതന്നെ മറ്റൊരു പകർപ്പുമായിരിക്കും. അതിനാൽ അദ്ദേഹത്തിന്റേയും സാധാരണ ഉമ്മത്തിയുടേയുമിടയിൽ വളരെ വലിയ അന്തരമുണ്ട്.''
(അൽഖയ്റുൽ കഥീർ, ശാഹ് വലിയ്യുല്ലാഹ് മുഹദ്ദഥ് ദഹ്‌ലവി, പേജ് 72, മദീന പ്രസ്സ് ബജ്നൂർ)

### ഇമാം മഹ്ദിക്കും മസീഹ് മൗഊദിനും സകല നബിമാരുമായി ബന്ധം.

**ഹദ്റത്ത് ഇമാം ബാഖിർ റഹ്മത്തുല്ലാഹി അലയ്ഹി(ഹിജ്റ 51-114) പറയുന്നു:**

''ഇമാം മഹ്ദി വരുമ്പോൾ ഇങ്ങനെ വിളംബരം ചെയ്യും:നിങ്ങളിലാരെങ്കിലും ഇബ്റാഹീമിനേയും(അ)ഇസ്മായീലിനേയും(അ) കാണാനാഗ്രഹിക്കുന്നുണ്ടെങ്കിൽ കേൾക്കുക, ഞാൻതന്നെയാണ് ഇബ്റാഹീമും ഇസ്മായീലും. നിങ്ങളിലാരെങ്കിലും മൂസായേയും യൂശഅ്നേയും കാണാനാഗ്രിക്കുന്നെങ്കിൽ കേൾക്കുക ഞാൻ തന്നെയാണ് മൂസായും യൂശഉം. ഇനി നിങ്ങളിലാരെങ്കിലും ഈസായേയും ശംഓനേയും കാണാനാഗ്രഹിക്കുന്നെങ്കിൽ കേട്ടുകൊള്ളുക ഞാൻതന്നെയാണ് ഈസായും ശംഓനും. നിങ്ങളിലാരെങ്കിലും മുഹമ്മദു മുസ്തഫായേയും(സ) അമീറിൽമുഅ്മിനീനേ(അലി(റ))യും കാണാനാഗ്രഹിക്കുന്നെങ്കിൽ കേട്ടുകൊള്ളുക ഞാൻ തന്നെയാണ് മുഹമ്മദു മുസ്തഫായും(സ)അമീറുൽമുഅ്മിനീനും.''
(ബിഹാറുൽ അൻവാർ, വാല്യം നമ്പർ 13, പേജ് 202)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

## പത്രാധിപക്കുറിപ്പ്

### റമളാൻ മാസത്തിലെ നോമ്പ് നിർബന്ധമാണ്. ശരീഅത്തുപരമായ ഒഴികഴിവ് കൂടാതെ ഉപേക്ഷിക്കുക പാപമാണ്.

അനുഗൃഹീത റമളാൻ മാസത്തിന്റെ വരവുണ്ടല്ലോ അതൊരു വരവുതന്നെയാണ്. മാസങ്ങളുടെ നേതാവിന്റെ വരവുണ്ടല്ലോ അതൊരു വരവുതന്നെയാണ്. മഹോന്നതമായ മാസത്തിന്റെ വരവുണ്ടല്ലോ അതൊരു വരവുതന്നെയാണ്. ഈ മഹത്തായ മാസത്തിന്റെ ഒരു രാത്രി ആയിരം രാത്രിയെക്കാൾ ശ്രേഷ്ഠതരമാണ്. ക്ഷമയുടെ മാസത്തിന്റെ വരവുണ്ടല്ലോ ആ ക്ഷമയുടെ പ്രതിഫലം ജന്നത്താണ്. അഗ്നിയിൽനിന്ന് സ്വതന്ത്രമാക്കപ്പെടുന്ന മാസത്തിന്റെ വരവാണത്. ഈ മാസത്തിന്റെ വരവോടെ നരകത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുന്നു. സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു. വിശുദ്ധഖുർആൻ ഇറക്കപ്പെട്ട അനുഗൃഹീത മാസമാണിത്. അത് ജനങ്ങൾക്ക് മാർഗദർശകമാണ്. ഇതിന്റെ ഫലം *ലിഖാ* അഥവാ അല്ലാഹുവുമായുള്ള കൂടിക്കാഴ്ചയാണ്.

അതുകൊണ്ട് അത്തരം മഹത്തായ മാസത്തെ നമ്മൾ *അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബാ* പറഞ്ഞ് സ്വാഗതം ചെയ്യുന്നു. അതിനെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് സ്വാഗതം ചെയ്യുന്നു. ഈമാസം വരാനും അതിൽ നോമ്പു പിടിക്കാനും നമ്മൾ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ആരോഗ്യത്തോടും സമാധാനത്തോടുംകൂടി അതിലെ നോമ്പു പിടിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. അത് സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ.

ഇത്രമാത്രം മഹത്തായ മാസം, ഇത്രമാത്രം സവിശേഷതകളുള്ളതും നന്മകൾ നിറഞ്ഞതുമായ മാസം, അതിനെ തീർച്ചയായും അല്ലാഹു മനുഷ്യകുലത്തിന് നിർബന്ധമാക്കേണ്ടതുതന്നെയായിരുന്നു. അതായത് അതിൽ നോമ്പുപിടിക്കുക എന്നത്. ഏതൊരു കാര്യമാണോ മനുഷ്യകുലത്തിന്റെ ഗുണത്തിനുവേണ്ടി അങ്ങേയറ്റം പ്രാധാന്യമുൾക്കൊള്ളുന്നത് അല്ലാഹു അത് നിർബന്ധമായി നിശ്ചയിക്കുന്നു. ഏതൊരു കാര്യമാണോ മനുഷ്യകുലത്തിന് അങ്ങേയറ്റം ദോഷകരമായിട്ടുള്ളത് അല്ലാഹു അത് നിഷിദ്ധമായും നിശ്ചയിക്കുന്നു. അതുകൊണ്ട് നോമ്പ് നിർബന്ധമാക്കൽ വിളിച്ചോതുന്നത് അതിൽ മഹത്തായ നേട്ടങ്ങളുണ്ടെന്നാണ്. ഈ അനുഗൃഹീത മാസത്തിന്റെ മുകളിൽപറഞ്ഞ പ്രത്യേകതകൾ ഹദീഥുകളിൽ പറഞ്ഞിട്ടുള്ളതാണ്. ആ പ്രത്യേകതകൾ പറയുന്നത് നോമ്പ് നിർബന്ധമാക്കൽ അനിവാര്യമായിരുന്നുവെന്നാണ്. അല്ലാഹു നോമ്പ് ഏതു വാക്കുകളിലാണ് നിർബന്ധമാക്കിയതെന്ന് നമുക്ക് മനസ്സിലാക്കാൻ നോമ്പ് നിർബന്ധമാക്കപ്പെട്ടതിനെ സംബന്ധിച്ച് ഏറ്റവുമാദ്യം വിശുദ്ധ ഖുർആനിലെ ആയത്തുകളാണ് സമർപ്പിക്കുന്നത്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ മനുഷ്യർ നോമ്പു പിടിക്കേണ്ടത് എത്രമാത്രം നിർബന്ധമാണ്. അല്ലാഹു പറുയന്നു:

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا كُتِبَ عَلَيۡكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيۡنَ مِنۡ قَبۡلِكُمۡ لَعَلَّكُمۡ تَتَّقُوۡنَۙ ⑱④

'വിശ്വസികളേ!നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു;നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാൻ വേണ്ടി.'

*കതബ* എന്ന പദത്തിലൂടെ നോമ്പു നിർബന്ധമാക്കപ്പെട്ട കര്യമാണ് അല്ലാഹു വിവരിച്ചിരിക്കുന്നത്. എഴുതി രേഖപ്പെടുത്തുന്നതിനാണ് *കതബ* എന്നു അറബിഭാഷയിൽ പറയുന്നത്. അല്ലാഹു പറയുന്നു:നോമ്പിന്റെ നിർബന്ധമാക്കൽ എത്രമാത്രം പ്രധാനപ്പെട്ടതും എത്രമാത്രം നിർബന്ധവുമാണെന്നാൽ, നാം അതിന്റെ നിർബന്ധമാക്കൽ അങ്ങനെ തന്നെയായിരിക്കുമെന്ന് എഴുതി രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരുസ്ഥലത്ത് അല്ലാഹു *കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ* അതായത് എന്റേയും എന്റെ റസൂലിന്റേയും വിജയം ഉറച്ച തീരുമാനമാണെന്ന് എഴുതിരേഖപ്പെടുത്തിയിട്ടുള്ളതാണ്. എ പ്രകാരം അല്ലാഹുവും അവന്റെ റസൂലും ഒരിക്കലും, ഒരു അവസ്ഥയിലും പരാജയപ്പെടുകയില്ലെന്ന് പറയാൻ *കതബ* എന്ന പദം ഉപയോഗിച്ചുവോ അതേ പ്രകാരം നോമ്പിന്റെ ഫർളിയ്യത്ത് അഥവാ നർബന്ധമാക്കൽ എഴുതി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

ഇതു വിശുദ്ധ ഖുർആന്റെ തേജോവിലാസമാണ്. അതെന്തെങ്കിലും കൽപ്പിക്കുമ്പോൾ അതിന്റെ പ്രാധാന്യത്തിലും നേട്ടങ്ങളിലും വെളിച്ചവും വീശുന്നു. തെളിവോടുകൂടി സംസാരിക്കുന്നു. അതിലെ ഒരു കൽപ്പനയും അയുക്തികവും അന്യായവുമായിരിക്കുകയില്ല. നോമ്പിന്റെ യുക്തിയിലും നേട്ടങ്ങളിലും വെളിച്ചം വീശിക്കൊണ്ട് അല്ലാഹു പറയുന്നു:*ലഅല്ലക്കും തത്തഖൂൻ* എല്ലാ തരത്തിലുള്ള ആത്മീയവും ധാർമികവുമായ ബലഹീനതകളിൽനിന്ന് രക്ഷപ്പെടുക. അതിനാൽ *കുതിബ അലയ്ക്കുമുസ്സിയാമു* എന്ന വാക്കുകൾകൊണ്ടും പിന്നീട് *ലഅല്ലക്കും തത്തഖൂൻ* എന്ന വാക്കുകൾകൊണ്ടും നോമ്പു പിടിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. പിന്നീട് അല്ലാഹു പറയുന്നു:*വ അൻതസ്വൂമൂ ഖയ്റുൻല്ലക്കും ഇൻ കുൻതും തഅ്‌ലമൂൻ.* നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പു പിടിക്കുന്നത് ഗുണകരമാണെന്ന്(നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും).

അല്ലാഹു പറയുന്നു: നിങ്ങൾ മനസ്സിലാക്കുന്നവരാണെങ്കിൽ നോമ്പു പിടിക്കുന്നത് നിങ്ങൾക്ക് തീർച്ചയായും ഗുണത്തിനും ഫലത്തിനും നിമിത്തമാണ്. *ഇൻകുൻതും തഅ്‌ലമൂൻ* എന്ന വാക്കുകൾ വിളിച്ചോതുന്നത് നോമ്പിന്റെ നേട്ടങ്ങൾ മഹത്തായ തേജോവിലാസമാണെന്നാണ്; ജനങ്ങൾ ഇതിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും ഇതിന്റെ നേട്ടങ്ങളും മനസ്സിലാക്കുകയും നോമ്പു പിടിക്കുകയും ചെയ്യുക എന്നാണ്.

പിന്നീടു അല്ലാഹു പറയുന്നു: *ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽയസ്വുംഹു* നിങ്ങളിലാരെങ്കിലും ഈ മാസത്തെ (ഈ സ്ഥിതിയിൽ)കണ്ടാൽ അതായത് രോഗിയും യാത്രക്കാരനുമല്ലാത്ത സ്ഥിതിയിൽ കണ്ടാൽ അവൻ അതിലെ നോമ്പുകൾ നോക്കേണ്ടതാണ്.

ഇവിടേയും അല്ലാഹു വ്യക്തമായ വാക്കുകളിൽ പറഞ്ഞു:ആരോഗ്യവും സ്വാസ്ഥ്യവുമുള്ളവർ ഈ മാസം പ്രാപിച്ചാൽ അവർ അതിൽ നോമ്പുപിടിക്കേണ്ടതാണ്.

അതുകൊണ്ട് അല്ലാഹു പറഞ്ഞു:

(1) *കുതിബ അലയ്ക്കുമുസ്സിയാമു കമാ കുതിബ അലല്ലദീന മിൻ ഖബ്‌ലിക്കും* (നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു).

(2) *വ അൻതസ്വൂമൂ ഖയ്റുൻല്ലക്കും ഇൻകുൻതും തഅ്‌ലമൂൻ* (നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ.

(3)*ഫമൻശഹിദ മിൻകുമുശ്ശഹ്റ ഫൽയസുംഹു*(അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ നോമ്പനുഷ്ഠിക്കട്ടെ)

ഇപ്പറഞ്ഞ വാക്കുകൾകൊണ്ട് അല്ലാഹു ഒരു തവണയല്ല പ്രത്യുത നിരന്തരം നോമ്പു പിടിക്കുന്നതിലേക്ക് മുസ്‌ലിമീങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. അല്ലാഹു നമ്മുടെ *ഖാലിഖ്* അഥവാ സ്രഷ്ടാവാണ്. നമുക്കെന്തിന്റെ ആവശ്യമാണുള്ളതെന്നും എന്താണ് ആവശ്യമില്ലാത്തതെന്നും അവനാണ് നല്ലവണ്ണം അറിയുന്നവൻ. കാരണം സ്രഷ്ടാവ് തന്റെ സൃഷ്ടികളെക്കുറിച്ച് എത്രമാത്രം അറിയുന്നുവോ മറ്റാരും അത്ര അറിയുന്നില്ല. അതുകൊണ്ട് ഇതു നമ്മുടെ സ്രഷ്ടാവിന്റെ കൽപ്പനയാണ്. അവൻ നമ്മുടെ സൃഷ്ടിപ്പിന്റെ അതിസൂക്ഷ്മമായ കാര്യം പോലും അറിയുന്നവനാണ്. അവനാഗ്രഹിക്കുന്നത് മുസ്‌ലിമീങ്ങൾ നോമ്പു പിടിക്കണമെന്നാണ്. ആത്മീയവും ശാരീരികവുമായ എല്ലാത്തരം ആപത്തുകളിൽനിന്ന് രക്ഷപ്പെടണമെന്നാണ്. നമസ്കാരത്തേയും നോമ്പിനേയും മറ്റുള്ളവരും അസൂയാദൃഷ്ടിയോടെയാണ് നോക്കിക്കാണുന്നത്. നമ്മൾത്തന്നെ അതിന്റെ ഗുണത്തിലും നേട്ടങ്ങളിലും വിശ്വസിക്കുന്നില്ലെങ്കിൽ നമ്മളിൽ അഹോ കഷ്ടംതന്നെ! ശരീഅത്തുപരമായ ഒഴിവുകഴിവൊന്നും കൂടാതെ നോമ്പ് ഉപേക്ഷിക്കുകയെന്നത് വൻ പാപമാണ്. ഒരു നോമ്പുപോലും മനുഷ്യൻ ശരീഅത്തുപരമായ ഒഴികഴി

(ശേഷം പേജ് 24ൽ)

**ബദ്ർ ആഴ്ചപ്പതിപ്പ് "മസീഹ് മൗഊദ്" സ്പെഷ്യൽ പതിപ്പ്"**

## വിഷയങ്ങൾ


| വിഷയങ്ങൾ | പേജ് നമ്പർ |
|---|---|
| പത്രാധിപക്കുറിപ്പ് | 2 |
| ഖുത്ബ ജുമുഅ 2024 ഫെബ്രുവരി 9 | 3 |
| ദൈവികാനുഗ്രഹങ്ങളുടെ ഇറക്കവും അഹ്മദിയ്യാ ജമാഅത്തിന്റെ ഉയർച്ചയും | 10 |
| ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം വിശുദ്ധ ഖുർആന്റെ ന്റെ വെളിച്ചത്തിൽ | 14 |
| ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റേയും ഖലീഫമാരുടേയും മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ശോഭനഭാവി | 20 |

## ഖുത്ബ ജുമുഅ

- ആ പരിശുദ്ധ മനുഷ്യന്റെ ചെവികളിൽ ഉഅ്ലു ഹുബൽ ഉഅ്ലു ഹുബൽ, ഹുബലിന് ജയ്വിളി വന്നലച്ചപ്പോൾ തൗഹീദിന്റെ ആവേശം അലയടിച്ചുയർന്നു. കാരണം ഇപ്പോൾ മുഹമ്മദ്(സ)ന്റേയോ അബൂബക്റിന്റേയോ ഉമറിന്റേയോ പ്രശ്നമല്ലായിരുന്നു. പ്രത്യുത അല്ലാഹുവിന്റെ അന്തസ്സിന്റെ പ്രശ്നമായിരുന്നു. നബി(സ)തിരുമേനി വളരെ ആവേശഭരിതനായി ചോദിച്ചു: നിങ്ങളെന്തുകൊണ്ട് മറുപടി നൽകുന്നില്ല? സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളെന്ത് മറുപടിയാണ് നൽകേണ്ടത്? അവിടന്ന് പറഞ്ഞു: അല്ലാഹു അസ്സവജല്ല, അല്ലാഹു അസ്സവജല്ല എന്ന് പറയുവിൻ. അതായത് ഹുബൽ ഒരുവസ്തവുമല്ല? അല്ലാഹുവിന്റെ പ്രതാപമാണ് അത്യുന്നതം. ഇത് നബി(സ)തിരുമേനിയുടെ എത്ര മനോഹരമായ തൗഹീദിന്റെ വികാരപ്രകടനമാണെന്ന് നോക്കുക.
- ഹദ്റത്ത് സയീദ് ബിൻ റബീഅ്(റ)ശഹാദത്തിനുമുമ്പേ പറഞ്ഞു: എന്റെ സഹോദരങ്ങളായ മുസ്ലിമീങ്ങൾക്ക് എന്റെ സലാം പറയുക. എന്റെ സമുദായത്തോടും എന്റെ ബന്ധുക്കളോടും ഇങ്ങനെ പറയണം; നബി(സ)തിരുമേനി നമ്മുടെ പക്കൽ അല്ലാഹുവിന്റെ ഏറ്റവും നല്ല സൂക്ഷിപ്പുമുതലാകുന്നു. ഞങ്ങൾ ഞങ്ങളുടെ ജീവൻകൊണ്ട് ഈ അമാനത്തിനെ സംരക്ഷിച്ചുപോന്നു. ഇനി ഞങ്ങൾ പോകുകയാണ്. ഈ അമാനത്തിന്റെ സംരക്ഷണം നിങ്ങളെ ചുമതലപ്പെടുത്തുന്നു. നിങ്ങൾ ഈ അമാനത്തിന്റെ സംരക്ഷണത്തിൽ ദൗർബല്യം കാണിക്കരുത്.
- അല്ലാഹു നമ്മുടെ ഉള്ളിലും നബി(സ)തിരുമേനിയോടുള്ള അനുരക്തിയുടെ ആത്മാവ് ഉണ്ടാക്കുമാറാകട്ടെ. ഈ ചിന്ത ഉണ്ടായാൽ അല്ലാഹുവുമായുള്ള ബന്ധവും അഭിവൃദ്ധിപ്പെടുന്നതായിരിക്കും. തങ്ങളുടെ ബലഹീനതകളെ അകറ്റാൻ യഥാർഥത്തിൽ പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ നമുക്ക് ശരിയായ ഇസ്ലാമിക വർണം നമ്മുടെ ആരാധനകളിലും സ്വഭാവങ്ങളിലും ശീലങ്ങളിലും ഉണ്ടാക്കാൻ കഴിയുന്നതാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ.
- ഉഹുദു യുദ്ധത്തിൽ ആദരണീയരായ സ്വഹാബാക്കളുടെ ത്യാഗങ്ങളുടേയും നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റേയും ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച
- യമനിലെ ആദ്യത്തെ ശഹീദ്, അഹ്മദി ഡോക്ടർ ജനാബ് ഡോ. മൻസ്വൂർ ശബൂത്തി സാഹിബ്, ജനാബ് സ്വലാഹുദ്ദീൻ മുഹമ്മദ് സ്വാലിഹ് അബ്ദുൽ ഖാദിർ സാഹിബ് ഓഫ് കബാബീർ, റയ്ഹാന ഫർഹത്ത് സാഹിബ റബ്വ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2024 ഫെബ്രുവരിവരി 9/1403 തബ്ലീഗ് 9**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഉഹുദ് യുദ്ധവുമായി ബന്ധപ്പെട്ട് അബൂസുഫ്യാൻ ഉയർത്തിയ മുദ്രാവാക്യത്തെപ്പറ്റിയാണ് പറഞ്ഞുവന്നിരുന്നത്. അതിൽ തന്റെ വിഗ്രഹങ്ങളുടെ ശ്രേഷ്ഠതയെപ്പറ്റി അയാളുടെ വർണനയേയും അപ്പോൾ നബി(സ)തിരുമേനി പ്രകടിപ്പിച്ച ആത്മരോഷത്തേയും സംബന്ധിച്ച് പറഞ്ഞിരുന്നു. നബി(സ)തിരുമേനി എങ്ങനെയാണ് ആത്മരോഷം പ്രകടിപ്പിച്ചതെന്ന് ഞാൻ പറയുകയുണ്ടായി. ഇത് സംബന്ധമായി കൂടുതൽ ഉദ്ധരണികൾ കേൾപ്പിക്കാം. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:

ഹദീഥിൽ വന്നിരിക്കുന്നു, ഉഹുദ് യുദ്ധത്തിൽ അബൂസുഫ്യാൻ വളരെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ലനാ ഉസ്സാ വലാ ഉസ്സാ ലക്കും അതായത് ഞങ്ങളുടെ സഹായത്തിന് ഞങ്ങളുടെ ഉസ്സാ ബിംബമുണ്ട്. പക്ഷേ, നിങ്ങളെ സഹായിക്കാൻ ഒരു ബിംബവുമില്ല. ആ നേരത്ത് നബി(സ)തിരുമേനി മുസ്ലിമീങ്ങളോടു പറഞ്ഞു: നിങ്ങൾ പറയുക, ലനാ മൗലാ വലാ മൗലാലക്കും ഞങ്ങളുടെ യജമാനനും ഞങ്ങളുടെ രക്ഷാധികാരിയും എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹുവാകുന്നു. നിങ്ങൾക്ക് ഒരു രക്ഷാധികാരിയും സഹായിയുമില്ല. പറയുന്നു: ഇത് അൻത മൗലാനയുടെ അതായത് നീയാണ് ഞങ്ങളുടെ രക്ഷാധികാരി എന്ന സത്യത്തിന്റെ കർമപരമായ തെളിവായിരുന്നു. വാളുകളുടെ നിഴലിനുകീഴിലും അവർ പറഞ്ഞത് അല്ലാഹുവിനു മാത്രമേ തങ്ങളെ രക്ഷിക്കാൻ കഴിയൂ എന്നാണ്. (തഫ്സീറെ കബീർ വാള്യം 2, പേജ് 660, 2004 പതിപ്പ്)

അദ്ദേഹം മറ്റൊരിടത്ത് പറയുന്നു:

മുസ്ലിമീങ്ങളുടെ കാതുകളിൽ നബി(സ) തിരുമേനി വഫാത്തായെന്ന ശബ്ദം വന്നലച്ചപ്പോൾ അവർ വേഗംവേഗം അവിടെനിന്ന് തിരിച്ചു. അവർ നബി(സ)തിരുമേനിയുടെ മീതെ വീണുകിടക്കുന്ന മൃതദേഹങ്ങൾ എടുത്തുമാറ്റി. നബി(സ)തിരുമേനി ജീവനോടെയിരിക്കുന്നുവെന്നും ശ്വാസമെടുക്കുന്നുവെന്നും അവർക്ക് മനസ്സിലായി. ആ സമയത്ത് ഏറ്റവുമാദ്യം നബി(സ)തിരുമേനിയുടെ പടത്തൊപ്പിയിൽ തറച്ച ആണിയാണ് അവരെടുത്തുമാറ്റിയത്. ആ ആണി പുറത്തു വരുന്നുണ്ടായിരുന്നില്ല. അവസാനം ഒരു സ്വഹാബി തന്റെ പല്ലുകൾ കൊണ്ടാണ് വലിച്ചെടുത്തത്. അതുകാരണം അദ്ദേഹത്തിന്റെ രണ്ടുപല്ലുകൾ പൊട്ടിപ്പോവുകയും ചെയ്തു. തുടർന്ന് നബി(സ)തിരുമേനിയുടെ മുഖത്ത് വെള്ളം കുടഞ്ഞപ്പോൾ മോഹാലസ്യത്തിൽനിന്ന് ഉണർന്നു. അധിക സ്വഹാബാക്കളും ചിതറിപ്പോയിരുന്നു. ഏതാനും സ്വഹാബാക്കളുടെ സംഘം മാത്രമാണ് നബി(സ)തിരുമേനിയുടെ അടുത്തുണ്ടായിരുന്നത്. അവിടന്ന് അവരോടു പറഞ്ഞു:

'നമുക്കിപ്പോൾ മലയുടെ താഴ്വാരത്ത് പോകേണ്ടതുണ്ട്.'

അങ്ങനെ നബി(സ)തിരുമേനി അവരേയും കൂട്ടി മലയുടെ താഴ്വാരത്തുപോയി. തുടർന്ന് ബാക്കിയുള്ള സൈന്യവും പതിയെപ്പതിയെ ഒരുമിച്ചുകൂടാൻ തുടങ്ങി. കാഫിരീങ്ങളുടെ സൈന്യം മടങ്ങിപ്പോകുമ്പോൾ, നബി(സ)തിരുമേനിയുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് അബൂസുഫ്യാൻ തങ്ങൾ അദ്ദേഹത്തെ വധിച്ചിരിക്കുന്നുവെന്ന് ഉറക്കെ വിളിച്ചുപറഞ്ഞിരുന്നു. സ്വഹാബാക്കൾ മറുപടി പറയാൻ തുനിഞ്ഞെങ്കിലും അവിടന്ന് അവരെ വിലക്കിക്കൊണ്ട് പറഞ്ഞു:

'ഇത് അതിനുള്ള സന്ദർഭമല്ല. നമ്മുടെയാളുകൾ പല ഭാഗത്തേക്കും ചിതറിപ്പോയിരിക്കുകയാണ്. കുറച്ചുപേർ വധിക്കപ്പെട്ടിട്ടുമുണ്ട്. കുറച്ചുപേർക്ക് പരിക്കുംപറ്റിയിരിക്കുന്നു. നമ്മൾ കുറച്ചാളുകളാണ് ഇവിടെയുള്ളത്. മാത്രമല്ല ക്ഷീണവുമുണ്ട്. കാഫിരീങ്ങളുടെ സൈനികബലം മൂവായിരമാണ്. അവർ തികച്ചും സുരക്ഷിതരുമാണ്. ഇത്തരം സന്ദർഭത്തിൽ മറുപടി നൽകുന്നത് ഉചിതമല്ല. അവർ എന്നെ കൊന്നിരിക്കുന്നുവെന്ന് പറയുകയാണെങ്കിൽ പറഞ്ഞുകൊള്ളട്ടെ.'

അങ്ങനെ നബി(സ)തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് അവർ നിശബ്ദരായിരുന്നു. അബൂസുഫ്യാൻ മറുപടിയൊന്നും കിട്ടാതായപ്പോൾ പറഞ്ഞു:

'ഞങ്ങൾ അബൂബക്റിനേയും വധിച്ചിരിക്കുന്നു.'

നബി(സ)തിരുമേനി സ്വഹാബാക്കളോടു വീണ്ടും മറുപടി നൽകരുതെന്ന് പറഞ്ഞ് വിലക്കി. 'അവർ പറയുകയാണെങ്കിൽ പറഞ്ഞുകൊള്ളട്ടെ.' സ്വഹാബാക്കൾ വീണ്ടും മൗനം പാലിച്ചു. അബൂസുഫ്യാൻ ഇത്തവണയും മറുപടിയൊന്നും കിട്ടാതായപ്പോൾ പറഞ്ഞു:

'ഞങ്ങൾ ഉമറിനേയും വധിച്ചിരിക്കുന്നു.'

ഹദ്റത്ത് ഉമർ ക്ഷണത്തിൽ ചൂടാകുന്ന ആളായിരുന്നു. അദ്ദേഹം മറുപടി പറയാൻ തുനിഞ്ഞെങ്കിലും നബി(സ)തിരുമേനി അദ്ദേഹത്തേയും വിലക്കി. പിന്നീടൊരിക്കൽ ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'ഞാൻ പറയാനാഗ്രഹിച്ചത്, നിങ്ങൾ ഉമറിനെ വധിച്ചുവെന്ന് പറയുന്നു. എന്നാൽ, നിങ്ങളുടെ തലതകർക്കാൻ ഉമർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നായിരുന്നു.'

ഏതായാലും നബി(സ)തിരുമേനി മറുപടി പറയുന്നതിൽനിന്ന് അദ്ദേഹത്തെ വിലക്കി. ഒരു മറുപടിയും വരുന്നില്ലെന്ന് കണ്ടപ്പോൾ അബൂസുഫ്യാൻ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. 'ഉഅ്ലു ഹുബൽ, ഉഅ്ലു ഹുബൽ'

അബൂസുഫ്യാൻ വലിയവനാണെന്ന് ധരിച്ചിരുന്ന ദേവതയായിരുന്നു ഹുബൽ. അത് വാഴട്ടെ, ഹുബ്ലിന്റെ പ്രതാപം ഉയരട്ടെ. എന്ന് വിളിച്ചു പറഞ്ഞു. (അതായത് അവസാനം ഞങ്ങളുടെ ഹുബൽ ദേവത മുഹമ്മദ്(സ)നേയും അയാളുടെ കൂട്ടാളികളേയും വധിച്ചുവെന്ന്!).

നബി(സ)തിരുമേനി മറുപടി നല്കുന്നതിൽനിന്ന് സ്വഹാബാക്കളെ വിലക്കിയിരുന്നുവല്ലോ, അതുകൊണ്ട് അവർ നിശബ്ദരായിത്തന്നെയിരുന്നു. എന്നാൽ, തന്റെ മരണത്തിന്റെ വാർത്ത കേട്ടുകൊണ്ടു മൗനം പാലിക്കാനും മറുപടി

നല്കണ്ടെന്നും ഈ സമയത്ത് നമ്മുടെ സൈന്യം ചിതറിപ്പിരിഞ്ഞിരിക്കുകയാണെന്നും അപകടമുണ്ടെന്നും ശത്രു വീണ്ടും ആക്രമണം നടത്തുമെന്നും അതുകൊണ്ട് അവർ പറയുന്നത് കേട്ട് മൗനംപാലിക്കാനും പറഞ്ഞ ആ പരിശുദ്ധ മനുഷ്യന്റെ ചെവികളിൽ ഉഅ്ലു ഹുബൽ ഉഅ്ലു ഹുബൽ ഹുബലിന് ജയ്‌വിളി വന്നലച്ചപ്പോൾ ആ മഹാത്മാവിന്റെ തൗഹീദിന്റെ ആവേശം അലയടിച്ചുയർന്നു. കാരണം ഇപ്പോൾ മുഹമ്മദ്(സ)ന്റേയോ അബൂബക്റിന്റേയോ ഉമറിന്റേയോ പ്രശ്നമല്ലായിരുന്നു. പ്രത്യുത അല്ലാഹുവിന്റെ അന്തസ്സിന്റെ പ്രശ്നമായിരുന്നു. നബി(സ)തിരുമേനി വളരെ ആവേശഭരിതനായി ചോദിച്ചു:

'നിങ്ങളെന്തുകൊണ്ട് മറുപടി നൽകുന്നില്ല?'

സ്വഹാബാക്കൾ ചോദിച്ചു:

'അല്ലാഹുവിന്റെ റസൂലേ! ഞങ്ങളെന്ത് മറുപടിയാണ് നൽകേണ്ടത്?'

അവിടന്ന് പറഞ്ഞു:

'അല്ലാഹു അസ്സവജല്ല, അല്ലാഹു അസ്സവജല്ല എന്ന് പറയുവിൻ.'

അതായത് ഹുബൽ എന്തുവസ്തുവാണ്? അല്ലാഹുവിന്റെ പ്രതാപമാണ് അത്യുന്നതം. അല്ലാഹുവിന്റെ പ്രതാപമാണ് അത്യുന്നതം. ഇത് നബി(സ)തിരുമേനിയുടെ എത്ര മനോഹരമായ തൗഹീദിന്റെ വികാരപ്രകടനമാണെന്ന് നോക്കുക.

നബി(സ)തിരുമേനി മൂന്നുതവണ സ്വഹാബാക്കളെ മറുപടി പറയുന്നതിൽനിന്ന് വിലക്കുകയുണ്ടായി. ഇതിൽനിന്ന്, അവിടന്ന് അപകടത്തെപ്പറ്റി പൂർണമായും ബോധവാനായിരുന്നുവെന്ന് വ്യക്തമാണ്. ഇസ്‌ലാമിക സൈന്യം ചിതറിപ്പിരിഞ്ഞിരിക്കുന്നുവെന്നും വളരെ കുറച്ചുപേർ മാത്രമേ തന്റെ കൂടെയുള്ളൂവെന്നും അധിക സ്വഹാബാക്കൾക്കും പരിക്കുപറ്റിയെന്നും ബാക്കിയുള്ളവർ ക്ഷീണിതരാണെന്നും നബി(സ)തിരുമേനിക്ക് അറിയാമായിരുന്നു. ഇസ്‌ലാമിക സൈന്യത്തിന്റെ ഒരു ഭാഗം ഒരുമിച്ചുകൂടിയിട്ടുണ്ടെന്ന് ശത്രുക്കൾ അറിഞ്ഞാൽ വീണ്ടും അവർ ആക്രമിച്ചെങ്കിലോ എന്ന ആശങ്കയുണ്ടായിരുന്നു. പക്ഷേ, ഇതൊക്കെയായിട്ടും അല്ലാഹുവിന്റെ അന്തസ്സിന്റെ പ്രശ്നമുദിച്ചപ്പോൾ നബി(സ)തിരുമേനിക്ക് നിശബ്ദനായിരിക്കാൻ കഴിഞ്ഞില്ല. ശത്രുക്കൾ മനസ്സിലാക്കിയാലും ഇല്ലെങ്കിലും ശരി, അവർ ആക്രമിക്കുകയും തങ്ങളെ നശിപ്പിക്കുകയും ചെയ്താലും ശരി ഇനി നമുക്ക് നിശബ്ദരായിരിക്കാൻ കഴിയില്ല. അങ്ങനെ നബി(സ)തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു:

'നിങ്ങളെന്താണ് നിശബ്ദരായിരിക്കുന്നത്? എന്തുകൊണ്ട് മറുപടി നൽകുന്നില്ല? പറയുക, അല്ലാഹു അസ്സ വജല്ല, അല്ലാഹു അസ്സ വജല്ല'.(തഫ്സീറെ കബീർ, വാള്യം 10, പേജ് 341-342, 2004 പതിപ്പ്)

ഈ എല്ലാ വിവരണവും അദ്ദേഹം സൂറ കൗഥറിന്റെ വ്യാഖ്യാനത്തിലാണ് വിവരിച്ചിട്ടുള്ളത്. ഇതിന്റെ വിശദീകരണങ്ങൾ വായിക്കണമെങ്കിൽ തഫ്സീർ കബീറിൽനിന്ന് വായിക്കാവുന്നതാണ്. ഇനിയും ഒരുപാട് കാര്യങ്ങളുണ്ട്. വിജ്ഞാന വർധനവിന് അവിടെനിന്ന് എടുക്കാവുന്നതാണ്. അദ്ദേഹം വീണ്ടും ഒരിടത്ത് പറയുന്നു:

മുഹമ്മദ് റസൂലുല്ലാ(സ)യെ വധിക്കാൻ ആഗ്രഹിച്ചിരുന്നവരുടെ പേരുകൾ പറയാനെങ്കിലും ഇന്നാരെങ്കിലുമുണ്ടോ? ഉഹുദിന്റെ മൈതാനത്തിൽ അബൂസുഫ്‌യാൻ ചോദിച്ചു:

'നിങ്ങളിൽ മുഹമ്മദ് ഉണ്ടോ?'

അതിന് മറുപടി കിട്ടാതായപ്പോൾ അയാൾ പറഞ്ഞു:'ഞങ്ങൾ മുഹമ്മദ്(സ)നെ വധിച്ചിരിക്കുന്നു.' വീണ്ടും അയാൾ ഉച്ചത്തിൽ ചോദിച്ചു: 'നിങ്ങളിൽ അബൂബക്ർ ഉണ്ടോ?' അതിനും മറുപടി കിട്ടാതായപ്പോൾ അയാൾ പറഞ്ഞു: 'ഞങ്ങൾ അബൂബക്റിനേയും വധിച്ചിരിക്കുന്നു.'അയാൾ വീണ്ടും ചോദിച്ചു: 'നിങ്ങളിൽ ഉമർ ഉണ്ടോ?' അതിനും മറുപടി കിട്ടാതായപ്പോൾ അയാൾ പറഞ്ഞു: 'ഞങ്ങൾ ഉമറിനേയും വധിച്ചിരിക്കുന്നു.'(ബുഖാരി കിതാബുൽ മഗാസി ബാബു ഗസ് വത്തു ഉഹുദ്)

എന്നാൽ, നിങ്ങൾ ഇന്ന് പോയി ലോകത്തിന്റെ കോണുകളിൽ കാഫിരിങ്ങളുടെ നേതാവായ അബൂജഹ്‌ലിന്റെ പേര് പറഞ്ഞുകൊണ്ട് വിളിക്കുകയും, നിങ്ങളിൽ അബൂജഹ്ൽ ഉണ്ടോ എന്ന് ചോദിക്കുകയും ചെയ്തു നോക്കുവിൻ. പക്ഷേ, നിങ്ങൾക്ക് മുഹമ്മദ് റസൂലുല്ലായുടെ പേരിൽ കോടിക്കണക്കിന് ശബ്ദം ഉയരുന്നത് കാണാൻകഴിയും. ലോകം മുഴുവൻ അതേ, മുഹമ്മദ് റസൂലല്ലാഹ്(സ)ഞങ്ങളിലുണ്ടെന്നും ഞങ്ങൾ ആ മഹാത്മാവിന്റെ പ്രാതിനിധ്യത്തിന്റെ ബഹുമതിയുള്ളവരാണെന്നുമുള്ള ശബ്ദം ഉയരുന്നതാണ്. എന്നാൽ, അബൂജഹ്‌ലിനെ വിളിച്ചാൽ നിങ്ങൾക്ക് ഒരു കോണിൽ നിന്നും ആ ശബ്ദം ഉയരുന്നത് കേൾക്കാൻ കഴിയില്ല. അബൂജഹ്‌ലിന്റെ മക്കൾ ഇന്നും ലോകത്തുണ്ട്. എന്നാൽ, തങ്ങൾ അബൂജഹ്‌ലിന്റെ മക്കളാണെന്ന് പറയാൻ ആർക്കും ധൈര്യമില്ല. ഒരുപക്ഷേ, ഉത്ബയുടേയും ശയ്ബയുടേയും മക്കളും ഇന്ന് ലോകത്തുണ്ടായിരിക്കാം. പക്ഷേ, തങ്ങൾ ഉത്ബയുടേയും ശയ്ബയുടേയും മക്കളാണെന്ന് ആരെങ്കിലും പറയുന്നുണ്ടോ?(തഫ്സീറെ കബീർ, വാള്യം 2, പേജ് 290-291, 2004 പതിപ്പ്)

ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ നാമം മാത്രമാണ് അല്ലാഹു ഉയർത്തിയതും ഉന്നതമായി നിലനിറുത്തിയതും. ഇതുസംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

പ്രവാചകന്മാർക്കുമേൽ ഉണ്ടായിരുന്ന പ്രയാസത്തിലും അല്ലാഹുവിന്റെ ആയിരക്കണക്കിന് രഹസ്യങ്ങളുണ്ട്. നബി(സ)തിരുമേനിക്കുമേൽ അനേകം പ്രയാസങ്ങൾ വന്നിരുന്നു. ഉഹുദ് യുദ്ധത്തിലെ ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനിക്ക് വാളുകൊണ്ടുള്ള എഴുപതു മുറിവുകൾ പറ്റി. മുസ്‌ലിമീങ്ങളുടെ പൊതുവായ അവസ്ഥ കണ്ടപ്പോൾ കാഫിരീങ്ങൾക്ക് വലിയ സന്തോഷമായി. അങ്ങനെ ഒരു കാഫിർ, നബി(സ)തിരുമേനിയും അവിടത്തെ എല്ലാ സ്വഹാബാക്കളും ശഹീദായെന്ന് ഉറപ്പിച്ചുകൊണ്ട് ഉറക്കെ വിളിച്ചു ചോദിച്ചു: 'നിങ്ങളിൽ മുഹമ്മദ്(സ)ജീവിച്ചിരിപ്പുണ്ടോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതിന് മറുപടി നൽകേണ്ട, മൗനമായി ഇരിക്കുവിൻ.' ആ മൗനത്തിൽ അയാൾ സന്തോഷഭരിതനായി. മരിച്ചിട്ടുണ്ടാകും, അതുകൊണ്ടായിരിക്കും മറുപടി വരാത്തതെന്ന് കരുതി. പിന്നെ അതുപോലെ അയാൾ അബൂബക്ർ(റ)നെ പറ്റി ചോദിച്ചു. അപ്പോഴും മറുഭാഗത്ത് മൗനമായിരുന്നു. പിന്നെ അയാൾ ഹദ്റത്ത് ഉമർ(റ)നെ പറ്റി ചോദിച്ചു. ഹദ്റത്ത് ഉമറിന് ക്ഷമിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു:'ഭാഗ്യംകെട്ടവനേ!, എന്താണ് നീ പുലമ്പുന്നത്? എല്ലാവരും ജീവിച്ചിരിപ്പുണ്ട്.' ഇത്തരം കയ്പേറിയ കാര്യങ്ങൾ കാണേണ്ടതും അനിവാര്യമാകുന്നു. പക്ഷേ, അതിന്റെ പരിണിതിയെ പറ്റി നബി(സ)തിരുമേനി പറഞ്ഞു: 'കാഫിരീങ്ങൾ അതിനുശേഷം നമ്മെ ആക്രമിക്കുന്നതല്ല.'

(ഇത് ഒരുപക്ഷേ, ഖന്തഖ് യുദ്ധത്തെപറ്റിയാണ് അദ്ദേഹം പറയുന്നത്. ഉഹുദ് യുദ്ധത്തിനുശേഷം ഖന്തഖ് യുദ്ധമുണ്ടായി. ഇത് മൽഫൂദാത്തിലെ ഉദ്ധരണിയാണ്. ഉദ്ധരണി പകർത്തിയെഴുതുന്നവർക്ക് വിട്ടുപോയതായിരിക്കാം. ഖന്തഖ് യുദ്ധത്തിനുശേഷമാണ് നബി(സ)തിരുമേനി ഇനി അവർ നമ്മെ ആക്രമിക്കുകയില്ലെന്നും മറിച്ച് നമ്മൾ കാഫിരീങ്ങളെ ആക്രമിക്കുമെന്നും പറഞ്ഞത്.) മക്കയിൽനിന്ന് പുറപ്പെടുമ്പോൾ നബി(സ)തിരുമേനിക്ക് എത്രമാത്രം കയ്പ്പുള്ള സമയമായിരുന്നു. (മൽഫൂദാത്ത് വാള്യം 9, പേജ് 266-267, 2022 പതിപ്പ്)

പക്ഷേ, ഇപ്പോൾ അല്ലാഹു അവസ്ഥകൾ മാറ്റിയിരിക്കുന്നു.ഹദ്റത്ത് ഹൻളലയുടെ ശഹാദത്ത് വിവരണവുമുണ്ട്. ഇതേ യുദ്ധത്തിൽ മറ്റൊരു സ്വഹാബിയുടെ ജീവത്യാഗത്തിന്റേയും ധീരതയുടേയും നബി(സ)തിരുമേനിയോടുള്ള അനുരക്തിയിൽ തന്റെ ജീവൻ ത്യജിച്ചതിന്റേയും സംഭവവും ലഭിക്കുന്നുണ്ട്. ഈ സ്വഹാബിയുടെ ഭാര്യ പറയുന്നു: എന്റെ ഭർത്താവ് നബി(സ)തിരുമേനി യുദ്ധത്തിന് പുറപ്പെട്ടു എന്നറിഞ്ഞ സമയത്ത് കുളി നിർബന്ധമായ ഘട്ടത്തിലായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, നബി(സ)തിരുമേനി പുറപ്പെട്ടുവെന്ന വാർത്ത കേട്ടപ്പോൾ വളരെ ധിറുതിപ്പെട്ട് അസ്വസ്ഥനായി അദ്ദേഹവും പുറപ്പെട്ടു. കുളിക്കേണ്ടത് നിർബന്ധമാണെന്ന കാര്യം പോലും ഗൗനിച്ചില്ല. വാളുമെടുത്ത് യുദ്ധമൈതാനത്തേക്ക് പുറപ്പെട്ടു. യുദ്ധത്തിന്നിടയിൽ അദ്ദേഹം ഒരിക്കൽ കാഫിരീങ്ങളുടെ സൈന്യാധിപനായ അബൂസുഫ്‌യാന്റെ മുന്നിലെത്തി. അബൂസുഫ്‌യാൻ കുതിരപ്പുറത്തായിരുന്നു. ഹദ്റത്ത് ഹൻളല(റ)അയാളുടെ കുതിരയെ ആക്രമിച്ച് അതിനു പരിക്കേൽപ്പിച്ചു. അങ്ങനെ അബൂസുഫ്‌യാൻ കുതിരപ്പുറത്തുനിന്നുവീണു. അബൂസുഫ്‌യാൻ വീണ ഉടൻതന്നെ നിലവിളിക്കാൻ തുടങ്ങി. മറുഭാഗത്ത് ഹദ്റത്ത് ഹൻളല(റ)പൊടുന്നനെ വാളുയർത്തുകയും അബൂസുഫ്‌യാനെ അറുക്കാൻ ഒരുങ്ങുകയും ചെയ്തു. പക്ഷേ, അതേസമയത്തുതന്നെ ശദ്ദാദ് ബിൻ ഔസിന്റെ ദൃഷ്ടി അദ്ദേഹത്തിൽ പതിച്ചു. ഒരു മൊഴിയിൽ ശദ്ദാദ് ബിൻ അസ്‌വദ് എന്നാണുള്ളത്. ഇതാണ് ശരിയും. ഏതായാലും ശദ്ദാദ്, ഹദ്റത്ത് ഹൻളല, അബൂസുഫ്‌യാന്റെ നേർക്ക് വാളുയർത്തിയത് കണ്ടപ്പോൾ ക്ഷണത്തിൽ ഹദ്റത്ത് ഹൻളലയെ വാളുകൊണ്ട് ആക്രമിച്ച് അദ്ദേഹത്തെ ശഹീദാക്കി. നബി(സ)തിരുമേനി ഹദ്റത്ത് ഹൻളലയുടെ വധത്തെപ്പറ്റി അറിഞ്ഞപ്പോൾ പറഞ്ഞു: നിങ്ങളുടെ കൂട്ടുകാരൻ ഹൻളലയെ മലക്കുകൾ കുളിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു നിവേദനത്തിലുള്ളത്, ആകാശഭൂമികൾക്കിടയിലെ വെള്ളിപ്പാത്രങ്ങളിൽ വളരെ തെളിഞ്ഞ ശുദ്ധജലംകൊണ്ട് ഹൻളലയെ മലക്കുകൾ കുളിപ്പിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്നു എന്നാണ്. ഹദ്റത്ത് ഹൻളലയുടെ ഭാര്യയുടെ പേര് ജമീല എന്നായിരുന്നു. ഇവർ മുനാഫിഖീങ്ങളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ മകളും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉബയ്യ ബിൻ സുലൂലിന്റെ സഹോദരിയുമായിരുന്നു. ഹദ്റത്ത് ജമീല പറഞ്ഞു: ഹദ്റത്ത് ഹൻളല കുളി നിർബന്ധമായ ഘട്ടത്തിലാണ് യുദ്ധമൈതാനത്തെത്തുന്നത്.നബി(സ)തിരുമേനി ഹദ്റത്ത് ജമീലയുടെ ശബ്ദം കേട്ടപ്പോൾ പറഞ്ഞു: അതുകൊണ്ടാണ് മലക്കുകൾ അദ്ദേഹത്തെ കുളിപ്പിക്കുന്നത്. ഹദ്റത്ത് ഹൻളലയും ഹദ്റത്ത് ജമീലയും തമ്മിലുള്ള വിവാഹത്തിന്റെ ആദ്യരാത്രിയായിരുന്നു അത്. അടുത്ത പ്രഭാതത്തിലാണ് ഉഹുദ് യുദ്ധമുണ്ടായത്.

ഒരു നിവേദനത്തിലുണ്ട്, ഹദ്റത്ത് ജമീല വിവരിച്ചു: പുറപ്പെടുവിൻ എന്നുള്ള വിളംബരം ഹദ്റത്ത് ഹൻളല കേട്ടപ്പോൾ ഉടൻതന്നെ കുളിക്കുകപോലും ചെയ്യാതെ പോകാൻ തയ്യാറായി. ആ ദിവസം രാത്രി ഹദ്റത്ത് ജമീല ഒരു സ്വപ്

നം കണ്ടു, പെട്ടെന്ന് ആകാശത്ത് ഒരു കവാടം തുറക്കപ്പെടുന്നു. അവരുടെ ഭർത്താവ് ഹൻളല ആ കവാടത്തിൽ പ്രവേശിക്കുന്നു. ഉടൻതന്നെ വാതിലടയുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ജമീല, തന്റെ സമുദായത്തിലെ നാല് സ്ത്രീകളോട്, ഹൻളല തന്നോടൊപ്പം സഹശയനം നടത്തിയിട്ടുണ്ടെന്ന് പറഞ്ഞ് സാക്ഷികളാക്കുകയുണ്ടായി. അവരുടെ ഗർഭാവസ്ഥയിൽ ആർക്കും സംശയമുണ്ടാകാതിരിക്കാനാണ് അവർ അങ്ങനെ ചെയ്തത്. ആളുകൾ തെറ്റുധാരണ പരത്തുകയും കഥകൾ മെനയുകയും ചെയ്യാറുണ്ട്. ഇന്നും അങ്ങനെ ആക്ഷേപങ്ങൾ ഉന്നയിക്കുന്ന ആളുകളുണ്ട്. ഏതായാലും ഹദ്റത്ത് ജമീലതന്നെ ഈ സംശയങ്ങൾ ദൂരീകരിക്കാൻ സാക്ഷികളെ ഉണ്ടാക്കി. ഹദ്റത്ത് ജമീല പറയുന്നു: ഞാൻ അങ്ങനെ ചെയ്യാൻ കാരണം ഞാൻ സ്വപ്നത്തിൽ ആകാശത്ത് ഒരു കവാടം തുറക്കുന്നതായും അതിൽ അദ്ദേഹം പ്രവേശിക്കുന്നതായും കണ്ടു. അതുകൊണ്ട് ഹദ്റത്ത് ഹൻളലയുടെ സമയം എത്തിയെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ ആ രാത്രി അദ്ദേഹം മുഖേന ഗർഭിണിയാകുകയും ചെയ്തു. ഇതിലാണ് അബ്ദുല്ലാഹ് ബിൻ ഹൻളല ജനിച്ചത്. ഖുറയ്ശികൾ ഹദ്റത്ത് ഹൻളലയെ വധിച്ചശേഷം മൃതദേഹം വികൃതമാക്കിയില്ല. അതായത് കണ്ണും കാതും മൂക്കും ഛേദിച്ചില്ല. കാരണം അവരുടെ പിതാവ് അബൂ ആമീർ റാഹിബ് ഖുറയ്ശികളുടെ കൂടെയായിരുന്നു.(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 2, പേജ് 327-328, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്ന്റെ ശഹാദത്ത് സംഭവമുണ്ട്. ഹദ്റത്ത് സഅ്ദ് ബിൻ റബീഅ് ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ ശഹീദായി. ഉഹുദ് യുദ്ധ ദിവസം നബി(സ)തിരുമേനി പറഞ്ഞു: എനിക്ക് സഅ്ദ് ബിൻ റബീഅ്നെ പറ്റി ആരാണ് വിവരം നൽകുക? ഒരാൾ പറഞ്ഞു: ഞാൻ. അങ്ങനെ അദ്ദേഹം കൊല്ലപ്പെട്ടവർക്കിടയിൽ തിരയാൻ തുടങ്ങി. ഹദ്റത്ത് സഅ്ദ് അദ്ദേഹത്തെ കണ്ടപ്പോൾ ചോദിച്ചു: എന്താണ് നിങ്ങളുടെ വിശേഷം? അദ്ദേഹം പറഞ്ഞു: എന്റെ റസൂൽകരീം(സ) താങ്കളെ പറ്റി അറിഞ്ഞുവരാൻ താങ്കളുടെ അടുത്ത് എന്നെ അയച്ചതാണ്. ഹദ്റത്ത് സഅ്ദ്(റ)പറഞ്ഞു: നബി(സ)തിരുമേനിയുടെ സന്നിധിയിൽ എന്റെ സലാം പറയുക. കൂടാതെ എനിക്ക് കുന്തംകൊണ്ടുള്ള 12 മുറിവുകൾ പറ്റിയെന്നും, എന്നോട് ഏറ്റുമുട്ടിയവനെ നരകത്തിലേക്ക് അയച്ചെന്നും പറയണം. അതായത് അയാളെ ഞാൻ വധിച്ചിരിക്കുന്നു.എന്റെ ജനതയോടു ഇതു പറയണം, നബി(സ)തിരുമേനി ശഹീദാവുകയും നിങ്ങളിലാരെങ്കിലും ജീവിച്ചിരിക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ സവിധത്തിൽ നിങ്ങളുടെ ഒരു ഒഴികഴിവും സ്വീകരിക്കുകയില്ല. അദ്ദേഹത്തിന്റെ അടുത്ത് പോയത് ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ്(റ) ആണെന്ന് പറയപ്പെടുന്നു. ഹദ്റത്ത് സഅ്ദ്, ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബിനോട് പറഞ്ഞു: എന്റെ സമുദായത്തോട് പറയുക, നിങ്ങളോട് സഅ്ദ് ബിൻ റബീഅ് പറയുന്നു, അല്ലാഹുവിനെ ഭയപ്പെടുവിൻ.

മറ്റൊരു നിവേദനത്തിൽ പറയുന്നു:

'നിങ്ങൾ നബി(സ)തിരുമേനിയോട് അഖബരാത്രി ചെയ്ത ഉടമ്പടി ഓർക്കുക. അല്ലാഹുവാണ! ശത്രുക്കൾ നബി(സ)തിരുമേനിയുടെ അടുക്കലെത്തുകയും അപ്പോൾ നിങ്ങളുടെ ഒരു കണ്ണെങ്കിലും കാഴ്ചയുള്ളതാവുകയുമാണെങ്കിൽ അതായത് നിങ്ങളിലൊരാളെങ്കിലും ജീവനോടെ ഇരിക്കുകയുമാണെങ്കിൽ നിങ്ങളുടെ ഒരുവിധ ഒഴികഴിവും അല്ലാഹുവിന്റെ പക്കൽ സ്വീകരിക്കപ്പെടുകയില്ല.'

അതായത് നിങ്ങൾ നിങ്ങളുടെ ജീവൻ അല്ലാഹുവിന്റെ റസൂലിനും അവന്റെ ദീനിനും വേണ്ടി ത്യജിക്കേണ്ടതാണ്. ഈ വികാരമാണ് സ്വഹാബാക്കൾക്കുണ്ടായിരുന്നത്. അതായത് നമ്മൾ നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ്(റ)പറയുന്നു, ഞാൻ ഹദ്റത്ത് സഅ്ദിന്റെ അടുക്കൽ ഉണ്ടായിരുന്നപ്പോൾത്തന്നെ അദ്ദേഹത്തിന്റെ മരണവും സംഭവിച്ചു. ആ സമയത്ത് അദ്ദേഹം പരിക്കുകളാൽ പരിക്ഷീണനുമായിരുന്നു. ഞാൻ നബി(സ)തിരുമേനിയുടെ സവിധത്തിൽ തിരിച്ചെത്തി. അവിടെയുണ്ടായ സംസാരവും, അദ്ദേഹത്തിന്റെ അവസ്ഥയും ശഹീദായതും പറയുകയുണ്ടായി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ, അദ്ദേഹം ജീവിച്ചിരുന്നപ്പോഴും മരിച്ചശേഷവും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേയും ഗുണകാംക്ഷിയായിരുന്നു.'

ഹദ്റത്ത് സഅ്ദ് ബിൻ റബീഅ്നേയും ഹദ്റത്ത് ഖാരിജ ബിൻ സയ്ദിനേയും ഒരേ ഖബ്റിലാണ് അടക്കം ചെയ്തത്.(അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 396, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അൽഇസ്തീആബ് വാള്യം 2, പേജ് 590-591, ദാറുൽജീൽ ബെയ്റുത്ത്)(ഉസദുൽ ഗാബ, വാള്യം 2, പേജ് 433, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഈ സംഭവം അതായത് ഹദ്റത്ത് സഅ്ദിന്റെ ശഹാദത്ത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ എഴുതുന്നു:

നബി(സ)തിരുമേനിയും രണാങ്കണത്തിൽ ഇറങ്ങിയിരുന്നു. ശുഹദാഇന്റെ മൃതദേഹങ്ങൾ സംരക്ഷിക്കാൻ തുടങ്ങി. ആ സമയത്ത് അതായത് യുദ്ധാവസാനം മുസ്ലിമീങ്ങൾക്ക് മുമ്പിലുണ്ടായിരുന്ന കാഴ്ചകൾ, രക്തത്തിന്റെ കണ്ണീർ പൊഴിക്കാൻ പര്യാപ്തമായിരുന്നു. നബി(സ)തിരുമേനിക്കും പരിക്കേറ്റിരുന്നു. എന്നിട്ടും നബി(സ)തിരുമേനി രണാങ്കണത്തിലെത്തി. ശുഹദാഇന്റെ മൃതദേഹങ്ങൾ സംരക്ഷിക്കാൻ തുടങ്ങി. പറയുന്നു: 70 മുസ്ലിമീങ്ങൾ രക്തവും മണ്ണും പുരണ്ട അവസ്ഥയിൽ യുദ്ധമൈതാനത്ത് കിടന്നിരുന്നു. അത് അറബികളുടെ മൃഗീയ ആചാരമായ മൃതദേഹങ്ങൾ വികൃതമാക്കുന്ന ഭയാനകമായ ദൃശ്യമാണ് കാണിച്ചുതന്നിരുന്നത്. അവരുടെ അവയവങ്ങൾ ഛേദിക്കുകയും അവരുടെ രൂപങ്ങൾ വികൃതമാക്കുകയും ചെയ്തിരുന്നു. ഈ വധിക്കപ്പെട്ടവരിൽ കേവലം 6 മുഹാജിരീങ്ങളും മറ്റുള്ളവരെല്ലാം അൻസ്വാറുമായിരുന്നു. ഖുറയ്ശികളിൽ വധിക്കപ്പെട്ടവരുടെ എണ്ണം 23 ആയിരുന്നു. നബി(സ)തിരുമേനി തന്റെ പിതൃവ്യനും, മുലകുടിബന്ധത്തിലെ സഹോദരനുമായ ഹംസത്ത് ബിൻ അബ്ദുൽ മുത്വലിബിന്റെ മൃതദേഹത്തിനടുത്തെത്തിയപ്പോൾ അസ്വസ്ഥനായി നിന്നു. കാരണം അബൂ സുഫ്യാന്റെ ഭാര്യ, ദ്രോഹിയായ ഹിന്ദ് അദ്ദേഹത്തിന്റെ മൃതദേഹത്തെ വളരെ മോശമായ രീതിയിൽ വികൃതമാക്കിയിരുന്നു. കുറച്ചുനേരം നബി(സ)തിരുമേനി നിശബ്ദനായി നിന്നു. നബി(സ)തിരുമേനിയുടെ മുഖത്ത് ദുഃഖവും ദ്വേഷവും പ്രകടമായിരുന്നു. വന്യമൃഗങ്ങൾക്ക് സമാനരായി മക്കക്കാരോട് അതേനിലയിൽ പെരുമാറിയില്ലെങ്കിൽ അവർക്ക് ബോധം വരുന്നതല്ലന്നതിലേക്കും ഒരു നിമിഷം നബി(സ)തിരുമേനി ചിന്തിക്കാതിരുന്നില്ല. പക്ഷേ, നബി(സ)തിരുമേനി ആ ചിന്ത ഒഴിവാക്കി, ക്ഷമ കൈക്കൊള്ളുകയും ചെയ്തു. തുടർന്ന് നബി(സ)തിരുമേനി മൃതദേഹങ്ങളെ വികൃതമാക്കുന്ന ആചാരത്തെ, അവയവങ്ങൾ ഛേദിച്ചുകൊണ്ട് നടത്തുന്ന ആചാരത്തെ ഇസ്ലാമിൽ എന്നെന്നേക്കുമായി നിരോധിച്ചുകൊണ്ട് പറഞ്ഞു: "ശത്രുക്കൾ എന്തുതന്നെ ചെയ്താലും നിങ്ങൾ അവരുടെ മൃഗീയ സ്വഭാവത്തിൽനിന്ന് വിട്ടു നിൽക്കുകയും നന്മയുടേയും ഔദാര്യത്തിന്റേയും മാർഗം അവലംബിക്കുകയും ചെയ്യേണ്ടതാണ്.അദ്ദേഹം തുടർന്നെഴുതുന്നു: ഖുറയ്ശികൾ മറ്റുള്ള സ്വഹാബാക്കളുടെ മൃതദേഹത്തോടും ഇങ്ങനെതന്നെയാണ് പെരുമാറിയത്. നബി(സ) തിരുമേനിയുടെ പിതൃസഹോദരിപുത്രനായ അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ മൃതദേഹവും വളരെ മോശമായരീതിയിൽ വികൃതമാക്കിയിരുന്നു.നബി(സ)തിരുമേനി ഓരോരോ മൃതദേഹത്തിന്റെ അടുക്കലെത്തുമ്പോഴും അവിടത്തെ പരിശുദ്ധമായ മുഖത്ത് ദുഃഖവും സങ്കടവും കൂടുതലായിക്കൊണ്ടിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ., പേജ് 500)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ ശുഹദാഇന്റെ ത്യാഗത്തേയും സഅ്ദ് ബിൻ റബീഅ് അൻസ്വാരിക്ക് നബി(സ)തിരുമേനിയോടുണ്ടായിരുന്ന സ്നേഹാതിരേകത്തേയും വിവരിച്ചുകൊണ്ടു പറയുന്നു:

ഉഹുദ് യുദ്ധത്തിലെ ഒരു സംഭവമാണ്. യുദ്ധത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബിനോട് പരിക്കേറ്റവരുടെ അവസ്ഥ എന്താണെന്ന് അറിഞ്ഞുവരാൻ പറഞ്ഞയച്ചു. അദ്ദേഹം അവരെ കണ്ടുകണ്ട് ഹദ്റത്ത് സഅ്ദ് ബിൻ റബീഅന്റെ അടുക്കലെത്തി. അദ്ദേഹത്തിന് നല്ലപോലെ പരിക്കേറ്റിരുന്നു. അവസാനശ്വാസത്തിലുമായിരുന്നു. അദ്ദേഹത്തോട് ചോദിച്ചു: വേണ്ടപ്പെട്ടവർക്കും കുടുംബക്കാർക്കും വല്ല സന്ദേശവുമുണ്ടെങ്കിൽ എന്നോടു പറയുക. ഹദ്റത്ത് സഅ്ദ്(റ)പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: ഏതെങ്കിലും മുസ്ലിമീങ്ങൾ ഇവിടെ വന്നാൽ സന്ദേശം നൽകാമെന്ന് കരുതി ഞാൻ കാത്തിരിക്കുകയായിരുന്നു. നിങ്ങൾ എന്റെ കൈയിൽ കൈ വെച്ചുകൊണ്ട് എന്റെ സന്ദേശം തീർച്ചയായും എത്തിക്കുമെന്ന് എന്നോട് വാഗ്ദാനം ചെയ്യുക. ഇത്തരമൊരവസ്ഥയിലും തന്റെ കൈയിൽ കൈ വെക്കാൻ പറയുന്നതിനുള്ള ബോധം അദ്ദേഹത്തിനുണ്ടായിരുന്നു. ഉറച്ച വാഗ്ദാനത്തിന് തന്റെ സന്ദേശം എത്തിക്കുന്നതിനുള്ള ഒരു ബാഹ്യമായ രീതിയായിരുന്നു അത്. തുടർന്ന് അദ്ദേഹം സന്ദേശം നൽകിയത് ഇപ്രകാരമാണ്: എന്റെ സഹോദരങ്ങളായ മുസ്ലിമീങ്ങൾക്ക് എന്റെ സലാം പറയുക. എന്റെ സമുദായത്തോടും എന്റെ ബന്ധുക്കളോടും ഇങ്ങനെ പറയണം; നബി(സ)തിരുമേനി നമ്മുടെ പക്കൽ അല്ലാഹുവിന്റെ ഏറ്റവും നല്ല സൂക്ഷിപ്പുമുതലാകുന്നു. ഞങ്ങൾ ഞങ്ങളുടെ ജീവൻകൊണ്ട് ഈ അമാനത്തിനെ സംരക്ഷിച്ചുപോന്നു. ഇനി ഞങ്ങൾ പോകുകയാണ്. ഈ അമാനത്തിന്റെ സംരക്ഷണം നിങ്ങളെ ചുമതലപ്പെടുത്തുന്നു. നിങ്ങൾ ഈ അമാനത്തിന്റെ സംരക്ഷണത്തിൽ ദൗർബല്യം കാണിക്കരുത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു:

നോക്കുക! മരിക്കാൻ പോവുകയാണെന്ന് അറിയുമ്പോൾ എന്തെന്തെല്ലാം ചിന്തകളാണ് ഒരാളുടെ മനസ്സിൽ വരിക? തന്റെ ഭാര്യക്ക് എന്താകുമെന്നും തന്റെ മക്കളെ ആര് സംരക്ഷിക്കുമെന്നുമൊക്കെയാണ് ചിന്തിക്കുക. എന്നാൽ, ആ സ്വഹാബി അത്തരത്തിലുള്ള ഒരു സന്ദേശവും നൽകിയില്ല. ഇത്രമാത്രം പറഞ്ഞു: ഞാൻ നബി(സ)തിരുമേനിയെ സംര

ക്ഷിച്ചുകൊണ്ട് ഈ ലോകത്ത് നിന്ന് പോവുകയാണ്. നിങ്ങളും ഇതേ മാർഗത്തിൽ ഞങ്ങളുടെ പിന്നിൽ വരണം. അവരുടെ ഉള്ളിലുണ്ടായിരുന്ന ഈ വിശ്വാസദാർഢ്യം കൊണ്ടുതന്നെയാണ് അവർ ഈ ലോകത്തെ അടിമേൽ മറിച്ചത്. ഇവർ ഖയ്സറിന്റേയും കിസ്റായുടേയും സിംഹാസനങ്ങൾ മറിച്ചിട്ടു. ഇവർ ആരാണെന്ന കാര്യത്തിൽ റോമിലെ ഖയ്സർ ആശ്ചര്യപ്പെട്ടു. കിസ്റാ തന്റെ സൈന്യാധിപന് ഇങ്ങനെ എഴുതി: നിങ്ങൾക്ക് അറബികളെപോലും പരാജയപ്പെടുത്താൻ കഴിയില്ലെങ്കിൽ തിരിച്ചുവന്ന് വീട്ടിൽ കൈയിൽ വളകളിട്ട് ഇരുന്നുകൊള്ളുവിൻ. അതായത് സ്ത്രീകളെപോലെ വീട്ടിൽ ഇരിക്കുക. യുദ്ധം ചെയ്യാൻ എന്തിനാണ് പോകുന്നത്? രാജാവ് തന്റെ ജനറലിനോട് പറഞ്ഞു: ഇവർ മാലിന്യം തിന്നുന്നവരാണ്. ഇവരേയും നിങ്ങൾക്ക് തടയാൻ കഴിയുന്നില്ലേ?അതായത് ഒന്നിനും കൊള്ളരുതാത്ത ഭക്ഷണം കഴിക്കുന്നവരാണ്. അയാൾ പറഞ്ഞു: ഇവർ മനുഷ്യന്മാരാണെന്ന് തോന്നുന്നില്ല. കമാന്റർ പറഞ്ഞു: ഇത് മറ്റെന്തോ ഭയങ്കരന്മാരാണ്. ഇവർ വാളുകൾക്കും അമ്പുകൾക്കും മീതെ ചാടിക്കടന്ന് വരുന്നവരാണ്.(തഫ്സീറെ കബീർ, വാള്യം 7, പേജ് 338, 2004 പതിപ്പ്)

ഇതേ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)മറ്റൊരു വീക്ഷണകോണിലൂടെ ഇങ്ങനെ വിവരിക്കുന്നു:

ഉഹുദ് യുദ്ധം കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി ഒരു സ്വഹാബിയെ പരിക്കേറ്റവരെ ശുശ്രൂഷിക്കാൻവേണ്ടി പറഞ്ഞയച്ചു. അദ്ദേഹം ഒരു അൻസ്വാരി സഹാബിയെ വളരെ പ്രയാസകരമായ അവസ്ഥയിൽ കാണുകയുണ്ടായി. അദ്ദേഹത്തിന്റെ അടുക്കലെത്തി പറഞ്ഞു:സഹോദരാ! നിങ്ങൾക്ക് വല്ല സന്ദേശവും തരാനുണ്ടെങ്കിൽ എന്നോടു പറയുക. ഞാൻ താങ്കളുടെ ബന്ധുമിത്രാദികൾക്കെത്തിക്കാം. അദ്ദേഹം മറുപടിയായി പറഞ്ഞു: ബന്ധുക്കൾക്ക് ഒരു സന്ദേശം കൊടുക്കാൻവേണ്ടി ഞാൻ മദീനക്കാരനായ ആരെയെങ്കിലും പ്രതീക്ഷിക്കുകയായിരുന്നു. നിങ്ങളെ കണ്ടുമുട്ടിയത് നന്നായി. കൈനീട്ടു, എന്റെ സന്ദേശം എന്റെ കുടുംബത്തിലെത്തിക്കുമെന്ന് എന്നോട് വാഗ്ദാനം ചെയ്യുക. അദ്ദേഹം കൈകൊടുത്തുകൊണ്ട് താങ്കളുടെ സന്ദേശം തീർച്ചയായും എത്തിക്കാമെന്ന് വാക്കുകൊടുത്തു. അപ്പോൾ പരിക്കേറ്റ ആ സ്വഹാബി പറഞ്ഞു:എന്റെ ബന്ധുമിത്രാദികളോടു പറയുക, മുഹമ്മദ് റസൂലുല്ലാഹ്(സ) നമ്മുടെ ജനതയിലെ ഏറ്റവും നല്ല ഖജനാവാകുന്നു. അദ്ദേഹം നമ്മുടെ അടുക്കലുള്ള സാമൂഹിക അമാനത്ത് (വിശ്വസ്ത മുതൽ) ആകുന്നു. നിങ്ങളുടെ ഹൃദയത്തിലും ഈ വിലപിടിപ്പുള്ള മുതലിന് ശരിയായ മതിപ്പുണ്ടാകുമെന്ന് എനിക്കു റപ്പുണ്ട്. എങ്കിലും ഒരു സന്ദേശം നിങ്ങൾക്ക് നൽകാൻ ഞാനാഗ്രഹിക്കുന്നു. അതായത് ഞങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം ഈ അമാനത്തിൽ വിശ്വാസവഞ്ചന കാണിച്ചിട്ടില്ല. അതിന്റെ സംരക്ഷണത്തിൽ സകലശക്തിയും ചെലുത്തുകയുണ്ടായി. ഇപ്പോൾ ഞങ്ങൾ മരിക്കുകയാണ്. ഞങ്ങൾക്കു പിന്നിൽ ഈ അമാനത്ത് വിട്ടുകൊണ്ടാണ് ഞങ്ങൾ പോകുന്നത്. ഞാൻ എന്റെ മക്കളോടും സഹോദരന്മാരോടും അവരുടെ മക്കളോടും പ്രത്യാശിക്കുന്നത് അവർ തങ്ങളുടെ ജീവനേക്കാളധികം ഈ പരിശുദ്ധ അമാനത്തിനെ സംരക്ഷിക്കുമെന്നും അക്കാര്യത്തിൽ ഒരുവിധ വീഴ്ചയും വരുത്തുകയില്ലെന്നുമാണ്.(തഫ്സീറെ കബീർ, വാള്യം 10, പേജ് 185, 2004 പതിപ്പ്)

മറ്റൊരിടത്ത് ഇതിനെ ഇങ്ങനെ വിവരിച്ചു:

ഒരു അൻസ്വാരി നേതാവ് പരിക്കേറ്റ് കിടക്കുകയായിരുന്നു. അദ്ദേഹം ഏതാനും മിനിറ്റുകൾക്കകം വഫാത്താകുമെന്ന അവസ്ഥയിലായിരുന്നു. ഒരു സ്വഹാബി അന്വേഷിച്ച് അദ്ദേഹത്തിന്റെ അടുക്കലെത്തി. അവിടെയിരുന്ന് അദ്ദേഹത്തിന്റെ വിശേഷങ്ങൾ ചോദിച്ചുകൊണ്ട് പറഞ്ഞു: എന്തെങ്കിലും സന്ദേശം തന്റെ ഭാര്യമക്കൾക്കോ, ബന്ധുമിത്രാദികൾക്കോ നൽകാനുണ്ടെങ്കിൽ തന്നുകൊള്ളുക. അദ്ദേഹം പറഞ്ഞു: ഞാൻ ഏതെങ്കിലും മുസ്ലിം വന്നെങ്കിൽ, അദ്ദേഹം മുഖേന സന്ദേശമയക്കാമെന്ന പ്രതീക്ഷയിലായിരുന്നു. അവിടന്ന്(റ)പറയുന്നു: മരണസമയത്ത് വീട്ടിലാണെങ്കിൽപോലും അതെത്രമാത്രം കഠിനതരമായിരിക്കുമെന്ന് എല്ലാവർക്കുമറിയാം. മനുഷ്യൻ മരിക്കുന്ന സമയത്ത് വീട്ടിലാണെങ്കിലും അത് വളരെ കഠിനമായ സമയമായിരിക്കും. മരിക്കുന്ന ആളും അല്പം സമയം കിട്ടിയൽ ഭാര്യാമക്കളോടും സഹോദരീസഹോദരന്മാരോടും എന്തെങ്കിലും പറയാമെന്നും എന്തെങ്കിലും വസ്വിയ്യത്ത് ചെയ്യാമെന്നും ആഗ്രഹിക്കുന്നതാണ്. എന്നാൽ, ആ സ്വഹാബി ഭാര്യാമക്കളുടെ അടുക്കൽ അല്ലായിരുന്നു. വീട്ടിൽ കിടക്കുകയുമല്ലായിരുന്നു. ഏതെങ്കിലും ആശുപത്രിയിലെ മൃദുവായ മെത്തയിൽ കിടക്കുകയുമായിരുന്നില്ല. മറിച്ച് തരിശായ ഭൂമിയിലാണ് കിടന്നിരുന്നത്. അത്തരം ഒരവസ്ഥയിലും അദ്ദേഹം തന്റെ ഭാര്യാമക്കൾക്ക് സലാം പറയണമെന്നോ മക്കളെ നല്ലവണ്ണം നോക്കണമെന്നോ തന്റെ സ്വത്തുക്കൾ ഇന്നരീതിയിൽ വീതിക്കണമെന്നോ ഇന്നയിന്ന സ്ഥലത്ത് തന്റെ സമ്പത്തുള്ളത് എടുക്കണമെന്നോ അല്ല പറഞ്ഞത്. (അദ്ദേഹം നേതാവായിരുന്നല്ലോ). പ്രത്യുത പറഞ്ഞത് ഇതായിരുന്നു:എന്റെ കുട്ടികൾക്കും എന്റെ സഹോദരങ്ങൾക്കും എന്റെ ഈ സന്ദേശം നല്കണം. മുഹമ്മദു റസൂലുല്ലാഹി(സ)നിങ്ങളുടെ അടുത്ത് വിലപിടിച്ച അമാനത്താണ്. എന്നിൽ ജീവനുളളിടത്തോളം അത് ത്യാഗം ചെയ്തുകൊണ്ടും ഈ അമാനത്ത് സംരക്ഷിച്ചിരിക്കുന്നു. ഇനി എന്റെ പ്രിയപ്പെട്ട സഹോദരങ്ങളോടും കുട്ടികളേടും എന്റെ അവസാന സമയത്തെ വസ്വിയ്യത്ത് ഇതാണ്, അവരും തങ്ങളുടെ ജീവനോടുകൂടി ഈ അമാനത്ത് സംരക്ഷിക്കുക. ഇതു പറഞ്ഞുകൊണ്ട് അദ്ദേഹ ജീവൻ വെടിഞ്ഞു.(ഖുത്വ് ബാത്തെ മഹ്മൂദ്, വാള്യം 23, പേജ് 45-46, ഖുത്ബ ജുമുഅ 30-1-1942)

ഇത്തരത്തിലുള്ള റസൂലിന്റെ പ്രേമികളുടെ പ്രകടനം കാണുമ്പോൾ മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. അല്ലാഹു നമ്മുടെ ഉള്ളിലും ഇത്തരത്തിലുള്ള ഇശ്ഖെ റസൂലിന്റെ ആത്മാവുണ്ടാക്കുമാറാകട്ടെ. ഇത്തരം ചിന്തയുണ്ടാകുമ്പോൾ അല്ലാഹുവുമായുള്ള ബന്ധത്തിലും നമ്മൾ വളരുന്നതായിരിക്കും. നമ്മുടെ ഉള്ളിലുള്ള ദൗർബല്യങ്ങൾ അകറ്റാനും യഥാർഥത്തിൽ ശ്രമിക്കുന്നതായിരിക്കും. ശരിയായ ഇസ്ലാമിക വർണം നമ്മുടെ ഇബാദത്തുകളിലും സ്വഭാവങ്ങളിലും നമ്മുടെ പെരുമാറ്റങ്ങളിലുമുണ്ടാക്കുക. അല്ലാഹു നമുക്കതിന് തൗഫീഖു നല്കുമാറാകട്ടെ.

കുറച്ചു പരേതാത്മക്കളേയും ഞാൻ അനുസ്മരിക്കുകയാണ്. അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ അനുസ്മരണം യമനിലെ ഡോക്ടർ മൻസ്വൂർ ശബൂത്തി സാഹിബിന്റേതാണ്. മൻസ്വൂർ ശബൂത്തി സാഹിബ് യമനിലെ അസീറാനെ രാഹെ മൗലാ ആയിരുന്നു. അഹ്മദിയ്യത്ത് കാരണത്താൽ അദ്ദേഹം അവിടെ പിടിക്കപ്പെട്ടു. തടവിൽ കഴിയുന്നതിനിടെ ജനുവരി 26 ന് 63-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം തടവിലായിരുന്നു. അഹ്മദിയ്യത്ത് കാരണത്താലാണ് അദ്ദേഹം തടവിലാക്കപ്പെട്ടത്. അവിടെ ശരിയായ നിലയിലുള്ള ചികിത്സയും കിട്ടിയില്ല. തെറ്റായ പെരുമാറ്റവും അദ്ദേഹത്തോടുണ്ടായിട്ടുണ്ടാകും. എന്തായാലും നമുക്കു കിട്ടിയ വിശദീകരണം കുറവോ കൂടുതലോ ആയിരിക്കാം. തടവിൽ കഴിയവെയാണ് അദ്ദേഹം വഫാത്തായത്. അതുകൊണ്ട് ഇദ്ദേഹം യമനിലെ ആദ്യത്തെ അഹ്മദി ശഹീദാണ്.

പരേതന്റെ സന്തപ്ത കുടുംബത്തിലുള്ള വൃദ്ധയായ മാതാവിനേയും ഭാര്യയേയും കൂടാതെ ആൺമക്കളായ അയ്മനേയും ബിലാലിനേയും വിട്ടേച്ചാണ് പോയത്. മർഹൂമിന്റെ സഹോദരൻ നാസിർ ശബൂത്തി ഇവിടെ ലണ്ടനിൽ താമസിക്കുന്നു. അദ്ദേഹം പറയുന്നു: ഇദ്ദേഹത്തിന്റെ മയ്യിത്ത് ഫെബ്രുവരി 1-ാം തിയതി അദ്ദേഹത്തിന്റെ മകനെ ഏൽപിച്ചു. അവിടെ അഹ്മദികളെല്ലാം തടവിലാണ്. ഏറെക്കുറേ എല്ലാ അഹ്മദി പുരുഷന്മാരേയും അവിടെ അവർ പിടികൂടിയിരിക്കുകയാണ്. അതുകൊണ്ട് അനഹ്മദികളാണ് ജനാസ നമസ്കരിച്ച് ഖബറടക്കിയത്.

നാസിർ ശബൂത്തി സാഹിബ് പറയുന്നു: അദ്ദേഹത്തിന്റെ പിതാമഹൻ മുഹമ്മദ് ഉദ്മാനി ശബൂത്തി സാഹിബാണ് യമനിലെ ആദ്യത്തെ യമനിയൻ അഹ്മദി. ഡോക്ടർ മൻസ്വൂർ ശബൂത്തി സാഹിബിന്റെ പിതാവ് മഹ്മൂദ് അബ്ദുല്ലാഹ് ശബൂത്തി സാഹിബ് യമനിലെ ആദ്യത്തെ ശാഹിദ് (ഡിഗ്രി എടുത്ത) മുറബ്ബിയാകുന്നു. മർഹൂമിന്റെ മാതാവ് ശാഹ് റുഖ് നസ്റീൻ സാഹിബ റബ്വയിലെ സയ്യിദ് ബശീർ അഹ്മദ് ശാഹ് സാഹിബിന്റേയും ഫർഖ് ഖാനം സാഹിബ റബ്വയുടേയും മകളാകുന്നു. ഫറഖ് ഖാനം സാഹിബ ജുനൂദ് ഫാമിലിയിൽപ്പെട്ടവരാണ്. അവർക്ക് തന്റെ മാതാവ് ഹലീമ ബാനൂ സാഹിബയോടും സഹോദരൻ സയ്യിദ് ഹാജി ജുനൂദുല്ലാഹ് സാഹിബിനോടുമൊപ്പം നബി(സ)തിരുമേനിയുടെഇമാം മഹ്ദി വന്നാൽ മഞ്ഞിൽ മുട്ടുകുത്തിയാണെങ്കിലും ചെന്ന് ബയ്അത്ത് ചെയ്യണം എന്ന നിർദേശം പ്രാവർത്തികമാക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. ഇവർ കാശഗറിൽനിന്ന് മഞ്ഞുമലയിലൂടെ നടന്ന് ഖാദിയാനിലെത്തി ബയ്അത്ത് ചെയ്യുകയുണ്ടായി. മൻസ്വൂർ ശബൂത്തി സാഹിബിന്റെ മാതാവ് ഈ കുടുംബത്തിൽപെട്ടവരായിരുന്നു. അവരുടെ മാതാമഹിയും മഞ്ഞുമല കയറി വന്നവരിൽപ്പെടുന്നു. ശഹാദത്ത് സംഭവത്തെ പറ്റി അദ്ദേഹത്തിന്റെ മകൻ ബിലാൽ ശബൂത്തി സാഹിബ് എഴുതുന്നു: സെക്യൂരിറ്റി ഫോർസുകാർ ഞങ്ങളുടെ വീട്ടിൽ അതിക്രമിച്ചു കയറി. പിതാവിനെ തള്ളുകയും നെഞ്ചിൽ തോക്ക് വെക്കുകയും ചെയ്തു. പിന്നെ എന്നേയും പിതാവിനേയും കൊണ്ടുപോകാൻ ഒരുങ്ങിയപ്പോൾ പിതാവ് പറഞ്ഞു: എന്നെ വേണമെങ്കിൽ കൊന്നുകൊള്ളുക. പക്ഷേ, എന്റെ മകനെ കൊണ്ടുപോകരുത്. അനഹ്മദികൾ അദ്ദേഹത്തിന്റെ ജനാസ നമസ്കരിച്ചപ്പോൾ അദ്ദേഹത്തിന്റെ 16 വയസ്സുള്ള ഈ മകൻ മാത്രമേ അഹ്മദിയായി ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ജനാസയിൽ പങ്കെടുക്കുകയുണ്ടായി. മറ്റൊരു അഹ്മദി പുരുഷനുമുണ്ടായിരുന്നില്ല. ഏതായാലും തുടർന്നു പറയുന്നു: അവർ പിതാവിന്റെ കൈയിൽനിന്ന് പണം തട്ടിപ്പറിച്ചെടുത്തു. അവർ പറഞ്ഞു: നിങ്ങൾക്ക് പുറത്തുനിന്ന് ആരോ പണം അയക്കുന്നുണ്ട്. പി

താവ് പറഞ്ഞു: എനിക്ക് പുറത്തുനിന്ന് ആരും പണമൊന്നും അയക്കാറില്ല. ഇത് എന്റെ അധ്വാനവും സമ്പാദ്യവുമാണ്.

ഇത്തരം തെറ്റായധാരണ എല്ലായിടത്തും അഹ്മദികൾക്കെതിരിൽ നാമമാത്ര പണ്ഡിതന്മാർ ഉണ്ടാക്കിയിട്ടുണ്ട്. അതായത് നഊദുബില്ലാഹ്, നമ്മൾ പാശ്ചാത്യ ശക്തികളുടെ പൈസ തിന്നുന്നവരാണെന്ന്! ഇവരുടെ ഇസ്‌ലാമിന്നെതിരിൽ നമ്മുടെ അജണ്ടയാണുപോലും! വാസ്തവത്തിൽ അഹ്മദികൾ സ്വയം സാമ്പത്തികത്യാഗം ചെയ്തുകൊണ്ട് ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് പരത്തുകയും മനുഷ്യകുലത്തെ സേവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഏതായാലും ഇതിന്റെ ബാക്കി വിശദീകരണങ്ങൾ നീണ്ടതാണ്.

ഇതിനുശേഷം ഞാൻ അദ്ദേഹത്തിന്റെ ഭാര്യയുടെ വിവരണം-അവർ എനിക്കയച്ച സന്ദേശമാണ് വിവരിക്കാം. ഇവർ പറയുന്നു: തടവറയിലാക്കിയവർ എന്റെ ഭർത്താവിനെ തടവറയിൽവെച്ച സ്ഥലം എനിക്ക് കാണിച്ചുതന്നിട്ട് പറഞ്ഞു: എന്റെ ഭർത്താവ് തന്റെ മുറിയിൽ അധികവും നമസ്കാരത്തിലും നഫലുകളിലും കരയുമായിരുന്നു. അവർ വീണ്ടും പറഞ്ഞു: ഡോക്ടർ സാഹിബിനെ അറസ്റ്റ് ചെയ്യാൻ കാരണം, ഡോക്ടർ സാഹിബിന് ബ്രിട്ടനിൽനിന്ന് പണം വരുന്നുണ്ടെന്നും അത് അവർ യമനിൽ മിലിഷ്യ ഫോർസസ് തയ്യാറാക്കാൻ ചെലവഴിക്കുകയാണെന്നും അറിയിച്ചതാണ്. ഇത് വെറും വ്യാജാരോപണമാണ്. അന്വേഷണത്തിൽ അത് തെറ്റാണെന്ന് തെളിഞ്ഞു. ഞങ്ങൾ അദ്ദേഹത്തെ മോചിപ്പിക്കാനിരുന്നതാണ്. അസ്വസ്ഥത കാരണം അദ്ദേഹത്തിന്റെ ആരോഗ്യം മോശമാവുകയാണുണ്ടായത്. ഏതായാലും ഇത് അവരുടെ വിവരണമാണ്. അത് അവർ അദ്ദേഹത്തിന്റെ ഭാര്യയോട് പറഞ്ഞതാണ്. ഒരുപക്ഷേ, ഹൈക്കമാന്റിന്റെ നിലപാട് മറ്റൊന്നായിരിക്കാം. അടിത്തട്ടിലുള്ളവർ കൂടുതൽ താന്തോന്നിത്തരം കാണിക്കുന്നവരാണ്. അവരുടെ കാഠിന്യം നിമിത്തം അദ്ദേഹത്തിന്റെ ആരോഗ്യത്തെ അത് ബാധിച്ചതാകാം.

എന്തായാലും സഹോദരൻ നാസിർ ശാബൂത്തി സാഹിബ് അദ്ദേഹത്തിന്റെ ചരിത്രം വിവരിച്ചുകൊണ്ട് പറയുന്നു: ഞങ്ങളുടെ സഹോദരൻ മൻസ്വൂർ ശബൂത്തി വളരെ കരുണയുള്ളയാളും, ഗുണകാംക്ഷിയായ സഹോദരനുമായിരുന്നു. പഠനത്തിൽ വളരെ സമർഥനും, രാജ്യത്തിലെ ആദ്യത്തെ 10 വിദ്യാർഥികളിൽപെട്ട ആളുമായിരുന്നു. ഇദ്ദേഹത്തിന് സർക്കാർ അവാർഡും നൽകിയിരുന്നു. അഞ്ചുനേര നമസ്കാരങ്ങളിലും തഹജ്ജുദിലും കൃത്യനിഷ്ഠയും, ഫജ്റിനുശേഷം കൃത്യമായി വിശുദ്ധഖുർആൻ ഓതുകയും ചന്ദകളിൽ കൃത്യനിഷ്ഠ പുലർത്തുകയും ചെയ്തിരുന്നു. ബന്ധുക്കൾക്ക് മുമ്പേ മറ്റുള്ളവരുടെ ചികിത്സ നടത്തുകയും സഹായിക്കുകയും ചെയ്തിരുന്നു. രോഗികളോട് എപ്പോഴും ചിരിച്ചുകൊണ്ടാണ് സംസാരിച്ചിരുന്നത്. ദരിദ്രരായ രോഗികളിൽനിന്ന് ഒരു പൈസയും വാങ്ങിയിരുന്നില്ല. സൗജന്യമായി മരുന്നുകളും നൽകിയിരുന്നു. ഇനി ആരെയെങ്കിലും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടിവന്നാൽ അതിനും സഹായിച്ചിരുന്നു. സാധുക്കളുടെ ഓപ്പറേഷൻ വേണ്ടിവന്നാൽ തന്റെ ശമ്പളത്തിൽനിന്ന് ഓപ്പറേഷൻ ഫീസ് ഒഴിവാക്കിയിരുന്നു. പറയുന്നു: ഞങ്ങളുടെ അയൽപക്കത്ത് ആരെങ്കിലും എപ്പോൾ രോഗിയായാലും സഹോദരന്റെ അടുക്കലാണ് ചികിത്സക്ക് വന്നിരുന്നത്. അദ്ദേഹം അടുത്ത പട്ടണമായ സ്വൻആയിലേക്ക് പോയപ്പോൾ അയൽവാസികൾക്ക് വലിയ സങ്കടമായിരുന്നു. മാതാപിതാക്കളോട് നല്ല നിലയിൽ പെരുമാറിയിരുന്നു. അവരെക്കൊണ്ട് ഹജ്ജ് ചെയ്യിക്കുകയും ചെയ്തു.

ഡോക്ടർ സാഹിബിന്റെ മാതാവ് ശാഹ് റുഖ് നസ്റീൻ സാഹിബ പറയുന്നു: ഞാൻ ഗർഭിണിയായിരുന്നപ്പോൾ ഒരു സ്വപ്നം കണ്ടിരുന്നു. റബ്‌വയിൽ സയ്നബ് എന്നു പേരുള്ള ഒരു നല്ല സ്ത്രീയുണ്ടായിരുന്നു. എന്റെ മാതാവ് അവരെ മടിയിലിരുത്തിക്കൊണ്ട് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)വരുന്നു. ഞാൻ ഹുദൂർ(അ)നെ തിരഞ്ഞുകൊണ്ട് ചുറ്റും നോക്കിയെങ്കിലും ആരേയും കാണുന്നുണ്ടായിരുന്നില്ല. അതിനുശേഷം കണ്ണ് തുറന്നു. ഡോക്ടർ സാഹിബിന് ചെറുപ്പകാലം മുതൽത്തന്നെ തബ്‌ലീഗിന് താൽപര്യമുണ്ടായിരുന്നു. സ്കൂളിൽ ദീനിയാത്തിന്റെ അധ്യാപകനെ തബ്‌ലീഗ് ചെയ്തിരുന്നു. ഉസ്താദും എതിർപ്പൊന്നും പ്രകടിപ്പിക്കാതെ ഇദ്ദേഹത്തിന്റെ സംസാരം കേൾക്കുമായിരുന്നു.

ഇദ്ദേഹത്തിന്റെ ഒരു മകൻ അയ്മൻ ശബൂത്തി ജർമനിയിലാണ്. അദ്ദേഹം പറയുന്നു: പിതാവ് എന്നെ ശകാരിക്കുകയോ വഴക്കുപറയുകയോ ചെയ്തിട്ടില്ല. ഒരിക്കൽ മാത്രം അടിച്ചിട്ടുണ്ട്. അന്ന് എനിക്ക് 13 വയസ്സായിരുന്നു. ഞാൻ ജമാഅത്തായി നമസ്കരിക്കാൻ വിസമ്മതിച്ചപ്പോൾ ചെറുതായി ഒരു അടി കിട്ടുകയുണ്ടായി. പിന്നീടൊരിക്കലുമുണ്ടായിട്ടില്ല. പറയുന്നു: പിതാവ് എപ്പോഴും എന്നോട് പ്രയാസ മുണ്ടാകുമ്പോൾ ദുആ ചെയ്യാൻ ഉപദേശിച്ചിരുന്നു. സ്വന്തമായും ചെയ്തിരുന്നു. ഞാൻ അദ്ദേഹത്തെ സുജൂദുകളിൽ കരയുന്നത് കണ്ടിട്ടുണ്ട്. സ്കൂളിൽ ഉണ്ടായിരുന്നപ്പോൾ കുട്ടികൾ പറയുന്നു: ഞങ്ങളെ സ്വുബ്ഹി നമസ്കാത്തിന് എഴുന്നേൽപിക്കുകയും നമസ്കരിപ്പിക്കുകയും അതിനുശേഷം തിലാവത്തും ചെയ്തിരുന്നു. അദ്ദേഹം സർജറിയിലാണ് പി.എച്ച്.ഡി എടുത്തത്. അതിനുവേണ്ടി ജോർദാനിൽ പോയി. അവിടെ അഞ്ചുവർഷം താമസിച്ചിരുന്നു. പറയുന്നു: ഞാനും അദ്ദേഹത്തിന്റെ അടുത്ത് അവിടെ പോയിരുന്നു. അവിടെ മസ്ജിദ് അതായത് ജുമുഅ ഉണ്ടായിരുന്ന സെന്റർ ഒരു മണിക്കൂർ ദൂരെയായിരുന്നു. എല്ലാ ജുമുഅയ്ക്കും അവിടെ വണ്ടിയോടിച്ചു പോയിരുന്നു. ഗ്രന്ഥപാരായണത്തിലും വലിയ താൽപര്യമായിരുന്നു. ജമാഅത്തി ഗ്രന്ഥങ്ങൾ നല്ലപോലെ വായിച്ചിരുന്നു. പറയുന്നു: ജോർദാനിൽനിന്ന് തിരിച്ചുവന്നപ്പോൾ ബാഗിന് നല്ല കനമുണ്ടായിരുന്നു. ഒരുപാട് സമ്മാനങ്ങൾ കൊണ്ടുവന്നിരിക്കുമെന്നാണ് ഞാൻ കരുതിയത്. മാതാപിതാക്കൾ കൊണ്ടുവരുന്നതിൽ മക്കൾക്ക് താൽപര്യമുണ്ടാകുമല്ലോ? എന്നാൽ, ബാഗിൽ സമ്മാനങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. അതിൽ തഫ്സീർ കബീർ അറബി തർജമയും ജമാഅത്തിന്റെ ഗ്രന്ഥങ്ങളുമാണുണ്ടായിരുന്നത്.

ബന്ധുക്കളെ കാണാൻ അവർ അനഹ്മദികളാണെങ്കിലും പോയിരുന്നു. പറയുന്നു: എന്നെയും ഉമ്മാനെയും കൂടെ കൊണ്ടുപോയിരുന്നു. അനഹ്മദി കുടുംബക്കാരെ കാണുന്നതിന് എന്തിനാണ് ഇത്ര നിർബന്ധം എന്ന് ചോദിച്ചാൽ പറയുമായിരുന്നു. നബി(സ)തിരുമേനി ചാർച്ചയെചേർക്കണമെന്ന് കല്പന നൽകിയിരിക്കുന്നു. കുടുംബബന്ധുക്കാരോട് ബന്ധം വെക്കാത്തവനോടു അല്ലാഹു നീരസം പ്രകടിപ്പിക്കുന്നതാണ്.

മർവ ശബൂത്തി സാഹിബ പറയുന്നു: വളരെ ആദരണീയനും സൽസ്വഭാവിയും നന്മയുള്ളയാളും എപ്പോഴും പുഞ്ചിരിക്കുന്നയാളും സ്നേഹമുള്ളയാളും സഹായിയും ശുദ്ധഗതിക്കാരനും ദാനധർമ്മിയും കരുണയുള്ള വ്യക്തിയും കൂർമ്മബുദ്ധിശാലിയുമായിരുന്നു. അഹ്മദികൾക്കും അനഹ്മദികൾക്കുമെല്ലാം പ്രിയപ്പെട്ടവനായിരുന്നു. യമനിൽ മുഴുവൻ അറിയപ്പെടുന്ന ഡോക്ടറായിരുന്നു. എല്ലാവർക്കും, അനഹ്മദികൾക്കും അദ്ദേഹത്തിന്റെ വഫാത്തിൽ വലിയ സങ്കടമായിരുന്നു. അനഹ്മദികളുടെ അഭിപ്രായങ്ങളുമുണ്ട്. യമനിലെ ഡോക്ടർ യൂനീൻ പറയുന്നു: ഞങ്ങൾ വേദനയോടെയും ഖേദത്തോടെയും ജനറൽ സർജറി കൺസൾട്ടന്റ് ഡോക്ടർ മൻസ്വൂർ ശബൂത്തി സാഹിബ് ഇന്ന് വഫാത്തായ വിവരം നൽകുകയാണ്. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. തുടർന്ന് പറയുന്നു: അതായത് മെഡിക്കൽ കൗൺസിലുമാർ പറയുന്നു: അദ്ദേഹത്തിന്റെ വേദനാജനകമായ വേർപാട് മെഡിക്കൽ വിഭാഗത്തിൽ വലിയ അസ്വസ്ഥതയും പ്രയാസവുമാണ് പരത്തിയത്. ഇതുവരെ കിട്ടിയ അറിയിപ്പുകളനുസരിച്ച് അറസ്റ്റിന് മുമ്പേവരേയും ഡോക്ടർ മൻസ്വൂർ ശബൂത്തി സാഹിബിന്റെ ആരോഗ്യം വളരെ നല്ലനിലയിലായിരുന്നു. അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനുണ്ടായ കാരണം പറഞ്ഞിട്ടില്ല. മാത്രമല്ല രണ്ടാഴ്ചവരേയും അദ്ദേഹത്തെ എവിടെയാണ് കൊണ്ടുപോയതെന്നും അറിയാൻ കഴിഞ്ഞില്ല. വഫാത്തിന് കേവലം ഒന്നുരണ്ട് ദിവസം മുമ്പേ അദ്ദേഹത്തെ വളരെ മോശമായ അവസ്ഥയിലാണ് പുറത്തുകൊണ്ടുവന്നത്.

അദ്ദേഹത്തിന്റെ ചില അനഹ്മദി സുഹൃത്തുക്കളും സോഷ്യൽ മീഡിയയിൽ എഴുതിയിട്ടുണ്ട്. ഒരു അനഹ്മദി ഡോക്ടർ ഖാലിദ് അദീബ് പറയുന്നു: ആദ്യമായി സ്വൻആ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ജോലിക്ക് പോയപ്പോൾ അവിടെ ഒരു യുവഡോക്ടറുടെ ചുറ്റും നിരവധി ഡോക്ടർമാർ നിൽക്കുന്നത് കണ്ടു. ഞാൻ ചോദിച്ചപ്പോൾ ഒരു സുഹൃത്ത് പറഞ്ഞു: ഇത് ജനറൽ സർജറി കൺസൾട്ടന്റായ ഡോക്ടർ മൻസ്വൂർ ശബൂത്തിയാണ്. എല്ലാ ഡോക്ടർമാരിലുംവച്ച് നല്ല കഠിനാധ്വാനിയും സഹായിക്കാൻ സന്നദ്ധനുമായ വ്യക്തിയാണ്. എല്ലാ ഡോക്ടർമാരും വിദ്യാർഥികളും അദ്ദേഹത്തോടൊപ്പം ജോലി ചെയ്യാനിഷ്ടപ്പെടുന്നു. കാരണം എല്ലാവർക്കും കൂടുതൽ കൂടുതൽ അറിവ് നൽകാനും മനസ്സിലാക്കികൊടുക്കാനും അദ്ദേഹം ശ്രമിക്കാറുണ്ട്. അദ്ദേഹത്തിന് പൈസയുടേയോ സ്ഥാനത്തിന്റേയോ പ്രസിദ്ധിയുടേയോ അത്യാഗ്രഹമില്ല. അദ്ദേഹം അഹങ്കാരത്തിൽനിന്നും ഭൗതികതയോടുള്ള ആർത്തിയിൽനിന്നും ബഹുകാതം ദൂരെയാണ്.

ഒരു സുഹൃത്ത് എഴുതുന്നു: അദ്ദേഹത്തിന്റെ വഫാത്ത് യമനെ സംബന്ധിച്ചിടത്തോളം വളരെ വലിയ നഷ്ടമാണ്. വളരെ ശുദ്ധഹൃദയനും ജീവിതം രോഗികളുടെ സേവനത്തിനുവേണ്ടി ഉഴി

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDULAMEER
AHMADIYYA JAMA-ATH PATHAPPIRIYAM, KERALA

ഞ്ഞുവെച്ചതുമായ ഒരു നല്ല മനുഷ്യനെയാണ് യമന് നഷ്ടമായിരിക്കുന്നത്.

ഒരു സുഹൃത്ത് എഴുതുന്നു: ഡോക്ടർ മൻസ്വൂറിന്റെ കൈയിൽ നല്ല രോഗശമനമുണ്ടായിരുന്നു. വളരെ ഉന്നതസ്വഭാവിയായിരുന്നു. ദക്ഷിണയമനിലെ എല്ലാ പത്രങ്ങളും വ്യത്യസ്ത തലക്കെട്ടുകളിൽ അദ്ദേഹത്തിന്റെ വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ഉദാഹരണത്തിന് സുപ്രസിദ്ധ ഡോക്ടറുടെ വധം, സുപ്രസിദ്ധ ഡോക്ടറുടെ മരണം, ഏറ്റവും പ്രസിദ്ധനായ ഡോക്ടറെ തട്ടിക്കൊണ്ടുപോയി മുതലായവ.

ആരോ ഇതും എനിക്കെഴുതി: അദ്ദേഹം മുഖേന ഇപ്പോൾ അഹ്മദിയ്യത്തിന്റെ നാമം നല്ലപോലെ പ്രചരിച്ചിരിക്കുന്നു. അല്ലാഹു തബ്ലീഗിനുള്ള വഴിയൊരുക്കുകയും ചെയ്തേക്കാം. അല്ലാഹു പരേതനോട് കരുണയോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിന് ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. അവസ്ഥകൾ നന്നാകട്ടെ. അവിടെ തടവിലുള്ളവർക്ക്, അവിടെ ചെറിയ ജമാഅത്താണുള്ളത്, തടവിലുള്ളവർക്ക് എത്രയും വേഗം മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ജനാബ് സ്വലാഹുദ്ദീൻ മുഹമ്മദ് സ്വാലിഹ് അബ്ദുൽ ഖാദിർ ഔദേ സാഹിബിന്റേതാണ്. ഇദ്ദേഹം കബാബീർ ജമാഅത്ത് അമീർ ശരീഫ് ഔദേ സാഹിബിന്റെ പിതാവാകുന്നു. ജനുവരി 31-ന് ഹൃദയസംബന്ധമായ പ്രയാസം അനുഭവപ്പെട്ടു. ആശുപത്രിയിൽ ഓപ്പറേഷനിടയിൽത്തന്നെ ഏകദേശം 85-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയും 3 ആൺമക്കളും ഒരു മകളുമാണുള്ളത്; മുഹമ്മദ് ശരീഫ് ഔദേ സാഹിബ്, മുനീർ ഔദേ സാഹിബ്, അമീർ ഔദേ സാഹിബ്. മകളുടെ പേര് മനാൽ ഔദേ എന്നാണ്. പൗത്രന്മാരും പൗത്രിമാരുമുണ്ട്. അദ്ദേഹത്തിന്റെ രണ്ട് പൗത്രന്മാർ മസ്റൂർ മുനീർ ഔദേ, ബശീറുദ്ദീൻ ഔദേ എന്നിവരാണ്. ഒരാൾ യു.കെ ജാമിഅയിലും ഒരാൾ കനഡ ജാമിഅയിലും പഠിക്കുന്നു.

ശരീഫ് ഔദേ സാഹിബ് എഴുതുന്നു: പരേതന്റെ പിതാമഹൻ അൽഹാജ് സ്വാലിഹ് അബ്ദുൽഖാദിർ ഔദേ സാഹിബ് ഫലസ്തീനിലെ ആദ്യകാല അഹ്മദികളിൽപെടുന്നു. അദ്ദേഹം 1928-ലാണ് ബയ്അത്ത് ചെയ്തത്. അതിനുശേഷം മർഹൂമിന്റെ പ്രപിതാമഹൻ അബ്ദുൽ ഖാദിർ ഔദേയും ബയ്അത്ത് ചെയ്തു. കുറച്ച് കഴിഞ്ഞപ്പോൾ പരേതന്റെ പിതാവ് മുഹമ്മദ് ഔദേയും ബയ്അത്ത് ചെയ്തു. അങ്ങനെ പരേതന്റെ പിതാവും പിതാമഹനും പ്രപിതാമഹനും എല്ലാവരും അഹ്മദികളായിരുന്നു. ഇദ്ദേഹം 1939-ലാണ് ജനിച്ചത്. ഇദ്ദേഹം ജന്മനാ അഹ്മദിയായിരുന്നു. മർഹൂമിന് 14 വയസ്സുള്ളപ്പോൾ നല്ല തണുപ്പുള്ള ഒരു ദിവസം പുറത്തേക്ക് എന്തോ ആവശ്യത്തിനുവേണ്ടി പോകുകയുണ്ടായി. തണുപ്പിന് ആവശ്യമായ വസ്ത്രങ്ങൾ ശരിക്ക് ധരിച്ചിരുന്നില്ല. ശരീരം മരവിക്കുകയുണ്ടായി. അബോധാവസ്ഥയിലാവുകയും ചെയ്തു. കുറേ കഴിഞ്ഞ് അദ്ദേഹത്തെ കണ്ടെത്തി ആശുപത്രിയിലേക്ക് കൊണ്ടുപോയി. വളരെ നിരാശാജനകമായ അവസ്ഥയിലായിരുന്നു. ഡോക്ടർ പറഞ്ഞു: ഇയാൾ രക്ഷപ്പെടുകയാണെങ്കിൽ അത് അത്ഭുതമായിരിക്കും. രക്ഷപ്പെട്ടാൽ പോലും പിന്നെ ഒരിക്കലും മക്കളുണ്ടാകുന്നതുമല്ല. അങ്ങനെ അന്നത്തെ അവിടെയുള്ള മുറബ്ബി ചൗദ്രി മുഹമ്മദ് ശരീഫ് സാഹിബ്, മുസ്ലിഹ് മൗഊദി(റ)ന് കത്തയച്ചു. അതിനുശേഷം രോഗം മാറുകയും വിവാഹം കഴിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ 3 ആൺമക്കളും ഒരു മകളും ഉണ്ടാവുകയും ചെയ്തു. മർഹൂം തന്റെ പിതാവിനെപ്പോലെതന്നെ ജീവിതം മുഴുവൻ മുബല്ലിഗുമാരുടെ സേവനത്തിന് മുമ്പിൽത്തന്നെ ഉണ്ടാകുമായിരുന്നു. അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ ഹൃദയാത്മനാ സേവിച്ചിരുന്നു. അനുശോചനത്തിന് വന്ന എല്ലാവരും അതിന് സാക്ഷ്യം വഹിക്കുകയുമുണ്ടായി. ശരീഫ് ഔദേ സാഹിബ് പറയുന്നു:അതിഥിസൽക്കാരത്തിന്റെ ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. അതിഥികൾ അദ്ദേഹത്തിന്റെ അടുക്കൽ പോകാനും അദ്ദേഹത്തിന്റെ ആതിഥ്യവുമാണ് ഇഷ്ടപ്പെട്ടിരുന്നത്. ഒരു പാതിരി കാണാൻ വരാറുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ഇപ്പോൾ നിങ്ങളുടെ പിതാവ് ഇവിടെയുണ്ടോ? പറഞ്ഞു: പുറത്തുപോയതാണ്. പാതിരി പറയുന്നു: എങ്കിൽ ശരി, ഞങ്ങൾ ഇപ്പോൾ വരുന്നില്ല. അദ്ദേഹം എത്തുമ്പോൾ വരാം. അങ്ങനെ അദ്ദേഹത്തിന്റെ അതിഥിസൽക്കാരം ആസ്വദിക്കാൻ കഴിയുമല്ലോ? മർഹൂം അഗതികളുടേയും അവശ്യക്കാരുടെയും കാര്യങ്ങൾ പരിഗണിച്ചിരുന്നു. അവർക്കുവേണ്ടി ചെലവഴിക്കുകയും ചെയ്തിരുന്നു. കുടുംബക്കാർ ബന്ധം വിച്ഛേദിച്ച നവഅഹ്മദികൾ കബാബീറിൽ വന്ന് താമസമാക്കിയിട്ടുണ്ട്. അവരെയെല്ലാം മർഹൂം വാത്സല്യനിധിയായ പിതാവിനെപോലെ വെച്ചിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിൽ ഒരു സ്ത്രീ പറയുന്നു: എന്റെ ഭർത്താവ് അധികസമയവും അദ്ദേഹത്തോടൊപ്പമാണ് കഴിഞ്ഞിരുന്നത്. ഇപ്പോൾ അദ്ദേഹം ഇനി ഞാൻ ആരുടെ അടുക്കലാണ് പോകുക എന്ന് ചോദിക്കുന്നു:

ശരീഫ് ഒദേ സാഹിബ് പറയുന്നു: പിതാവ് കർമപരമായ മാതൃക മുഖേന ഞങ്ങൾക്ക് ശിക്ഷണം നൽകിയിരുന്നു. പറഞ്ഞുതരുന്നതിനേക്കാൾ തന്റെ കർമങ്ങൾ ആവർത്തിച്ച് ഇങ്ങനെ ചെയ്യൂ എന്ന് കാണിച്ചുതന്നിരുന്നു. പിതാവിന് ഗ്രന്ഥപാരായണത്തിന് വലിയ താൽപര്യമായിരുന്നു. ജമാഅത്തീ സാഹിത്യങ്ങൾ ഏതെങ്കിലുമൊന്ന് എപ്പോഴും അദ്ദേഹത്തിന്റെ പാരായണത്തിലുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ വിജ്ഞാനവും വളരെ വിശാലമായിരുന്നു. ശരീഫ് ഔദേ സാഹിബ് പറയുന്നു: അദ്ദേഹത്തിന് വാർധക്യത്തിൽ ഞങ്ങളുടെ സഹായം ആവശ്യമായി വന്നിട്ടില്ല. അദ്ദേഹത്തിന് ഞങ്ങളുടെ ആവശ്യമല്ല വന്നത് മറിച്ച് അദ്ദേഹം ഞങ്ങളെ സഹായിച്ചിരുന്നു. അദ്ദേഹം തന്റെ മക്കൾ ജമാഅത്തീ സേവനം ചെയ്യുന്നുവെന്നതിൽ സന്തോഷവാനായിരുന്നു. അദ്ദേഹത്തിന്റെ ദൗഹിത്രി ഡോക്ടർ യാസ്മീൻ പറയുന്നു: ഞാൻ കുറച്ചുകാലമായി എന്റെ മാതാമഹന്റേയും മാതാമഹിയുടേയും കൂടെയാണ് താമസിച്ചിരുന്നത്. ഞാൻ കണ്ടത് എന്റെ മാതാമഹൻ നമസ്കാരത്തിലും തഹജ്ജുദിലും കൃത്യനിഷ്ഠയുള്ളയാളായിരുന്നു, അധികസമയവും മസ്ജിദിലും ജമാഅത്തീ കേന്ദ്രത്തിലും ചെലവഴിക്കുകയും ചെയ്തിരുന്നു. അതിഥികൾക്ക് ഭക്ഷണമുണ്ടാക്കുക, അവരെ സേവിക്കുക, ജമാഅത്തീ കേന്ദ്രത്തിൽ അറ്റകുറ്റ പണികളും മറ്റും ചെയ്യുക എന്നതൊക്കെ അദ്ദേഹത്തിന്റെ പതിവ് ശീലമായിരുന്നു. ജമാഅത്തീ ഗ്രന്ഥങ്ങളുടെ പാരായണം അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട ജോലിയായിരുന്നു. വഫാത്ത് ദിവസവും അദ്ദേഹത്തിന്റെ കിടക്കയിൽ ഒരു പുസ്തകം തുറന്നനിലയിൽ കിടന്നിരുന്നു. അവർ പറയുന്നു: വീട്ടിൽ കുറച്ച് അറ്റകുറ്റ പണികളുണ്ടായിരുന്നു. മാതാമഹൻ വല്യുമ്മയോട് പറഞ്ഞു: നമുക്ക് അതിന്റെ ആവശ്യമില്ല. നമ്മൾ ഉടൻതന്നെ മരണപ്പെടുന്നതാണ്. അതുകൊണ്ട് ഇതിനുവേണ്ടി(അറ്റകുറ്റപണിക്ക്) വരുന്ന തുക നമ്മൾ ഏതെങ്കിലും ആവശ്യക്കാർക്ക് കൊടുക്കുകയാണെങ്കിൽ ഉചിതമായിരിക്കും.ഡോക്ടർമാർ ഓപ്പറേഷൻ സമയത്ത് ഹാർട്ട് നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ഹാർട്ട് ദുർബലമാണെന്ന് മാത്രമല്ല, വാൾവുകളും ഏറെക്കുറെ അടഞ്ഞതായിട്ടാണ് കണ്ടത്. ഇദ്ദേഹം എങ്ങനെയാണ് ഇതുവരേയും നടന്നുകൊണ്ടിരുന്നത് എന്ന കാര്യത്തിൽ അവർ ആശ്ചര്യഭരിതരായിരുന്നു. ഏതായാലും നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ മരണം ഉണ്ടാകണമെന്ന് അദ്ദേഹത്തിന്റെ ദുആയായിരുന്നു. അങ്ങനെതന്നെ സംഭവിച്ചു. അവസാന ദിവസംവരേയും നടന്നുകൊണ്ടിരുന്നു. ആരേയും ആശ്രയിക്കേണ്ടിവന്നില്ല.

ശരീഫ് ഔദേ സാഹിബ് പറയുന്നു:പിതാവ് മറ്റുള്ളവർക്കുവേണ്ടി മനസ്സു തുറന്ന് ചെലവഴിക്കുന്ന ആളായിരുന്നു. ഒരു ദിവസം പ്രായമുള്ള ഒരു ബന്ധു സഹായത്തിന് പറഞ്ഞപ്പോൾ പിതാവ് ആ സമയത്ത് പോക്കറ്റിലുണ്ടായിരുന്നതെല്ലാം എടുത്തുകൊടുത്തു. മൗലാനാ ഫള്ൽ ഇലാഹി ബശീർ സാഹിബ് മർഹൂം കബാബീറിൽ മുറബ്ബിയായിരുന്നു. മുബല്ലിഗായിരുന്നു. ഒരിക്കൽ അദ്ദേഹം കബാബീർ മസ്ജിനുവേണ്ടി ചന്ദ ചോദിച്ചു. പരേതന്റെ പക്കൽ അപ്പോൾ എവിടെനിന്നോ വളരെ വലിയൊരു തുക വന്നിരുന്നു. അദ്ദേഹം ആ മുഴവൻ പണവും മസ്ജിദിനുവേണ്ടി നല്കി. ഒരു ഖാദിം എഴുതി:അദ്ദേഹത്തിന്റെ ഹിരണ്യായുടെ ഓപ്റേഷൻ നടന്നപ്പോൾ ഖാദിം വിവരം ചോദിച്ചു. അദ്ദേഹം പറഞ്ഞു, വളരെ വേദനയുണ്ട്. ഞാൻ പറഞ്ഞു, താങ്കൾ ഇവിടെ ജോലിചെയ്തുകൊണ്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു, അതേ അൽപം ജോലി ചെയ്തു. കുറച്ചു വസ്തുക്കളെടുത്ത് അങ്ങോട്ടും ഇങ്ങോട്ടുംവച്ചു. ഒരു വാതിൽ ചീത്തയായിരുന്നു. അതു ശരിയാക്കി. ഖാദിം പറഞ്ഞു, നിങ്ങളുടെ ഓപ്റേഷൻ കഴിഞ്ഞതാണ്. കട്ടിയായ ജോലിയൊന്നും ചെയ്യാൻ പാടില്ല. അദ്ദേഹം പറഞ്ഞു:അതുകൂടാതെ എനിക്കു ജീവിക്കാൻ കഴിയില്ല. ജമാഅത്തിന്റെ സേവനവും എന്റെ ജോലിയാണ്.

സയ്ഫുദ്ദീൻ അബൂഅസ്ബ് ഫലസ്തീൻ വാസിയാണ്. അദ്ദേഹം എഴുതുന്നു:സ്വലാഹുദ്ദീൻ ഔദേ സാഹിബിൽ നന്മയും സൽക്കർമവുമല്ലാതെ ഒന്നും കണ്ടിട്ടില്ല. ഞാൻ കബാബീറിൽ താമസിക്കുമ്പോൾ ജമാഅത്തിന്റെ ആത്മാർഥനായ അംഗമായി അദ്ദേഹത്തെ കണ്ടു. വളരെ സ്നേഹിക്കുന്ന, എല്ലാവരേയും സഹായിക്കുന്ന ആളായിരുന്നു. അമീർ ജമാഅത്തിന്റെ പിതാവായിരുന്നിട്ടും അതിഥി സൽക്കാരം നടത്തിയിരുന്നു. അദ്ദേഹം പറയുന്നു: അദ്ദേഹത്തിന്റെ സേവനം എങ്ങനെയായിരുന്നുവെന്നാൽ എനിക്ക് വളരെ കഴിഞ്ഞാണ് അറിയാൻ കഴിഞ്ഞത് അദ്ദേഹം അമീർജമാഅത്തിന്റെ പിതാവാണെന്ന്. അങ്ങേയറ്റം വിനയനായിരുന്നു. പിന്നീടാണ് ആരോ എന്നോടു ഇദ്ദേഹം ഇന്നയാളുടെ പിതാവാണെന്ന് പറഞ്ഞത്.

ഡോക്ടർ ഐമൻ മാലിക്കി പറയുന്നു:സ്വുബ്ഹി നമസ്കാരം കഴിഞ്ഞാൽ നേരെ ലങ്കർഖാനയിൽ പോകും പകൽ മുഴുവനും രാത്രിയാകുന്നതുവരെ ജോലി ചെയ്യുമായിരുന്നു. ആഴ്ചയിലെ ഏഴു ദിവസവും അദ്ദേഹത്തിന്റെ റൊട്ടീൻ ഇതായിരുന്നു. ഖിലാഫത്തിന്റെ പ്രേമിയും ജമാഅത്ത് വ്യവസ്ഥിതിയെ അങ്ങേയറ്റം ആദരിക്കുന്ന ആളുമായിരുന്നു. മകൻ അമീറായിരുന്നുവെങ്കിലും കണ്ടാൽ എഴുന്നേറ്റു നിൽക്കുമായിരുന്നു. ജമാഅത്തുപരമായ സേവനവും തബ്ലീഗ് ചെയ്യുന്നതും ജമാഅത്തുപരമായി നിർബന്ധകർത്തവ്യങ്ങളും ജീവിതത്തിന്റെ അവസാനംവരെ ആവേശത്തോടുകൂടി നിറവേറ്റി. അത്തരം ആവേശം വളരെ കുറച്ചുപേരിൽ മാത്രമെ കാണുകയുള്ളു. നാലു ഖലീഫമാരുടെ കാലം അദ്ദേഹം കണ്ടു. ഖിലാഫത്തിനെ കുറിച്ച് വളരെ രസകരമായി സംസാരിക്കുമായിരുന്നു.

മുഹമ്മദ് അലോന സാഹിബ് പറയുന്നു: 20 വർ

ഷം മുമ്പേ ബയ്അത്ത് ചെയ്തു. അതിനുശേഷം കബാബീറിൽ പോയപ്പോൾ വളരെ സ്നേഹത്തോടും ആത്മാർഥതയോടും കൂടി എന്നെ കണ്ടു. ജമാത്തിന് സേവനം ചെയ്യുന്നതായി ഞാൻ അദ്ദേഹത്തെ കണ്ടു. പ്രായംചെന്ന ആളായിരുന്നിട്ടും എത്രമാത്രം ആത്മാർഥതയോടെ പണിയെടുത്തിരുന്നുവെന്നാൽ അത് യുവാക്കളിലും കാണുകയില്ല. വളരെ ദയാലുവും സഹതാപിയുമായിരുന്നു.

നമർ അജ്‌വഹ് സാഹിബ പറയുന്നു:എന്റെ ബന്ധം അൽഖലീൽ പട്ടണവുമായിട്ടാണ്. ഞാനെന്റെ രണ്ടു മക്കളോടൊപ്പം ഇവിടെ വന്നപ്പോൾ എനിക്ക് വീടുണ്ടായിരുന്നില്ല. പരേതൻ എന്നോടു പറഞ്ഞു:നിങ്ങളുടെ പെൺമക്കളെ ഞങ്ങളുടെ കൂടെ താമസിപ്പിക്കുക. ദാറുള്ളിയാഫത്തിൽ താമസിക്കുക. അങ്ങനെ ഒന്നരമാസംവരെ അദ്ദേഹം ഞങ്ങളുടെ കുട്ടികളെ നോക്കി. ഭക്ഷണവും മറ്റു സൗകര്യങ്ങളും ചെയ്തുകൊടുത്തു. ഇവർ പറയുന്നു: അദ്ദേഹം എനിക്ക് വാത്സല്യനിധിയായ ഒരു പിതാവിനെപ്പോലെയായിരുന്നു. അദ്ദേഹത്തിന്റെ വേർപാടുണ്ടായപ്പോൾ എന്റെ ശരീരത്തിൽനിന്ന് റൂഹ് പോയതുപോലെയാണ് തോന്നിയത്.

ശംസുദ്ദീൻ സാഹിബ് കബാബീറിലെ മുറബ്ബിയാണ്. അദ്ദേഹം പറയുന്നു:മസ്ജിദിലേയും മിഷൻ ഹൗസിലേയും ഒരു പഴയ സാധനവും എടുത്തുകളയുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. പ്രത്യുത അത് ശരിയാക്കി വീണ്ടും ഉപയോഗിക്കാൻ പറ്റുന്നതാക്കുമായിരുന്നു. ലാഭമുണ്ടാക്കാനുള്ള മാർഗമിതാണ്. മറ്റു സ്ഥലങ്ങളിലും ഇങ്ങനെ ചെയ്യേണ്ടതാണ്. പലപ്പോഴും കണ്ടിട്ടുണ്ട് മസ്ജിദുകളിൽ സഹായം ചോദിച്ചുവരുന്നവരോടും പരേതൻ ആദരണീയരായ അതിഥികളോടെന്നപോലെ പെരുമാറുമായിരുന്നു. അവരെ ഇരുത്തി ഭക്ഷണം കൊടുക്കുമായിരുന്നു.റണാ ഔദ ജഹാൻഗീർ സാഹിബ ഇദ്ദേഹത്തിന്റെ പൗത്രിയാണ്. അവർ പറയുന്നു: ഞാനെപ്പോഴും എന്റെ പിതാമഹനെ തഹജ്ജുദിന് നേരത്തെ എഴുന്നേൽക്കുന്നത് കണ്ടിട്ടുണ്ട്. അഞ്ചുനേര നമസ്കാരം കൃത്യമായി നമസ്കരിക്കുന്നതും കണ്ടിട്ടുണ്ട്. എന്റെ പിതാമഹൻ സാധുക്കളെ ഒരുപാട് ശ്രദ്ധിച്ചിരുന്നു. നിങ്ങളുടെ പണം നിങ്ങൾക്കുവേണ്ടിയും ചെലവഴിക്കാൻ ആളുകൾ അദ്ദേഹത്തോടു പറയുമായിരുന്നു. പക്ഷേ, അദ്ദേഹം പറയുമായിരുന്നത് ഞാൻ ഈ പൈസ സാധുക്കൾക്ക് കൊടുക്കാനാണ് ഇഷ്ടപ്പെടുന്നതെന്നാണ്. അല്ലഹുവിൽ അദ്ദേഹത്തിന് തികഞ്ഞ വിശ്വാസമായിരുന്നു. ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു.

അല്ലാഹു പരേതനോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്ക്, സന്താനങ്ങൾക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. മൂന്നാമത്തെ ജനാസ ജമാഅത്തിന്റെ മുറബ്ബി കറാമത്തുല്ലാഹ് ഖാദിം സാഹിബ് റബ്‌വയുടെ ഭാര്യ റയ്ഹാന ഫർഹത്ത് സാഹിബയുടേതാണ്. ജനുവരി 29-ന് അവർ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വരുന്നത് അവരുടെ പ്രപിതാമഹൻ ഹദ്റത്ത് മുൻശീ ജലാലുദ്ദീൻ സാഹിബ്(റ)ഓഫ് ബലാനീ ജില്ല ഗുജ്റാത്ത് മുഖേനയാണ്. അദ്ദേഹത്തിന്റെ നാമം ഹദ്റത്ത് മസീഹ് മൗഊദ്(അ)ളമീമ അഞ്ചാമെ ആഥമിൽ 313 സ്വഹാബാക്കളുടെ ലിസ്റ്റിൽ ഒന്നാമതായി രേഖപ്പെടുത്തിയിരിക്കുന്നു.

സന്തപ്ത കുടുംബത്തിൽ ഭർത്താവിനു പുറമെ ഒരുമകളും മൂന്നു ആൺകുട്ടികളുമുണ്ട്. ഇവരുടെ മകൻ ഇഹ്സാനുല്ലാഹ് സാഹിബ് ഈയിടെയായി സ്പെയിനിലാണ് സേവനം ചെയ്യുന്നത്. പ്രവർത്തന രംഗത്തായ കാരണത്താൽ മാതാവിന്റെ ശേഷക്രിയകളിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. മറ്റു ചില കാരണങ്ങളുമുണ്ടായിരുന്നു. ഇവരുടെ ഭർത്താവ് കറാമത്തുല്ലാഹ് ഖാദിമും വഖ്ഫെ സിന്ദഗി മുറബ്ബിയാണ്. ഇവരുടെ മകളുടെ ഭർത്താവ് ആസിഫ് മഹ്മൂദ് ഭട്ട് സാഹിബും മുറബ്ബിയാണ്. ടൻസാനിയായിൽ ഖിദ്മത്ത് ചെയ്തുവരുന്നു.

ഇവരുടെ മകൻ ഇഹ്സാനുല്ലാഹ് സാഹിബ് മുറബ്ബി എഴുതുന്നു: ഞങ്ങൾക്ക് എപ്പോഴും ദുആകളുടെ തണലുണ്ടാക്കിക്കൊണ്ടിരുന്നു. കരഞ്ഞ് തഹജ്ജുദ് നമസ്കരിച്ചു. ജോലി ചെയ്യുമ്പോഴും നടക്കുമ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റേയും ഖലീഫമാരുടേയും ദുആ ചെയ്തുകൊണ്ടുള്ള പദ്യങ്ങൾ മൂളിപ്പാടുമായിരുന്നു. ഇപ്രകാരം അവരുടെ ചുറ്റും ഇരിക്കുന്ന കുട്ടികൾക്കും ആ പദ്യങ്ങൾ മനഃപ്പാഠമാകുമായിരുന്നു. ചന്ദ കൊടുക്കുന്നതിലും മറ്റു ദീനീപരമായ സേവനം ചെയ്യുന്നതിലും കൃത്യനിഷ്ഠയുണ്ടായിരുന്നു. ആരോഗ്യമുള്ളിടത്തോളംകാലം ജമാഅത്തിന്റെ പരിപാടികളിൽ പതിവായി പങ്കെടുത്തുകൊണ്ടിരുന്നു. അങ്ങേയറ്റം നന്ദിയുള്ളവരും ഉള്ളതിൽ തൃപ്തിപ്പെടുന്നവരും സഹനശീലയും നന്ദിപ്രകടിപ്പിക്കുന്നവരുമായിരുന്നു. അഹ്മദിയ്യത്തിൽ അഭിമാനിക്കുന്നവരായിരുന്നു.

അവരുടെ മകൾ നുഅ്മാന നുസ്റത്ത് പറയുന്നു:നന്ദി പ്രകടിപ്പിക്കുക എന്ന സവിശേഷത വളരെ അധികമുണ്ടായിരുന്നു. ഒരേയൊരു മകനായിരുന്നു അതിനെ വഖ്ഫുചെയ്തുവെന്ന് പറഞ്ഞ് ആരെങ്കിലും പുകഴ്ത്തിക്കൊണ്ടു പറയുകയാണെങ്കിൽ അങ്ങേയറ്റം വിനയത്തോടെ ഞാനെങ്ങനെയാണ് അല്ലാഹുവിന് നന്ദികാണിക്കേണ്ടതെന്ന് പറയുമായിരുന്നു. അല്ലാഹുവിന് ഞാൻ ഒന്നാണ് കൊടുത്തത് അതിനുപകരം അവന്റെ റഹ്മത്ത് ഒരുപാട് തിരിച്ചുതന്നു. അങ്ങനെ തന്റെ പൗത്രന്മാരേയും പൗത്രിമാരേയും ദൗഹിത്രന്മാരേയും ദൗഹിത്രിമാരേയും കറിച്ച് പറയും. എല്ലാവരും അഹ്മദികളാണെന്നും വാഖ്ഫെ സിന്ദഗിയാണെന്നും പറയും. റബ്‌വയിലാണ് ജനിച്ചത്. റബ്‌വയുടെ അഭിവൃദ്ധിയിൽ വളരെ സന്തോഷിച്ചിരുന്നു. സൽസ്വഭാവിയായ ലജ്ന എന്ന് അറിയപ്പെട്ടിരുന്നു. ഉള്ളതിൽ തൃപ്തിപ്പെട്ട് അന്തസ്സോടെ ജീവിച്ചു. ഏറ്റവും കൂടുതൽ സൗകര്യങ്ങളും സമാധാനവും തനിക്കു കിട്ടിയിരിക്കുന്നുവെന്ന നിലയിൽ നന്ദി കാണിച്ചിരുന്നു. മുറബ്ബിയുടെ അലൗൺസ് കുറവാണെന്ന് പറഞ്ഞ് ഒരിക്കലും പരാതിപ്പെട്ടിട്ടില്ല. എന്തൊന്നാണോ തനിക്ക് കിട്ടുന്നത് ഇത്രമാത്രം നിഅ്മത്ത് വേറെങ്ങും കിട്ടുകയില്ലെന്ന് പറയുമായിരുന്നു. മകന് ജമാഅത്തുപരമായ കേസുകൾ കാരണത്താൽ 2017-ൽ ഹിജ്റത്ത് ചെയ്യേണ്ടിവന്നു. ഞാൻ പറഞ്ഞതുപോലെ മറ്റു കാരണങ്ങളുമുണ്ടായിരുന്നു. പിന്നീട് പാക്കിസ്താനിൽപോകുന്നത് സാധ്യമല്ലാതായി. മാതാവിന് തന്റെ ആരോഗ്യപരമായ കാരണത്താൽ അദ്ദേഹത്തെ കാണാൻ പോകാൻ സാധിച്ചില്ല. പക്ഷേ, എപ്പോഴും സമാധാനത്തോടും ഉത്സാഹത്തോടും കൂടി വഖ്ഫിന്റെ കർത്തവ്യങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കാൻ ഉപദേശിച്ചുകൊണ്ടിരുന്നു.

അവരുടെ മകന്റെ ഭാര്യ പറയുന്നു:വളരെ വേദനയോടും തേങ്ങലോടും കൂടി തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. സത്യമായ സ്വപ്നങ്ങൾ കാണുമായിരുന്നു. വളരെ വ്യക്തവും സത്യവുമായ സ്വപ്നങ്ങൾ കണ്ടിരുന്നു. അതു അതുപോലെ പുലരുകയും ചെയ്തിരുന്നു. ഞങ്ങൾ അത്ഭുതപ്പെട്ടുപോകുമായിരുന്നു. മകനെ കുറിച്ച് എഴുതിയത് കേസുകൾ കാരണത്താൽ ഹിജ്റത്തു ചെയ്യേണ്ടിവന്നു, രോഗം കാരണത്താൽ പോകാനും കഴിഞ്ഞില്ല. പക്ഷേ ഒരിക്കലും ഉദാസീനത പ്രകടിപ്പിച്ചില്ല. സ്ഥിരചിത്തതയോടെ വഖ്ഫു കാത്തുസൂക്ഷിക്കാൻ എപ്പോഴും മകനെ ഉപദേശിച്ചുകൊണ്ടിരുന്നു. പറയാറുണ്ടായിരുന്നു, ഇക്കാലത്ത് വളരെ എളുപ്പമാണ്. എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരിക്കലും തന്റെ മമതയെ വഖ്ഫിന്റെ ജോലികളിൽ തടസ്സമാകാൻ വിട്ടില്ല. ആരോ അവരോടു പറഞ്ഞു, ദീർഘകാലമായില്ലേ അവിടെ പോയി കാണാൻ ഖലീഫക്കെഴുതിക്കൂടേ. അങ്ങനെ പോകാനുള്ള ഏർപ്പാടുണ്ടാകുമല്ലോ? അവർ പറഞ്ഞു:ഞാനെന്റെ മകനെ വഖ്ഫു ചെയ്തതാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ആവശ്യങ്ങളൊന്നും പറയാൻ എനിക്ക് കഴിയില്ല. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. പദവികളുയർത്തുമാറാകട്ടെ. ബന്ധുക്കൾക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ.

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

## മലിനമാക്കാതിരിക്കുക

വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:''അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ ഓർമിച്ച് എല്ലാവരും ഭക്തിയോടെ ഇരിക്കുക. ഓർമിച്ചുകൊള്ളുവിൻ!എല്ലാവരും അല്ലാഹുവിന്റെ അടിയാറുകളാണ്. ആരേയും ദ്രോഹിക്കരുത്. ആരോടും കോപിക്കരുത്. നിന്ദാ ദൃഷ്ടിയോടെ നോക്കുകയുമരുത്. ജമാഅത്തിൽ മലിനമായ ഒരാളുണ്ടെങ്കിൽ അയാൾ എല്ലാവരേയും മലിനമാക്കുന്നതായിരിക്കും. കോപത്തിലേക്ക് നിങ്ങളുടെ സ്വഭാവം ചായുന്നുവെങ്കിൽ ആത്മപരിശോധന നടത്തുക. കോപത്തിന്റെ ആ അരുവി എവിടെന്നാണ് ഉത്ഭവിച്ചതെന്ന് കണ്ടെത്തുക. ആ സ്ഥലം വളരെ ഗുരുതരമാണ്.''(മൽഫൂദാത്ത് വാല്യം 1, പേജ് 9)



# ദൈവികാനുഗ്രഹങ്ങളുടെ ഇറക്കവും അഹ്മദിയ്യാ ജമാഅത്തിന്റെ ഉയർച്ചയും

അത്വാൽ മുജീബ് ലോൺ, പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യാ ഖാദിയാൻ
വിവർത്തനം: മൗലവി കെ.വൈ. ശംസുദ്ദീൻ കാവശേരി

*(2023 ഖാദിയാൻ ജൽസയിൽ ചെയ്ത പ്രസംഗം)*

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ
وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اِنَّا لَنَنْصُرُ رُسُلَنَا وَالَّذِيْنَ اٰمَنُوْا فِي الْحَيٰوةِ الدُّنْيَا وَيَوْمَ يَقُوْمُ الْاَشْهَادُ
(سورۃ المؤمن آیت 52)

*ഇക് ഖത്'ര ഉസ്കെ ഫള്ൽ നെ ദരിയാ ബനാദിയാ*
*മെ ഖാക് ഥാ ഉസീ നെ ഥുറയ്യാ ബനാ ദിയാ*
റബ്ബിൻഫഖ് റൂഹിൻ ബറകത്തിൻ ഫീ കലാമീ ഹാദാ വജ്അൽ അഫ്ഇദത്തൻ മ്മിനന്നാസി തഹ്‌വീ ഇലയ്ഹി

അല്ലാഹു പരിശുദ്ധ ഖുർആനിൽ തന്റെ പ്രവാചകന്മാരുടെയും വിശ്വാസികളുടെയും ലക്ഷണമായി പറഞ്ഞിരിക്കുന്നതിലൊന്ന് എല്ലാ സ്ഥലത്തും സമയത്തും പ്രകടമാകുന്ന പ്രകാശിക്കുന്ന ദൈവിക സഹായങ്ങളും അനുഗ്രഹങ്ങളുമാണ്. അല്ലാഹു പറയുന്നു:

*ഇന്നാ ലനൻസ്വുറു റുസുലനാ വല്ലദീന ആമനൂ ഫിൽഹയാത്തിദ്ദുൻയാ വയൗമ യഖൂമുൽഅശ്ഹാദ് (23:52).*

നമ്മുടെ ദൂതന്മാരെയും അവരിൽ വിശ്വാസിക്കുന്നവരെയും ഐഹിക ജീവിതത്തിലും സാക്ഷികൾ എഴുന്നേൽക്കുന്ന നാളിലും തീർച്ചയായും നാം സഹായിക്കുന്നതാണ്.

വീണ്ടും പറയുന്നു:

*വലഖദ് സബഖത്ത് കലിമത്തുനാ ലി ഇബാദിനൽ മുർസലീൻ. ഇന്നഹും ലഹുമുൽ മൻസ്വൂറൂൻ. വ ഇന്ന ജുൻദനാ ലഹുമുൽ ഗാലിബൂൻ (37:172-174).*

നമ്മുടെ ദാസന്മാരായ ദൂതന്മാരെ സംബന്ധിച്ച് നമ്മുടെ വചനം നിശ്ചയമായും മുമ്പേ കഴിഞ്ഞിട്ടുണ്ട്. അവർ തന്നെയാണ് സഹായം നൽകപ്പെടുന്നവർ. നമ്മുടെ സൈന്യം തന്നെയാണ് വിജയികൾ.

വീണ്ടും പറയുന്നു:

കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ ഇന്നല്ലാഹ ഖവിയ്യുൻ അസീസ് (58:22)

ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

വ്യാജത്തിന്റെ ശത്രുവും കറ്റുകെട്ടുകാരന്റെ വിനാശകനുമായ പ്രിയദൈവത്തെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: ഞാൻ അവനിൽ നിന്നുള്ളവനാകുന്നു. യഥാസമയം അവനാൽ അയക്കപ്പെട്ടവനും അവന്റെ നിർദേശപ്രകാരം നിലയുറപ്പിച്ചവനുമാകുന്നു. ഓരോ ചുവടിലും അവൻ എന്നോടൊപ്പമുണ്ട് അവൻ തീരുമാനിച്ച സകല പ്രവർത്തനങ്ങളെയും പരിപൂർണതയിലേക്ക് എത്തിക്കാതെ കണ്ട് അവൻ എന്നെ നഷ്ടപ്പെടുത്തുകയോ എന്റെ ജമാഅത്തിനെ നശിപ്പിക്കുകയോ ചെയ്യുന്നതല്ല. (അർബയീൻ ഭാഗം 2, റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 348)

ആത്മവിശ്വാസത്തോടെയുള്ള ഈ അതിശക്തമായ അനുഗൃഹീത വാക്കുകൾ മനുഷ്യകുലത്തിന്റെ സന്മാർഗത്തിനും മാർഗദർശനത്തിനുമായി ഇക്കാലഘട്ടത്തിൽ അല്ലാഹു അയച്ച പരിശുദ്ധ വ്യക്തിയുടേതാകുന്നു.

1882-ന്റെ ആദ്യത്തിൽ അല്ലാഹു അദ്ദേഹത്തിന് *ഖുൽ ഇന്നീ ഉമിർത്തു വ അന അവ്വലുൽ മുഅ്മിനീൻ* എന്ന വെളിപാടിറക്കി. ഇത് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചുകൊണ്ടുള്ള ആദ്യ വെളിപാടായിരുന്നു. പിന്നീട് ഏതൊരു ഇമാം മഹ്ദിയും മസീഹ് മൗഊദും വരുമെന്നാണോ മുസ്‌ലിം ഉമ്മത്തിനോടു വാഗ്ദാനം ചെയ്തത് അത് അദ്ദേഹത്തിൽ പൂർത്തിയായി കഴിഞ്ഞിരിക്കുന്നുവെന്നും വ്യക്തമാക്കുകയും നബി(സ) തിരുമേനിയുടെ പ്രാതിനിധ്യത്തിൽ ഇമാം മഹ്ദിയുടെയും മസീഹിന്റെയും സ്ഥാനം അദ്ദേഹത്തിന് പ്രധാനം ചെയ്യപ്പെടുകയും ചെയ്തു.

1889 മാർച്ച് 23, ഇസ്‌ലാമിക ചരിത്രത്തിലെ അനുഗൃഹീത ദിനമാണ്. അന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആത്മാർഥരായ 40 പേരിൽനിന്ന് ബയ്അത്ത് സ്വീകരിച്ചുകൊണ്ട് ഈ പരിശുദ്ധ ജമാഅത്തിന് തുടക്കംകുറിച്ചത്. വാഗ്ദാനം ചെയ്യപ്പെട്ടപ്രകാരം ഈ അവസാനകാലത്ത് അത് പൂർത്തിയാവേണ്ടതുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ, അല്ലാഹു നിയോഗിച്ച ആദ്യ നാളുകളിൽ അദ്ദേഹം തികച്ചും തനിച്ചായിരുന്നു. ഭൗതികരായ സഹായികളോ സാമഗ്രികളോ ഒന്നുമുണ്ടായിരുന്നില്ല. അതിനെക്കുറിച്ച് അവിടന്ന് പറഞ്ഞു:

*മെ ഥാ ഗരീബൊ ബേകസൊ ഗുമ്നാമ് ബേഹുനർ*
*കോയി ന ജാൻതാ ഥാ കെ ഹെ ഖാദിയാൻ കിധർ.*

ഒരു കാലത്ത് ഖാദിയാൻ എന്ന പേരുപോലും ജനങ്ങൾക്ക് അറിയില്ലായിരുന്നു. ആകാശ ഭൂമികളുടെ സ്രഷ്ടാവും പരിപാലകനുമായ അല്ലാഹു അത്തരം ഒരു കാലഘട്ടത്തിൽ മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ട് പറഞ്ഞു:

*മെ തേരി തബ്‌ലീഗ് കൊ സമീൻ കെ കിനാരോൻ തക് പഹുഞ്ചാഊങാ*

ഞാൻ നിന്റെ സന്ദേശത്തെ ഭൂലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ്.

*മെ തുജെ ബർക്കത്ത് പർ ബർക്കത്ത് ദൂങാ യഹാൻ തക് കെ ബാദ്ശാഹ് തേരെ കപ്ഡോൻ സെ ബർക്കത്ത് ഡൂണ്ഡേംഗെ.*

രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടുംവിധം ഞാൻ നിനക്ക് അനുഗ്രഹത്തിന്മേൽ അനുഗ്രഹം നൽകുന്നതാണ്.

*യഅ്തീക മിൻ കുല്ലി ഫജ്ജിൻ അമീഖ് യഅ്തൂന മിൻ കുല്ലി ഫജ്ജിൻ അമീഖ്.*

വഴികൾ കുണ്ടും കുഴിയുമാകുംവിധം ജനങ്ങൾ നിന്റെ അടുക്കലേക്ക് വരുന്നതാണ്.

*യൻസ്വുറുക്ക രിജാലുൻ നൂഹീ ഇലയ്ഹിമ്മിനസ്സമാഅ്*

ആകാശത്തിൽനിന്ന് നാം വെളിപാടിറക്കുന്ന ആളുകൾ നിന്നെ സഹായിക്കുന്നതാണ്.

ഈ വാഗ്ദാനങ്ങൾ പ്രകാരം തുടക്കംമുതൽ മഴവർഷിക്കുംവിധമാണ് അല്ലാഹു തന്റെ അനുഗ്രഹങ്ങൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ലും അവിടത്തെ ജമാഅത്തിലും വർഷിച്ചുകൊണ്ടിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പുലരുകതന്നെ ചെയ്യുമെന്നതിലും ജമാഅത്തിനുമേൽ ദൈവികാനുഗ്രഹങ്ങൾ വർഷിക്കുമെന്നതിലും ദൃഢഗാഢമായ വിശ്വാസമായിരുന്നു.

അദ്ദേഹം പറയുന്നു:

ഞാനും ആകാശത്തുനിന്നുള്ള സൈന്യങ്ങളും നിന്നോടൊപ്പമുണ്ട് എന്ന ഉറപ്പ് നൽകപ്പെടാതെകണ്ട് എന്റെ ഒരു രാത്രിപോലും കടന്നുപോകാറില്ല. (ഉമീമ തുഹ്ഫയെ ഗോൾഡവിയ, റൂഹാനി ഖസാഇൻ, വാള്യം 17 , പേജ് 49)

ദൈവിക വാഗ്ദാനങ്ങളിലുള്ള പൂർണ വിശ്വാസത്തിന്റെയും സഹായങ്ങളുടെയും കാര്യത്തിൽ സധൈര്യം അവിടന്ന് പ്രഖ്യാപിച്ചു:

നോക്കൂ! ആ കാലം സമീപസ്ഥമാണ്. അതുവളരെ അടുത്തെത്തിയിരിക്കുന്നു. അല്ലാഹു ഈ ജമാഅത്തിന് ലോകത്ത് വലിയ സ്വീകാര്യത നൽകുന്നതായിരിക്കും. ഈ ജമാഅത്തിനെ അവൻ കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമെല്ലാം വ്യാപിപ്പിക്കുന്നതാണ്. ലോകത്ത് ഇസ്‌ലാമെന്നാൽ അഹ്മദിയ്യത്ത് മാത്രമായിരിക്കും. ഇവ മനുഷ്യന്റെ വാക്കുകളല്ല. ഏതൊരുവനിൽനിന്ന് ഒന്നും അസാധ്യമാകുന്നില്ലയോ ആ അല്ലാഹുവിന്റെ വഹ്‌യുകളാകുന്നു.(തുഹ്ഫയെ ഗോൾഡവിയ, റൂഹാനി ഖസാഇൻ, വാള്യം 17, പേജ് 182)

വീണ്ടും പറയുന്നു:

മനുഷ്യ സമൂഹമേ! കേട്ടുകൊള്ളുവിൻ! ഇത് ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിൽനിന്നുള്ള പ്രവചനമാകുന്നു. അവൻ തന്റെ ഈ ജമാഅത്തിനെ മുഴുലോകത്തും പരത്തുന്നതാണ്. തെളിവുകൾ കൊണ്ടും പ്രമാണങ്ങൾ കൊണ്ടും എല്ലാവരുടെയുംമേൽ ഇതിന് വിജയം നൽകുന്നതാണ്. ആദരവോടെ സ്മരിക്കപ്പെടുന്ന മതം ഇതൊന്ന് മാത്രമായിരിക്കും. ആ നാളിതാ വരുന്നു. അല്ല, അത് സമീപസ്ഥമായിരിക്കുന്നു. അല്ലാഹു ഈ മതത്തിലും ജമാഅത്തിലും മഹത്തായ ഉന്നതിയിലുള്ള അമാനുഷിക അനുഗ്രഹങ്ങൾ ചൊരിയുന്നതാണ്. ഇതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന സകലരും പരാജയപ്പെടുന്നതാണ്. ഈ വിജയം ഖിയാമത്തുനാൾവരെ നിലനിൽക്കുന്നതാണ് .... ഞാൻ ഒരു വിത്ത് പാകുന്നതിന് വന്നിരിക്കുന്നു. എന്റെ കരങ്ങളാൽ ആ വിത്ത് വിതയ്ക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനി ഇത് വളരും പുഷ്പിക്കും. ഇതിനെ തടയാൻ ആർക്കും സാധ്യമല്ല. (തദക്കിറത്തുൽ ശഹാദത്തയ്ൻ, റൂഹാനി ഖസാഇൗൻ, വാള്യം 2 , പേജ് 66).

മാന്യശ്രോതാക്കളേ! അല്ലാഹുവിന്റെ വാഗ്ദാനങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇത്തരം പ്രവചനങ്ങളും അനുസരിച്ച് ദൈവികാനുഗ്രഹങ്ങളുടെ ആത്മീയവർഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കാലത്ത് മാത്രമല്ല അവിടത്തെ ഖലീഫമാരുടെ കാലങ്ങളിലും ഇറങ്ങിക്കൊണ്ടിരുന്നു. ഇപ്പോൾ നാം കഴിഞ്ഞ ഇരുപത് വർഷമായി അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടത്തിൽ ദൈവികാനുഗ്രഹങ്ങളെ നമ്മുടെ കണ്ണുകൾകൊണ്ടു കണ്ടുകൊണ്ടിരിക്കുകയാണ്. അല്ലാഹു തന്റെ മസീഹിനോട് ചെയ്ത ഓരോ വാഗ്ദാനങ്ങളും അഞ്ചാം ഖലീഫയുടെ ഈ അനുഗൃഹീത കാലഘട്ടത്തിലും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നുവെന്നതിന് ഇവിടെ ജൽസയിൽ പങ്കെടുക്കുന്ന നമ്മളോരുരുത്തരും

സാക്ഷികളാണ്. അഹ്മദിയ്യാ ജമാഅത്തിനുമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അതുമുഖേനയുള്ള ജമാഅത്തിന്റെ പുരോഗതിയും അനന്തമായ കടൽപോലെ നീണ്ടുകിടക്കുന്നു. അതിന്റെ ആഴവും വലുപ്പവും അളക്കുകയെന്നത് ബലഹീനനായ മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. ഏതുവിധേന പരിശോധിച്ചാലും മനുഷ്യനെ അത്ഭുതപ്പെടുത്തുംവിധമുള്ള അതിമഹത്തായ ദൈവിക സഹായങ്ങളും വിജയങ്ങളുമാണ് ജമാഅത്തിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ കാഴ്ചകൾ ഒന്നോ രണ്ടോ ദിവസമോ വർഷമോ അല്ല, പ്രത്യുത നോക്കെത്താ ദൂരത്തോളം നീണ്ടു കിടക്കുന്ന സമുദ്രം കണക്കെ കഴിഞ്ഞ 144 വർഷങ്ങളെ വലയം ചെയ്ത് തിരമാലകൾപോലെ അടിച്ചുയർന്നുകൊണ്ടിരിക്കുന്നു. അത് കാണുമ്പോൾ കണ്ണുകൾക്ക് കുളിർമയുണ്ടാകുന്നു.

**ആത്മീയ വിപ്ലവം**

മാന്യശ്രോതാക്കളെ, ഏതൊരു ആത്മീയവിപ്ലവത്തിനായാണോ ഹദ്റത്ത് മസീഹ് മൗഊദ് (അ)ആവിർഭവിച്ചത് അത് വെളിപ്പെടുന്നതിന് 1400 വർഷത്തിൽ കാണാനാവാത്തവിധമുള്ള ദൈവിക സഹായങ്ങളും അനുഗ്രഹങ്ങളുമാണ് ജമാഅത്തിനുമേൽ ഉണ്ടായിട്ടുള്ളത്. ഖാദിയാൻ എന്ന കുഗ്രാമത്തിൽനിന്നുദിച്ചുയർന്ന ആ കിരണം മുഹമ്മദീ പ്രകാശത്താൽ സാവകാശം ലോകം മുഴുവൻ പരക്കണമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)*യുഹ്യിദ്ദീന വ യുഖീമുശ്ശരീഅ* അനുസരിച്ച് ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കുന്നതിനും മുഹമ്മദുനബി(സ)തിരുമേനിയുടെ യഥാർഥ ദീനിനെ നിലനാട്ടുന്നതിനും വേണ്ടിയാണ് ആവിർഭവിച്ചത്. അദ്ദേഹത്തിന്റെ ആവിർഭാവത്തോടെ സൃഷ്ടിപൂജ അവസാനിപ്പിച്ച് ലോകത്ത് തൗഹീദ് സ്ഥാപിച്ചു. ലോകത്തുനിന്ന് കുഴപ്പങ്ങളും ദുരാചാരങ്ങളും അനാചാരങ്ങളും അവസാനിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നുകൊണ്ട് ജമാഅത്തംഗങ്ങൾ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)പരിചയപ്പെടുത്തിയ ജീവനുള്ള യഥാർഥ ദൈവത്തെ പ്രാപിച്ചവരായിത്തീർന്നു. ദൈവം തന്നെയില്ലെന്ന ചിന്താഗതിയിൽ ആകൃഷ്ടരായവരുമുണ്ടായിരുന്നു. എന്നല്ല നിരീശ്വരവാദികളായവരുമുണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്തരക്കാർ വീണ്ടും അല്ലാഹുവിനെ തിരിച്ചറിഞ്ഞ് അവനിലേക്കുവന്ന് അവനുമായി സംഭാഷണം നടത്തി നവംനവങ്ങളായ ദൃഷ്ടാന്തങ്ങൾ തങ്ങളുടെ കണ്ണുകൾ കൊണ്ട് ദർശിക്കുന്നവരായിത്തീർന്നു. അവർ *ഉജീബു ദഅ്‌വത്തദ്ദായി ഇദാ ദആനി* എന്നത് സ്വയം അനുഭവിച്ചറിഞ്ഞ് ദൈവിക വെളിപാടുകളും ദർശനങ്ങളും മുഖേന അവന്റെ സാമിപ്യത്തിന്റെ മാധുര്യം രുചിക്കുന്നവരായിത്തീർന്നു. ദൈവമില്ലെന്ന് കരുതിയിരുന്ന അത്തരക്കാർ ദൈവമനുഷ്യരായി തീർന്നെന്ന് മാത്രമല്ല ദൈവിക വർണം ചാർത്തപ്പെട്ടവരായി മാറിക്കൊണ്ട് മറ്റുള്ളവർക്കും സന്മാർഗത്തിന് കാരണക്കാരായിത്തീർന്നു.

*വൊ ഖുദാ അബ് ഭീ ബനാത്താ ഹെ ജിസെ ചാഹെ കലീം*
*അബ് ഭീ ഉസ് സെ ബോൽത്താ ഹെ ജിസ് സെ വൊ കർത്താ ഹെ പ്യാർ*

(ആ ദൈവം ഇഷ്ടപ്പെടുന്നവരെ ഇന്നും താൻ സംസാരിക്കുന്നവനാക്കുന്നു. അവൻ സ്നേഹിക്കുന്നവരുമായി ഇപ്പോഴും അവൻ സംസാരിക്കുന്നു.)

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ അനുചരന്മാരെ സംബന്ധിച്ച് പറയുന്നു:

> എനിക്ക് ബയ്അത്ത് ചെയ്ത ആയിരക്കണക്കിനാളുകളിൽ മൂസാനബി(അ)യുടെ ജീവിതത്തിൽ അദ്ദേഹത്തിൽ വിശ്വസിച്ച അനുയായികളേക്കാൾ എത്രയോ ഉന്നതമായ മാറ്റങ്ങളാണ് ഞാൻ കാണുന്നത്. അവരിൽ സ്വഹാബാക്കളിലുണ്ടായിരുന്ന വിശ്വാസത്തിന്റെയും കഴിവുകളുടെയും പ്രകാശം ഞാൻ ദർശിക്കുന്നു.... എന്റെ ജമാഅത്ത് നന്മകളിലും കഴിവുകളിലും ഉണ്ടാക്കിയിരിക്കുന്ന ഈ മാറ്റം ഒരു അത്ഭുത ദൃഷ്ടാന്തമായി ഞാൻ കാണുന്നു. ആയിരക്കണക്കിനാളുകൾ തങ്ങളെ ഹൃദയാത്മന സമർപ്പിച്ചവരാണ്. ഇന്ന് അവരോട് നിങ്ങളുടെ സകല സമ്പത്തും ഉപേക്ഷിക്കാൻ പറഞ്ഞാൽ അതിന് അവർ തയ്യാറാവുന്നതായിരിക്കും. (അൽഫള്ൽ ഇന്റർനാഷണൽ, 2006 സെപ്റ്റംബർ 15-21)

**ദൈവകരങ്ങളാൽ നടപ്പെട്ട ചെടി:**

മാന്യശ്രോതാക്കളെ, ആയിരക്കണക്കിന് എതിർപ്പുകളുണ്ടായിട്ടും അത്ഭുതകരമായ നിലയിൽ ഈ ജമാഅത്ത് പുരോഗതി നേടിക്കൊണ്ടിരിക്കുന്നു എന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഹത്തായ സവിശേഷതയാണ്. വിശുദ്ധ ഖുർആനിൽ സൂറത്തുൽ ഫത്ഹിൽ ദൈവിക ജമാഅത്തുകളുടെ ആരംഭ കാലത്തെ ഉദാഹരിച്ചിരിക്കുന്നത് നിസ്സാരമായ ഒരു കൃഷിവിത്തിനോടാണ്. അത് അതിന്റെ മുള പുറത്തു കൊണ്ടുവരികയും പിന്നീട് സാവകാശം വൻവൃക്ഷമായിത്തീരുകയും ചെയ്യുന്നു. അത് കാണുമ്പോൾ അതിന് ജലസേചനം നടത്തുന്ന വിശ്വാസികളുടെ ജമാഅത്തിന് കൗതുകവും സന്തോഷവും ജനിക്കുന്നു. എന്നാൽ, അവിശ്വാസികൾ കോപാഗ്നിയാൽ ജ്വലിക്കുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ദൈവകരങ്ങളാൽ നടപ്പെട്ട ചെടിയല്ലാതിരിക്കുകയും മനുഷ്യകരങ്ങൾ കൊണ്ടുള്ള വല്ല ജാലവിദ്യയുമായിരുന്നെങ്കിൽ മസീഹ് മൗഊദ്(അ)ന്റെ വഫാത്തോടുകൂടി ഈ ജമാഅത്ത് നാമാവശേഷമാകണമായിരുന്നു. അദ്ദേഹത്തിന്റെ വഫാത്ത് വേളയിൽ വഫാദാർ പത്രം എഴുതുകയുണ്ടായി:

> മിർസാ സാഹിബിനുശേഷം ഈ ജമാഅത്ത് നശിച്ചു പോവുകയാണെങ്കിൽ മിർസാ വ്യാജനാണെന്ന് മനസ്സിലാക്കിക്കൊള്ളുക. എന്നാൽ, അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ജമാഅത്തോ അല്ലെങ്കിൽ പ്രതിനിധിയോ പുരോഗതി നേടിക്കൊണ്ട് അദ്ദേഹത്തോടുള്ള സ്നേഹത്തിൽ വിലയം പ്രാപിച്ച് വിജയം വരിക്കുകയാണെങ്കിൽ മിർസാ സത്യവാനും ദിവ്യവെളിപാടുകളാൽ അനുഗ്രഹിക്കപ്പെട്ട വ്യക്തിത്വവുമാണെന്ന് മനസ്സിലാക്കിക്കൊള്ളുക. ഇനി അദ്ദേഹത്തിന്റെ ജമാഅത്തോ പ്രതിനിധിയോ പരാജയപ്പെട്ട് നാമാവശേഷമാകുകയാണെങ്കിൽ ഇത്തരം മതപ്രചാരണം അല്ലാഹു ഇഷ്ടപ്പെടുന്നില്ലെന്നും മനസ്സിലാക്കിക്കൊള്ളുക. (വഫാദാർ പത്രം, 1908 ജൂലായ് 14, ലാഹോർ)

മാന്യ ശ്രോതാക്കളേ! ശജ്റയെഅഹ്മദിയ്യത്തെന്ന ഈ വൻവൃക്ഷം അഖ്റജശത്അഹു എന്ന പ്രകാരം അതിന്റെ മുള പുറത്തുകൊണ്ടുവന്ന രൂപത്തിലായിരുന്നു. അതിനെ ചവിട്ടിമെതിച്ച് ഇല്ലാതാക്കാൻ വിരോധികളും എതിരാളികളും സർവവിധേനയും പരിശ്രമിക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖുലഫാഇന്റെയും കാലംതൊട്ട് ഇപ്പോൾ അഞ്ചാം ഖിലാഫത്തിന്റെ കാലഘട്ടത്തിലും അതിനുള്ള ശ്രമം നടത്തിവരികയാണ്. എന്നാൽ, അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം ഇത് വളരുകയും വ്യാപിക്കുകയും ചെയ്യുകയുണ്ടായി. ഒരു ഭാഗത്ത് ലിയഗീള ബിഹിമുൽ കുഫ്ഫാർ പ്രകാരം എതിരാളികൾക്ക് കോപം വർധിച്ചു കൊണ്ടിരുന്നു. എന്നാൽ, മറുഭാഗത്ത് അല്ലാഹു തന്റെ വാഗ്ദാന പ്രകാരം അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിന് ഓരോ നിമിഷവും ഓരോ ദിവസവും തന്റെ സഹായങ്ങളും അനുഗ്രഹങ്ങളും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ എതിരാളികളെ സംബോധന ചെയ്തു കൊണ്ടുപറയുന്നു:

> നിങ്ങളുടെ കഠിനതരമായ എതിർപ്പുകളും ശത്രുതാപരമായ പ്രാർഥനകളുമുണ്ടായിട്ടും അവനെന്നെ ഉപേക്ഷിച്ചിട്ടില്ലെന്നത് നിങ്ങൾ കാണുന്നില്ലേ? ഓരോ മൈതാനത്തും അവനെന്നെ സഹായിച്ചു. എനിക്കുനേരെ എറിയപ്പെട്ട കല്ലുകൾ അവൻ തന്റെ കരങ്ങൾ കൊണ്ട് തടഞ്ഞു. എന്റെ നേരെ തൊടുത്തുവിട്ട ശരങ്ങൾ ശത്രുക്കളിലേക്കുതന്നെ തിരിച്ചയച്ചു. ഞാൻ നിരാലംബനായിരുന്നു. അവനെന്നെ സംരക്ഷിച്ചു. ഞാൻ തനിച്ചായിരുന്നു. അവനെനിക്ക് തന്റെ സാമിപ്യം നൽകി. ഞാനൊന്നുമായിരുന്നില്ല. അവനെനിക്ക് ആദരവോടുകൂടി ഇടം നൽകി. ലക്ഷക്കണക്കിന് മനുഷ്യമനസ്സുകളിൽ എനിക്ക് സ്ഥാനം നൽകി.... ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിക്കുന്ന വേളയിൽ ഞാനാരാലും അറിയപ്പെട്ടിരുന്നില്ല. അമൃതസറിലെ റജബലി എന്ന ഒരു പാതിരിയുടെ അച്ചടി ശാലയിലാണ് എന്റെ ബറാഹീനെ അഹ്മദിയ്യാ എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. അതിന്റെ പ്രൂഫ് പരിശോധിക്കുന്നതിനും മറ്റും ഞാൻ തനിച്ചായിരുന്നു അമൃതസറിൽ പോയിവന്നിരുന്നത്. നിങ്ങളാരാണെന്ന് പോലും ആരും ചോദിക്കുമായിരുന്നില്ല. എന്നെ ആർക്കും അറിയുകയുമില്ലായിരുന്നു. എനിക്ക് മാന്യമായ ഒരു പദവിയുമില്ലായിരുന്നു. പ്രവചനങ്ങളെ അത്ഭുതത്തോടെ കണ്ടുകൊണ്ട് ആ പാതിരി സംസാരിക്കാറുണ്ടായിരുന്നു. ഒരു നിസ്സാര മനുഷ്യനിലേക്ക് ലോകം മുഴുവൻ തിരിയുമെ ന്നുള്ളതൊക്കെ എങ്ങനെ സംഭവിക്കാനാണ്? എന്നാൽ, അതൊന്നും എന്നിൽ നിന്നുള്ളതായിരുന്നില്ല. എല്ലാം അല്ലാഹുവിൽ നിന്നുള്ളതായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ കാര്യങ്ങളും യഥാസമയം പുലരുകയും പൂർത്തിയായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. (ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, റൂഹാനീ ഖസാഇൻ, വാള്യം 21, പേജ് 79)

അഹ്മദിയ്യാ ഖിലാഫത്തിന്റെ കാലഘട്ടങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം ഒന്നാം ഖിലാഫത്തിനുമേൽ ആരോപണങ്ങളുയർത്തിക്കൊണ്ട് ജമാഅത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനുള്ള ശ്രമം നടന്നു. രണ്ടാം ഖിലാഫത്തിൽ ഒന്നിന് പിറകെ മറ്റൊന്നായി വിവിധ തരത്തിലുള്ള കുഴപ്പങ്ങൾ തലപൊക്കി. അഹ്റാരികൾ സൃഷ്ടിച്ച കുഴപ്പം രാജ്യത്ത് മുഴുവനും എതിർപ്പുകളുയർത്തിയിരുന്നു. മൂന്നാം ഖിലാഫത്ത് കാലഘട്ടത്തിൽ ജമാഅത്തിനുമേൽ ഭരണകൂടം അക്രമപരമായ നിയമങ്ങൾ നടപ്പിലാക്കി. ശത്രുക്കൾ അത് ആയുധമാക്കി ജമാഅത്തിനെ തകർക്കാൻ ശ്രമിച്ചു. നാലാം ഖിലാഫത്ത് കാലത്ത് ഒരു അക്രമിയായ ഭരണാധികാരി നിഷ്ഠൂര നിയമം അടിച്ചേൽപ്പിച്ച് അഹ്മദികളുടെ ജീവിതം ദുസ്സഹമാക്കാൻ പരിശ്രമിച്ചു. നഊദുബില്ലാഹ് അഹ്മദിയ്യത്ത് ഒരു ക്യാൻസറാണെന്നും അതിനെ വേരോടെ പിഴുതെറിയുമെന്നും അയാൾ വീമ്പിളക്കി. ഇപ്പോൾ അഞ്ചാം ഖിലാഫത്ത് കാലഘട്ടത്തിലും പലവിധ കാരണങ്ങളും പറഞ്ഞ് ജമാഅത്തിനെപ്രയാസത്തിലകപ്പെടുത്താൻ അവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. നൂറിലധികം അഹ്മദികളെ ശഹീദാക്കുകയുണ്ടായി.

മാന്യശ്രോതാക്കളെ, എന്നാൽ, എല്ലാ വേളകളിലും ശത്രുക്കൾ നിന്ദിതരായിത്തീർന്നതിന് നിങ്ങൾ സാക്ഷികളല്ലേ? അവരുടെ എല്ലാ പദ്ധതികളെയും

ആസൂത്രണങ്ങളെയും എല്ലാ സമയത്തും അല്ലാഹു തകർത്ത് തരിപ്പണമാക്കിയില്ലേ? അതോടൊപ്പം മറുഭാഗത്ത് അല്ലാഹു തന്റെ പ്രത്യേക കാരുണ്യ കടാക്ഷത്താൽ തന്റെ വാഗ്ദാന പ്രകാരം ജമാഅത്തിന് വിജയങ്ങൾക്കുമേൽ വിജയം നൽകിക്കൊണ്ട് 213 രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു.

*തുമെ മിട്ടാനേ കാ സഅം ലേകർ ഉഠേ ഹെ*
*ജൊ ഖാക് കെ ബഗോലെ*
*ഖുദാ ഉഡാ ദേഗ ഖാക് ഉൻകി, കരേഗാ റുസ്വായേ ആം കഹ്ന*
*നിങ്ങളെ ഉന്മൂലനം ചെയ്യുമെന്ന ഊറ്റത്തോടെ ആഞ്ഞുവീശി പൊടിക്കാറ്റ്. പറയുക. അല്ലാഹു അവരുടെ പൊടി പറപ്പിച്ചുകളയുന്നതാണ്. അവരെ അപമാനിക്കുന്നതാണ്.*

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

> ഇത്രയും വേഗത്തിൽ നമ്മുടെ ജമാഅത്ത് വളർച്ച പ്രാപിച്ചതുപോലെ ഒരു വൃക്ഷവുംതന്നെ ഫലം നൽകാറില്ല. ഇത് അല്ലാഹുവിന്റെ അത്ഭുതകരമായ പ്രവൃത്തിയാകുന്നു. അവന്റെ അടയാളവും ദൃഷ്ടാന്തവുമാകുന്നു. (മൽഫൂദാത്ത്, വാള്യം 4, പേജ് 176, 1985 ഇംഗ്ലണ്ട് പതിപ്പ്)

**ദൈവികമായ പണിപ്പുരയുടെ പഞ്ചശാഖകൾ**

ദൈവിക സുവാർത്തകൾ പ്രകാരം പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദ് മഹ്ദി മഅ്ഹൂദിന്റെ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനരുജ്ജീവനം വിധിക്കപ്പെട്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)1891-ൽ ഇസ്‌ലാമിന്റെ വാഗ്ദത്ത പുരോഗതിക്കും പുനരുജ്ജീവനത്തിനുംവേണ്ടി പഞ്ചശാഖകളുടെ അടിത്തറ ഇടുന്നതായി വിളംബരപ്പെടുത്തുകയുണ്ടായി. പഞ്ചശാഖകളിൽ ഒന്ന് സാഹിത്യസൃഷ്ടിയുടേയും പ്രസിദ്ധീകരണങ്ങളുടേയും പ്രസ്ഥാനമാകുന്നു. രണ്ടാമത്തെ ശാഖ ലഘുലേഖകൾ പ്രസിദ്ധീകരിക്കാനുള്ള ഏർപ്പാടാകുന്നു. മൂന്നാമത്തെ ശാഖ ആദരണീയരായ അതിഥികളുടെ ആഗമനമാണ്. നാല് കത്തിടപാടുകൾ, അഞ്ച് ശിഷ്യന്മാരുടെയും അനുയായികളുടെയും ശൃംഖല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലംഘട്ടംതൊട്ടുതന്നെ ഇസ്‌ലാമിന്റെ ഈ ശാഖകൾ പുതുമയോടെ അല്ലാഹുവിന്റെ സഹായങ്ങളുടെയും അനുഗ്രഹങ്ങളുടെയും ഫലമായി പുഷ്പിക്കുകയും മഹനീയ ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്തു. ദൈവിക വാഗ്ദാന പ്രകാരം അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഖിലാഫത്ത് നിലവിൽ വന്നു. ഖിലാഫത്തിന്റെ അനുഗൃഹീതമായ ഓരോ കാലഘട്ടത്തിലും ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനങ്ങൾ സുസ്ഥിരതയോടെ നടന്നുവരികയും ഈ ശാഖകളെല്ലാം കായ്കളും കനികളും നൽകിക്കൊണ്ടിരിക്കുകയും ചെയ്തു. അഞ്ചാം ഖിലാഫത്തിന്റ വിപ്ലവാത്മകമായ ഇക്കാലത്ത് *ഇന്നീ മഅക്ക യാ മസ്റൂർ* എന്ന വാഗ്ദാനം അത്ഭുതാവഹമായ നിലയിൽ പുലരുന്നത് നമ്മുടെ കണ്ണുകൾകൊണ്ട് നമ്മൾ കാണുന്നു. സമയപരിധികാരണത്താൽ ഈ ശാഖകളെ കുറിച്ച് സംഗ്രഹിച്ച് പറയാം.

*(1) സാഹിത്യസൃഷ്ടിയുടേയും പ്രസിദ്ധീകരണങ്ങളുടേയും പ്രസ്ഥാനം.*

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലംതൊട്ടുതന്നെ ഈ ശാഖയുടെ കീഴിൽ അല്ലാഹുവിന്റെ അനവധി അനുഗ്രഹങ്ങൾ ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് എതിരാളികൾ എഴുപത് അലമാരകളിലായിരുന്നുആരോപണം ഉന്നയിച്ചതെങ്കിൽ ഇന്ന് ലോകത്ത് പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങളെ എഴുപതിലൊ എഴുന്നൂറിലൊ ഏഴായിരത്തിലൊ ഒതുക്കാവുന്നതല്ല. എന്നല്ല ഏഴുലക്ഷം അലമാരകളിലും നിറക്കാൻ കഴിയുകയില്ല. ആയിരങ്ങളിൽ ആരംഭിച്ച പ്രസിദ്ധീകരണങ്ങൾ ഇന്ന് അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടത്തിൽ ലക്ഷങ്ങളിലെത്തിയിരിക്കുന്നു. ഒരുപാട് രാജ്യങ്ങളിൽ ജമാഅത്തിന്റെ പ്രസ്സ് പ്രവർത്തിച്ച് വരുന്നു. അവയിൽനിന്ന് ഓരോ വർഷവും ലക്ഷക്കണക്കിന് പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്.

അഞ്ചാം ഖിലാഫത്തിന്റെ ഇക്കാലഘട്ടത്തിൽ വർഷന്തോറും ഒമ്പതോ പത്തോ ലക്ഷത്തോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് ലീഫ്‌ലെറ്റുകളും നോട്ടീസുകളും അവയ്ക്കു പുറമെയാണ്. പത്തൊമ്പതിലധികം പുതിയ ഭാഷകളിൽ ഖുർആൻ തർജമയും തഫ്സീർ നോട്ട്സുകളും പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇതുവരെ ജമാഅത്ത് പ്രസിദ്ധീകരിച്ച വിശുദ്ധ ഖുർആൻ പരിഭാഷയുടെ എണ്ണം എഴുപത്തിയാറാണ്. തർജമ ചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ കോടിക്കണക്കിന് വരും.

*(2)രണ്ടാമത്തെ ശാഖ ലഘുലേഖകൾ പ്രസിദ്ധീകരിക്കാനുള്ള ഏർപ്പാടാകുന്നു.*

ഇസ്‌ലാമിക പ്രസിദ്ധീകരണത്തിന്റെ രണ്ടാമത്തെ ശാഖ ലഘുലേഖകൾ പ്രസിദ്ധീകരിക്കുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിന്റെ ആദ്യത്തെ മൂന്നു വർഷത്തിൽ ഇരുപതിനായിരം ലഘുലേഖകൾ പ്രസിദ്ധീകരിച്ചപ്പോൾ അവിടന്ന് ഒരുപാട് സന്തോഷിച്ചിരുന്നു. എന്നാൽ, ഇന്ന് അത് ലക്ഷക്കണക്കിനെന്നല്ല കോടിക്കണക്കിനായിരിക്കുന്നു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ഖിലാഫത്ത് ജൂബിലി വേളയിൽ കുറഞ്ഞത് 10% ആളുകളിൽ ജമാഅത്തിന്റെ സന്ദേശമെത്തിക്കാൻ നിർദേശം നൽകിയിരുന്നു. അതുപ്രകാരം ലോകത്തുള്ള വിവിധ ഭാഷകളിൽ കോടിക്കണക്കിന് ലഘുലേഖകൾ പ്രസിദ്ധീകരിച്ച് സന്ദേശമെത്തിക്കാൻ സാധിച്ചിരിക്കുന്നു.

പത്രപ്രവർത്തന മേഖലയിലെ ഒരു വകുപ്പ് പത്രങ്ങളും മാസികകളുമാണ്. ജമാഅത്തും ധാരാളം പത്രങ്ങളും മാസികകളും പ്രസിദ്ധീകരിച്ചുവരുന്നു. മറ്റിതര പത്രങ്ങളിലൂടെയും ആയിരക്കണക്കിന് ജമാഅത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും അതിലൂടെ കോടിക്കണക്കിന് ആളുകളിൽ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കുകയും ചെയ്യുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അഞ്ചാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ പത്രപ്രവർത്തനം മാസ്സ് മീഡിയയുടെ രൂപം സ്വീകരിച്ചു. അതുമുഖേന ടി.വി, റേഡിയോ ചാനലുകളിലൂടെയും ഇസ്‌ലാമിന്റെ പ്രബോധനം നടന്നുകൊണ്ടിരിക്കുന്നു. എം.ടി.എ യുടെ എട്ടു ചാനലുകളിലൂടെയും ഇരുപത്തിയേഴ് റേഡിയോ സ്റ്റേഷനുകളിലൂടെയും രാവും പകലും ലോകത്തുള്ള വിവിധ ഭാഷകളിൽ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശം ലോകത്തിന്റെ കോണുകളിലെത്തിച്ചുകൊണ്ടിരിക്കുന്നു.

*3) മൂന്നാമത്തെ ശാഖ ആദരണീയരായ അതിഥികളുടെ ആഗമനമാണ്.*

ഇസ്‌ലാമിക പ്രചാരണത്തിന്റെ മൂന്നാമത്തെ ശാഖ അതിഥികളുടെ വരവുമായി ബന്ധപ്പെട്ടതാണ്. ഇതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

> ഏഴു വർഷത്തിൽ അറുപതിനായിരത്തിൽ പരം അതിഥികൾ വന്നിട്ടുണ്ടാകും. (ഫത്ഹെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 14)

എല്ലാ ഖലീഫമാരെയുംപോലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലായുടെ ദിനചര്യയിൽ പെട്ടകാര്യമാണ് ജമാഅത്തിൽ നിന്നും പുറത്തുനിന്നും വരുന്ന ആളുകളുമായുള്ള കൂടിക്കാഴ്ച. അതിൽ എല്ലാ വർഷവും നടക്കുന്ന യു.കെ.യിലെയും മറ്റു ഇതര രാജ്യങ്ങളിലെയും ജൽസകളിൽ വരുന്ന ആത്മീയ പറവകളെ കൂടാതെ ആ വർഷം വരുന്ന ആത്മാർഥരായിട്ടുള്ള ആളുകളും ഉൾപെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)1891-ൽ ഖാദിയാനിൽ ആരംഭിച്ച ജൽസസാലാന ഇന്ന് എമ്പതിലധികം രാജ്യങ്ങളിൽ നടന്നു വരുന്നു. അവിടങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ധർമഭോജനശാലയും പ്രവർത്തിക്കുന്നു. ലക്ഷക്കണക്കിന് അതിഥികളാണ് ജൽസകളിൽ പങ്കെടുക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഖാദിയാനിൽ ഏകാന്തതയിൽ കഴിഞ്ഞ നാളുകളിൽ 1882-ൽ *വസ്സിഅ് മക്കാനക്ക* നിന്റെ കെട്ടിടം വിശാലമാക്കുക എന്ന ഇൽഹാമുണ്ടായി. അതിലുണ്ടായിരുന്നത് ധാരാളമായി അതിഥികൾ വരുന്നതിനെ കുറിച്ചുള്ള സൂചനയായിരുന്നു. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) അന്നത്തെ സാമ്പത്തിക കഴിവനുസരിച്ച് വെറും മൂന്ന് കെട്ടിടം മാത്രമാണ് നിർമിച്ചിരുന്നത്. എന്നാൽ, അതിനുശേഷം ലോകത്താകമാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്കായി കെട്ടിട നിർമാണങ്ങളുടെ മനോഹരമായ കാഴ്ചകളാണ് കണ്ടു കൊണ്ടിരിക്കുന്നത്. അഞ്ചാം ഖിലാഫത്തിൽ ഇംഗ്ലണ്ട്, അമേരിക്ക, കാനഡ, ജർമനി, പാക്കിസ്താൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ പ്രത്യേകിച്ച് നമ്മൾ അതു കാണുന്നു. പ്രത്യേകിച്ചും പ്രഥമ കേന്ദ്രമായ ഖാദിയാനിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉണ്ടായിരിക്കുന്ന നിർമാണ പ്രവർത്തനങ്ങൾക്ക് സമാനതകളില്ല.

*4) ഇസ്‌ലാമിക പ്രചാരണത്തിന്റെ നാലാമത്തെ ശാഖ കത്തിടപാടുകളാണ്.*

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:


> ഈ കാലയളവിൽ തൊണ്ണൂറായിരത്തിലധികം കത്തുകൾ വരികയും അവയ്ക്കെല്ലാം


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

മറുപടികളയക്കുകയും ചെയ്തിരിക്കുന്നു.(ഫത്ഹെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 3 പേജ് 23).

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലശേഷം ഖലീഫമാരുടെ കാലഘട്ടത്തിലും കത്തിടപാടുകൾ മുഖേന തഅ്‌ലീം, തർബിയ്യത്ത്, ദഅ്‌വത്തെ ഇലല്ലാഹ് പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. അഞ്ചാം ഖിലാഫത്തിൽ ലഭ്യമായ എല്ലാ സംവിധാനങ്ങൾ മുഖേനയും ഈ പ്രവർത്തനംഅത്ഭുതാവഹമായി ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു. പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ വർഷത്തിൽ വരുന്ന കത്തുകളുടെ കണക്ക് മാത്രം പത്തുലക്ഷത്തിലധികമാണ്. വിവിധ രാജ്യങ്ങളിലെ കേന്ദ്രസ്ഥാപനങ്ങളിൽനിന്നും വരുന്ന റിപ്പോർട്ടുകൾ ഇതിനു പുറമെയാണ്.

A day in the life of Hazrat Khalifathul Masih a.b.z (youtube/mtaonline)

അല്ലാഹുവിന്റെ ഒരു അദൃശ്യകരം തീർച്ചയായും ഖിലാഫത്തിന്റെ പിന്നിലുണ്ടെന്നതിന് ഇതെല്ലാം സാക്ഷ്യമാണ്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ഖലീഫയായതിനുശേഷം ലോക സമാധാനത്തിന് വേണ്ടി ലോകത്തുള്ള വൻകിട രാജാക്കന്മാർക്കും നേതാക്കന്മാർക്കും കത്തുകളയക്കുന്നതിനുള്ള സാഹചര്യമു ണ്ടായി. അത് അഞ്ചാം ഖിലാഫത്തിനെ വ്യത്യസ്തമാക്കുന്ന ഒരു ചരിത്ര സംഭവം തന്നെയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് ലോകത്തുള്ള മുഴുവൻ ഭരണാധികാരികൾക്കും ആഗോള അപകടങ്ങളെ മുന്നിൽ കണ്ട് കൊണ്ട് സമാധാന സ്ഥാപനത്തിനുവേണ്ടി പരസ്പരം സഹകരിച്ച് പ്രയത്നിക്കാൻ കത്തുകളെഴുതുകയുണ്ടായി.

*5) അഞ്ച് ശിഷ്യന്മാരുടെയും അനുയായികളുടെയും ശൃംഖല:*

ഇസ്‌ലാമിക പ്രചാരണത്തിന്റെ അഞ്ചാമത്തെ ശാഖ ബയ്അത്തിൽ വരുന്ന അനുയായികളുടെ ശൃംഖലയാണ്. നാൽപതുപേരിൽ ആരംഭിച്ച ഈ സംഘം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിത കാലത്തുതന്നെ നാലുലക്ഷത്തിലെത്തിച്ചേരുകയുണ്ടായി. 1907 ഡിസംബർ 27-ന് ജുമുഅ ദിവസം ജൽസ സാലാന പ്രഭാഷണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

> വ്യാജപ്പെടുത്തിക്കൊണ്ടും നിഷേധിച്ചു കൊണ്ടും എതിരാളികളുടെ രാവും പകലുമുള്ള കഠിന പരിശ്രമം ഉണ്ടായിട്ടും ഈ ജമാഅത്ത് വർധിച്ച് കൊണ്ടിരിക്കുന്നു എന്നുള്ളത് അല്ലാഹുവിന്റെ മഹത്തായ അത്ഭുത ദൃഷ്ടാന്തമാണ്. നാല് ലക്ഷത്തിലധികം അംഗങ്ങൾ നമ്മുടെ ജമാഅത്തിലുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഇത് വലിയ ദൃഷ്ടാന്തം തന്നെയാണ്. എതിരാളികൾ രാവുംപകലും പരിശ്രമിച്ചിട്ടും ഈ ജമാഅത്തിനെ ഇല്ലാതാക്കാൻ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടും അല്ലാഹു ഈ ജമാഅത്തിനെ വർധിപ്പിച്ചു കൊണ്ടേയിരിക്കുന്നു. (മൽഫൂദാത്ത്, വാല്യം 5, പേജ് 374, പുതിയ എഡിഷൻ)

ഇന്ന് അഞ്ചാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ 213 രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. അതിൽ മുപ്പത്തിയെട്ട് രാജ്യങ്ങളിൽ അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടത്തിലാണ് ജമാഅത്ത് സ്ഥാപിതമായത്. തുടക്കത്തിൽ 40 പേരാണുണ്ടായിരുന്നതെങ്കിൽ പിന്നീടത് ആയിരങ്ങളും ലക്ഷങ്ങളുമായി വർധിച്ച് ഇന്ന് അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹ കടാക്ഷത്താൽ കോടികളിൽ പ്രവേശിച്ചിരിക്കുന്നു.അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീതമായ ഇരുപതു വർഷത്തിൽ ഒരു കോടിയിലധികം സൽപ്രകൃതക്കാരാണ് അഹ്മദിയ്യത്തിൽ പ്രവേശിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2022-23 വർഷത്തിൽ രണ്ട് ലക്ഷത്തി പതിനേഴായിരത്തി ഒരുനൂറ്റി അറുപത്തിയെട്ട് ബയ്അത്തുകളാണ് നടന്നത്. ആയിരത്തി പതിനാറ് സ്ഥലങ്ങളിൽ ആദ്യമായി അഹ്മദിയ്യത്ത് സ്ഥാപിതമായി. ലോകത്താകമാനം മുന്നൂറ്റി മുപ്പത് പുതിയ ജമാഅത്തുകൾ സ്ഥാപിതമായി. ഈ വർഷം നമ്മൾ പുതിയതായി നിർമിക്കുകയും ജമാഅത്തിന് ലഭിക്കുകയും ചെയ്ത മസ്ജിദുകളുടെ എണ്ണം 185 ആകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടപ്പുവർഷം 124 മിഷൻ ഹൗസുകളുടെ വർധനയുണ്ടായി. (2023-ലെ യു.കെ ജൽസസാലാന പ്രഭാഷണം)

**ഞാൻ നിന്റെ സന്ദേശത്തെ ഭൂലോകത്തിന്റെ അറ്റങ്ങൾവരെ എത്തിക്കുന്നതാണ്:**

1898-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു ഇൽഹാമിലൂടെ അറിയിച്ചു: ***ഞാൻ നിന്റെ സന്ദേശത്തെ ഭൂലോകത്തിന്റെ അറ്റങ്ങൾവരെ എത്തിക്കുന്നതാണ്.***

ഈ ഒരു ഇൽഹാംതന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യത്തിനുള്ള മതിയായ തെളിവാണ്. ഇന്ന് ഭൂലോകത്ത് ഏതു കോണും അറ്റവുമാണ് അഹ്മദിയ്യത്തിന്റെ പ്രകാശം എത്താത്തതായിട്ടുള്ളത്? ഈ ഇൽഹാമിന്റെ പൂർത്തീകരണം മുഖേന അല്ലാഹുവിന്റെ സുവിശേഷമായ വ അശ്റഖത്തിൽ അർളു ബിനൂറി റബ്ബിഹാ(ഭൂലോകം അതിന്റെ നാഥന്റെ പ്രകാശം മൂലം തിളങ്ങും-30:70)എന്നത് പൂർത്തിയായിരിക്കുന്നു.

ഒരു അനഹ്മദി മൗലവി പറയുന്നു:

> ഞങ്ങൾ മലേഷ്യയിൽപോയി അവിടെയും ഖാദിയാനികൾ! ഇന്തോനേഷ്യയിൽപോയി അവിടെയും ഖാദിയാനികൾ! ലോകത്തിന്റെ അറ്റമായ സൗത്ത് ആഫ്രിക്കയിലെ കേപ്ടൗൺ പട്ടണത്തിൽ പോയി അവിടെയും ഖാദിയാനികൾ! നമ്മുടെ പിതാവും സഹോദരൻ ജാവേദും ലോകത്തിന്റെ വടക്കേ അറ്റം നോർവേയിൽ പോയി അവിടെയും ഖാദിയാനികൾ! ലോകത്തിന്റെ കിഴക്കേയറ്റം ഫിജിയിൽ പോയി അവിടെയും ഖാദിയാനികൾ! ലോകത്തിന്റെ പടിഞ്ഞാറേയറ്റം ഘാനയിൽ പോയി അവിടെയും ഖാദിയാനികൾ.(*കിതാബ് അൽഫള്ൽ ഓൺലൈൻ മെ തേരി തബ്‌ലീഗ് കൊ സമീൻ കെ കിനാരോൻ തക് പഹുഞ്ചാഊങ്കാ*)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ സന്ദേശം ഇന്ന് ഭൂലോകത്തിന്റെ അറ്റങ്ങളിൽ എത്തിക്കുന്നതിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹു തആലാ തന്നെയാണ്. ഹുദൂർ തിരുമനസ്സിന്റെ ജുമുഅ ഖുത്ബകൾ, പ്രഭാഷണങ്ങൾ, ജൽസാ പ്രസംഗങ്ങൾ, വെർച്ചൽ കൂടിക്കാഴ്ചകൾ, വിവിധ രാജ്യങ്ങളിലെ പര്യടനങ്ങൾ, പ്രസ്സ് കോൺഫ്രൻസുകൾ, സമാധാന സമ്മേളനങ്ങൾ, ലോകത്തിലെ വിവിധ സമ്മേളനങ്ങളിൽ നടത്തിയ പ്രഭാഷണങ്ങൾ എന്നിവയിലൂടെ സ്തുത്യർഹമായ കർത്തവ്യമാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

കൂടാതെ ലോകത്തുള്ള പതിനൊന്ന് ജാമിഅകളിൽനിന്ന് പുറത്തിറങ്ങുന്ന ആദരണീയരായ മുബല്ലിഗീങ്ങളും വാഖ്ഫീനെനൗ പ്രവർത്തകരും വാഖ്ഫീനെ സിന്ദഗിമാരും അദ്ദേഹത്തെ സഹായിച്ചു കൊണ്ട് തങ്ങളുടെ കടമകൾ നിർവഹിച്ചു വരികയും ചെയ്യുന്നു.

ഖിദ്മത്തെ ഖൽഖ്

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൃഷ്ടിസേവന രംഗത്ത് ജമാഅത്ത് ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും ആരിൽനിന്നും മറഞ്ഞതല്ല. നുസ്റത്ത് ജഹാൻ സ്കീമിന്റെ കീഴിൽ പന്ത്രണ്ട് രാജ്യങ്ങളിൽ മുപ്പത്തിയേഴ് ഹോസ്പിറ്റലുകളിലും ക്ലിനിക്കുകളിലുമായി അമ്പതിലധികം ഡോക്ടർമാർ സൃഷ്ടിസേവന പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. അഞ്ചാം ഖിലാഫത്തിൽ മൂന്നൂറിലധികം പുതിയ സ്കൂളുകൾ തുടങ്ങി. മൊത്തം അറുന്നൂറ്റി അമ്പതിലധികം സ്കൂളുകൾ മുഖേന ദരിദ്രരാഷ്ട്രങ്ങളിൽ അറിവിന്റെ പ്രകാശം പരത്തിക്കൊണ്ടിരിക്കുന്നു. അറുപത് രാജ്യങ്ങളിൽ ഹ്യൂമാനിറ്റി ഫസ്റ്റ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. അതിലൂടെ ആഗോള തലത്തിൽ അത്ഭുതാവഹമായതരത്തിൽ മനുഷ്യ സേവന പ്രവർത്തനങ്ങൾക്ക് തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു.

**യൻസ്വുറുക്ക രിജാലുൻ നൂഹി ഇലയ്ഹിമ്മിനസ്സമാഅ്**

(സ്വപ്നങ്ങളും ദർശനങ്ങളുംമുഖേന അഹ്മദിയ്യത്ത് സ്വീകരിക്കുന്നവർ)

മാന്യശ്രോതാക്കളെ, ദൈവിക അനുഗ്രഹങ്ങളുടെയും അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിയുടെയും ഒരുഭാഗം തബ്‌ലീഗ് രംഗത്ത് ലഭിക്കുന്ന ദൈവിക സഹായങ്ങളാണ്. അല്ലാഹു തആല സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെയും ജനങ്ങൾക്ക് സന്മാർഗം കാണിച്ചു കൊടുക്കുന്നു എന്നതും ഒരു വശമാണ്. അത്തരം ധാരാളം സംഭവങ്ങൾ ഖുത്ബകളിലും പ്രഭാഷണങ്ങളിലും ഹുദൂർ തിരുമനസ്സ് അയ്യദഹുല്ലാഹ് വിവരിക്കുന്നുണ്ട്. അതിലെ ഒരു സംഭവംമാത്രം സമർപ്പിക്കാം. 2022 മെയ് 27-ന് നടത്തിയ ജുമുഅ ഖുത്ബയിൽ ഹുദൂർ അയ്യദഹുല്ലാഹ് ഒരു സംഭവം വിശദീകരിച്ച് കൊണ്ട് പറഞ്ഞു:

ഗിനി-ബിസോ വളരെ ദൂരത്തുള്ള ഒരു ആഫ്രിക്കൻ രാജ്യമാണ്. അവിടെ നേരത്തെ അബ്ദുല്ലാഹ് സാഹിബ് എന്ന ഒരു ക്രിസ്തീയ സഹോദരൻ ഉണ്ടായിരുന്നു. അദ്ദേഹം വിവരിക്കുന്നു: 'കുറച്ചുകാലം മുമ്പേ ഞാൻ ഒരു സ്വപനം കണ്ടു. അതായത് വെള്ളത്താടിയുള്ള ഒരാളെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം തലപ്പാവ് ധരിച്ചിട്ടുണ്ടായിരുന്നു. ജനങ്ങളോട് പ്രഭാഷണം നടത്തുകയാണ്. ജനങ്ങൾ പൂർണ നിശബ്ദരായി ആ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണ ശൈലി തികച്ചും ലളിതമായിരുന്നു.'

അദ്ദേഹം പറയുന്നു:

'ഞങ്ങളുടെ ആളുകളിൽനിന്നു തികച്ചും വ്യത്യസ്തമായിരുന്നു.'

അദ്ദേഹം കണ്ണ് തുറന്നപ്പോൾ അദ്ദേഹത്തിന് അതിൽനിന്നൊന്നും മനസ്സിലായില്ല. പിന്നെ അത് മറക്കുകയും ചെയ്തു. കുറച്ച് ദിവസങ്ങൾക്കു ശേഷം വീണ്ടും അദ്ദേഹം ഇതേപോലെയുള്ള സ്വപ്നം കാണുകയുണ്ടായി. അതിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആ മുഖം കുടിയിരുന്നു. പിന്നെ മൂന്നാമത്തെ തവണയും അദ്ദേഹത്തിന് ആ സ്വപ്നമുണ്ടായി. ആ വ്യക്തി ആരാണെന്ന് അന്വേഷിക്കാൻ അദ്ദേഹം ശ്രമിച്ചു തുടങ്ങി. പക്ഷേ, കണ്ടെത്താൻ കഴിഞ്ഞില്ല. പിന്നെ ഒരു ദിവസം യാദൃച്ഛികമായി അദ്ദേഹംഗ്രാമത്തിനടുത്തുള്ള പട്ടണമായ ഫരിനിലുള്ള നമ്മുടെ മസ്ജിദിൽ പോയി. അന്ന് വെള്ളിയാഴ്ചയായിരുന്നു. ജമാഅത്തംഗങ്ങൾ എന്റെ ഖുത്ബ mta യിൽ കേൾക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ അദ്ദേഹം ഉടൻതന്നെ മുഅല്ലിം സാഹിബിനോടു ഈ ഖുത്ബ കൊടുക്കുന്ന ആൾ ആരാണെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഇത് ഞങ്ങളുടെ ഖലീഫയാകുന്നു.'ഏതായിരുന്നാലും അദ്ദേഹം നിശബ്ദനായി ഖുത്ബ കേട്ടുകൊണ്ടിരുന്നു. ഖുത്ബയ്ക്കുശേഷം അഹ്മദികളോടൊപ്പം നമസ്കരിക്കുകയും ചെയ്തു. നമസ്കാരത്തിനുശേഷം ഉടൻതന്നെ

എഴുന്നേറ്റുനിന്ന് ഇങ്ങനെ പറഞ്ഞു, 'ഞാൻ ഇന്ന് ഇസ്‌ലാം സ്വീകരിക്കുകയാണ്.' അദ്ദേഹം പറയുന്നു: 'അല്ലാഹു എനിക്ക് മൂന്നു പ്രാവശ്യം ഈ വ്യക്തിയെ സ്വപ്നത്തിൽ കാണിച്ചുതന്നു. അത് എന്റെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. ഞാൻ ഒരു നീണ്ടകാലമായി അദ്ദേഹത്തെ അന്വേഷിക്കുകയായിരുന്നു. ഇന്ന് യാദൃച്ഛികമായി നിങ്ങളുടെ മസ്ജിദിൽ വന്നതാണ്. അപ്പോൾ നിങ്ങളുടെ ഖലീഫയെ കാണാൻ ഇടവന്നു. ഞാൻ സ്വപ്നത്തിൽ കണ്ട അതെ മുഖമാണിത്. ഞാൻ സ്വപ്നത്തിൽ കണ്ട അതെ കാഴ്ചയാണ് കണ്ടത്. ജനങ്ങൾ നിശ്ശബ്ദരായിരുന്ന് പ്രഭാഷണം കേൾക്കുന്ന അതെ കാഴ്ച! അതുകൊണ്ട് ഞാൻ ഇസ്‌ലാം-അഹ്മദിയ്യത്തിൽ പ്രവേശിക്കുകയാണ്.'

*ആസ്മാൻ പർ ദഅ്‌വത്തെ ഹഖ് കേലിയെ ഇക് ജോശ് ഹെ*
*ഹോ രഹാ ഹെ നേക് ത്വബവോം പർ ഫരിശ്തോം പർ ഉതാർ*

സത്യത്തിലേക്കുള്ള ക്ഷണത്തിന് ആകാശത്തിൽ ഒരാവേശമാണ്. സത്പ്രകൃതക്കാരായ ആളുകളിൽ മലക്കുകളുടെ ഇറക്കം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള എതിർപ്പ് എവിടെല്ലാമാണ് എത്തിയിട്ടുള്ളത്. എന്നാൽ, അദ്ദേഹത്തോടൊപ്പം അല്ലാഹുവിന്റെ സഹായങ്ങളുടെ ഏതെല്ലാം വിധത്തിലുള്ള കാഴ്ചകളാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഇത് മനുഷ്യന്റെ പ്രവൃത്തിയോ മനുഷ്യനുണ്ടാക്കിയ ജമാഅത്തോ ആയിരുന്നെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്തും ഇന്നും വിവിധയിടങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന എതിർപ്പുകൾ കാരണം ഈ ജമാഅത്ത് എന്നോ അവസാനിച്ചുപോയേനെ! ഇതിന്റെ കള്ളത്തരം വെളിപ്പെട്ടേനെ! എന്നാൽ. ഈ ജമാഅത്ത് അവസാനിച്ചുപോകുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. ഇവിടെ വിജയങ്ങളാണ് അല്ലാഹു കാണിച്ചു കൊണ്ടിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു മജ്‌ലിസിൽ പറഞ്ഞു:

എതിരാളികൾ എല്ലാ തരത്തിലും എതിർത്തു. എന്നാൽ, അല്ലാഹു അഭിവൃദ്ധി നൽകി. ലോകം കിണഞ്ഞ് പരിശ്രമിച്ചിട്ടും സത്യം വ്യാപിച്ച് കൊണ്ടു പോകുകയെന്നത് ഇതിന്റെ സത്യതയ്ക്കുള്ള തെളിവാകുന്നു.

അവിടന്ന് പറഞ്ഞു:

നമ്മുടെ മുന്നിൽ എതിർപ്പിന്റെ ഏതു മാർഗങ്ങളാണ് ഉപയോഗിക്കാത്തത്. എന്നാൽ, അവർക്ക് പരാജയം തന്നെയാണുണ്ടായത്. ഇത് അല്ലാഹുവിന്റെ ദൃഷ്ടാന്തമാകുന്നു.(മൽഫൂദാത്ത് വാള്യം 4, പേജ് 186, ലണ്ടൻ പതിപ്പ്)

ചുരുക്കിപ്പറഞ്ഞാൽ എതിരാളികൾ കിണഞ്ഞ് പരിശ്രമിച്ചു. പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. വലിയ വലിയ പണ്ഡിതന്മാരും ഭരണകൂടങ്ങളും അഹ്മദിയ്യത്തിന്റെ ശത്രുതയിൽ എല്ലാ തന്ത്രങ്ങളും സ്വീകരിച്ചിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എതിരാളികൾ പരാജയപ്പെട്ടു. 'ഇത് അല്ലാഹുവിന്റെ ദൃഷ്ടാന്തമാകുന്നു'എന്ന വാക്കുകൾ തന്നെയാണ് പുലർന്നു കൊണ്ടിരിക്കുന്നത്. (ഖുത്ബ ജുമുഅ, 2015 ഒക്ടോബർ 16)

ഇസ് ഖദർ മുജ് പർ ഹുഈ തേരി ഇനായാത്തൊ കറം
ജിൻ കാ മുശ്കിൽ ഹെ കെ താറോസെ ഖിയാമത്ത് ഹൊ ശുമാർ

നിന്റെ ദാനവും കരുണയും എത്രമാത്രമാണ് എന്നിലുണ്ടായത്. ഖിയാമത്തുന്നാളിൽ അതെണ്ണി കണകണക്കാക്കുകതന്നെ ദുഷ്കരമാകുന്നു.

**വആഖിറു ദഅ്‌വാനാ അനിൽ ഹംദുലില്ലാഹി റബ്ബിൽ ആലമീൻ**

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം
## വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ

**ഹാഫിള് മഖ്ദൂം ശരീഫ്   ഖാഇം മഖാം എഡിഷ്ണൽ നാളിർ അഅ്ലാ ജനൂബി ഹിന്ദ്**

**വിവർത്തനം: മൗലവി സഫർ അഹ്മദ് കോഴിക്കോട്**

**(2023 ഖാദിയാൻ ജൽസയിൽ ചെയ്ത പ്രഭാഷണം)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ
وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
وَقَالَ الرَّسُوْلُ يٰرَبِّ اِنَّ قَوْمِي اتَّخَذُوْا
هٰذَا الْقُرْاٰنَ مَهْجُوْرًا (سورۃ الفرقان آیت 31)

*നബി(സ)തിരുമേനി പറയും:എന്റെ നാഥാ! എന്റെ ജനം ഈ ഖുർആനെ പുറം തള്ളിയ നിലയിൽ വിട്ടു കളഞ്ഞു.(25:31)*

*മുസൽമാനോം പെ തബ് അദ്ബാർ ആയ*
*കെ ജബ് തഅ്‌ലീമെ ഖുർആൻ*
*കൊ ഭുലാദിയാ (ദുർരെഥമീൻ)*

*ഖുർആന്റെ അധ്യാപനങ്ങൾ മറന്നു കളഞ്ഞപ്പോൾ മുസ്‌ലിമീങ്ങളുടെമേൽ കാലദോഷം വന്നു.*

മാന്യശ്രോതാക്കളേ!സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)അവസാനനാളിൽ ഏതൊരു മസീഹ് മൗഊദ് വരുമെന്നതിനെക്കുറിച്ചാണോ സന്തോഷവാർത്ത നല്കിയത് ആ മഹാത്മാവിന്റെ വരവിന്റെ മുഖ്യോദ്ദേശ്യം വിശുദ്ധ ഖുർആന്റെ അനുഗ്രഹങ്ങളും ശ്രേഷ്ഠതകളും അതിന്റെ മഹത്ത്വവും സത്യതയും പ്രകടിപ്പിക്കുക എന്നതായിരുന്നു. അതിനാൽ സൂറ ജുമുഅയിലെ വ *ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം* എന്ന ആയത്ത് അവതരിച്ചപ്പോൾ സ്വഹാബത്ത് ചോദിച്ചു, *യാ റസൂലല്ലാഹ്*! രണ്ടാമതും അങ്ങ് ഖുർആൻ ഓതുകയും അവരെ പരിശുദ്ധരാക്കുകയും കിതാബും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന ആ ജനത ആരായിരിക്കും? അവിടന്ന് പറഞ്ഞു:സത്യവിശ്വാസം കാർത്തിക നക്ഷത്രത്തോളം ഉയർന്നുപോയാലും ഫാരിസി വംശത്തിലെ ഒരാൾ അതിനെ തിരിച്ചുകൊണ്ടുവരും. ചില നിവേദനങ്ങളിൽ അറിവ് അല്ലെങ്കിൽ ഖുർആൻ ഉപേക്ഷിക്കപ്പെടുമെന്നും പറയപ്പെട്ടിരിക്കുന്നു. അതിന്റെ ശ്രേഷ്ഠതയും മഹത്ത്വവും മസീഹു മൗഊദ് ജനഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും പറഞ്ഞിട്ടുണ്ട്.

പ്രിയ ശ്രോതാക്കളേ!നഷ്ടപ്പെട്ട സത്യവിശ്വാസത്തിന്റേയും ഉപേക്ഷിക്കപ്പെട്ട വിശുദ്ധ ഖുർആന്റേയും മഹത്ത്വം വീണ്ടും സ്ഥാപിക്കുന്നതിനുവേണ്ടി അല്ലാഹു അപ്രസിദ്ധമായ ഈ ഖാദിയാൻ ഗ്രാമത്തിൽ മസീഹ് മൗഊദായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ നിയോഗിച്ചു. അദ്ദേഹം ഇപ്രകാരം വിളംബരം ചെയ്തു:

ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ. സത്യമായും ഈ പ്രബോധനഗ്രന്ഥം ഇറക്കിയത് നാംതന്നെയാണ്. തീർച്ചയായും നാംതന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്-15:10)എന്ന വാഗ്ദാനപ്രകാരം വിശുദ്ധ ഖുർആന്റെ മഹത്ത്വം സ്ഥാപിക്കുന്നതിനുവേണ്ടി പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ എന്നെ അയക്കുകയുണ്ടായി.(മൽഫൂദാത്ത് വാള്യം 1, പേജ് 433)

ഇക് ബഡീ മുദ്ദത്ത് സെ ദീൻ കൊ കുഫ്ർ ഥാ ഘാഥാ രഹാ
അബ് യഖീൻ സമജ്ജോ കെ ആയേ കുഫ്ർ കൊ ഘാനേ കെ ദിൻ

ഒരു നീണ്ടകാലംവരെ മതത്തെ അവിശ്വാസം കാർന്നുതിന്നുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ അവിശ്വാസത്തെ നശിപ്പിക്കാനുള്ള ദിവസം വന്നുകൊണ്ടിരിക്കുന്നുവെന്ന് ഉറച്ചുവിശ്വസിക്കുക.

മാന്യശ്രോതാക്കളേ, ഇക്കാലഘട്ടത്തിന്റെ ദയനീയാവസ്ഥയെക്കുറിച്ച് അദ്ദേഹം പറയുന്നു:

യഥാർഥത്തിൽ വിശുദ്ധഖുർആനിൽ മറഞ്ഞുകിടക്കുന്ന എല്ലാ രഹസ്യങ്ങളും പ്രകടമാക്കുക എന്ന് ഈ കാലഘട്ടം സ്വാഭാവികമായും ആവശ്യപ്പെടുന്നു. അതുകൊണ്ട് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക, ആ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആനിൽ മറഞ്ഞുകിടക്കുന്ന അത്ഭുതങ്ങൾ ഈ ലോകത്തുള്ള അഹങ്കാരികളായ തത്ത്വചിന്തകന്മാരാൽ പ്രകടമാകണമെന്ന് അല്ലാഹു ഉദ്ദേശിച്ചു. ഇനി ഇസ്‌ലാമിന്റെ ശത്രുക്കളായ മുറിമുല്ലമാർക്ക് ഈ ഉദ്ദേശ്യത്തെ തടയാൻ സാധിക്കുകയില്ല. ഇനി തങ്ങളുടെ ദുഷ്ടതയിൽനിന്ന് വിട്ടുനിൽക്കുന്നില്ലെങ്കിൽ അവർ നശിപ്പിക്കപ്പെടുകയും അല്ലാഹുവിന്റെ പ്രഹരമേൽക്കുകയും അതിന്റെ ഫലമായി മണ്ണിൽപ്പതിയുകയും ചെയ്യു

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• കലാമുൽ ഇമാം •**

**അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ എന്റെ പ്രിയപ്പെട്ട സ്നേഹിതരേ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ന്നതാണ്. ഈ വിഡ്ഢികൾക്ക് നിലവിലുള്ള അവസ്ഥയിൽ ഒട്ടും ദൃഷ്ടിപതിയുന്നില്ല. വിശുദ്ധഖുർആൻ പരാജയപ്പെട്ടതും ബലഹീനവും നിന്ദ്യവുമായ അവസ്ഥയിൽ കാണണമെന്ന് അവർ ആഗ്രഹിക്കുന്നു. എന്നാൽ, അതിപ്പോൾ യുദ്ധയോദ്ധാവിനെപോലെ പുറത്തുവരുന്നതാണ്. അതെ! അത് ഒരു സിംഹത്തെപോലെ മൈതാനത്ത് വരികയും ലോകത്തുള്ള എല്ലാ തത്ത്വചിന്തകന്മാരെയും പരാജയപ്പെടുത്തി തന്റെ വിജയം കാണിക്കുകയും ചെയ്യുന്നതാണ്. ലീയുള്ഹിറഹു അലദ്ദീനീ കുല്ലിഹീ. (എല്ലാ മതങ്ങളുടേയും മേൽ വിജയം പ്രാപിക്കും) എന്ന പ്രവചനം പൂർത്തിയാക്കുകയും വലയുമക്കിനന്ന ലഹും ദീനഹും (അവരുടെ മതം അവർക്ക് പ്രബലപ്പെടുത്തുകയും ചെയ്യും) എന്ന പ്രവചനം ആത്മീയമായ നിലയിൽ പരിപൂർണതയിലെ ത്തിക്കുന്നതുമാണ്. ഭൂമിയിൽ ആത്മീയപിതാവ് യഥാർഥ മുഅല്ലിമല്ലാതെ മറ്റാരുമല്ലാത്ത ആ ഇബ്നു മർയം-അദ്ദേഹം ഈ കാരണത്താലും ആദമുമായി സദൃശ്യപ്പെട്ടിരിക്കുന്നു-വിശുദ്ധഖുർആന്റെ ധാരാളം ഭണ്ഡാരം ജനങ്ങളിൽ വിതരണം ചെയ്യുന്നതായിരിക്കും. ഇങ്ങേയറ്റം ജനങ്ങൾ അത് സ്വീകരിച്ച് ക്ഷീണിതരാവുകയും ലാ യഖ്ബിലുഹു അഹദുൻ (ആരുമത് സ്വീകരിക്കുകയില്ല)എന്നതിന് യോജിച്ചവരായി മാറുകയും ഓരോ പ്രകൃതവും തങ്ങളുടെ കഴിവനുസരിച്ച് നിറയ്ക്കപ്പെടുകയും ചെയ്യുന്നതാണ്. (ഇസാലയെ ഔഹാം, റൂഹാനീഖസായിൻ, വാള്യം 3. പേജ് 464-467)

*നൂറെ ഫുർഖാൻഹെ ജോ സബ്നൂറോംസെ അജ്‌ലാ നിക്‌ലാ*
*പാക് വോ ജിസ്സെ യെ അൻവാർകാ ദരിയാ നിക്‌ലാ*
*വിശുദ്ധഖുർആന്റെ പ്രകാശം എല്ലാ പ്രകാശത്തേക്കാളും തെളിമയാർന്നതാണ്. ഏതിൽ നിന്നാണോ ഈ പ്രകാശത്തിന്റെ നദി പൊട്ടിപ്പുറപ്പെട്ടത് അത് എത്രയും പരിശുദ്ധമാണ്.*

മാന്യശ്രോതാക്കളേ, അവസാന കാലഘട്ടത്തിൽ മസീഹ് മൗഊദ്(അ) മുഖേന ഖുർആന്റെ മഹത്ത്വം രണ്ടുവിധത്തിൽ പ്രകടമാകുമെന്നാണ് സയ്യുദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉദ്ധരണിയിൽനിന്ന് വ്യക്തമാകുന്നത്. ഒന്ന്, *ലിയുള്ഹിറഹു അലദ്ദീനി കുല്ലിഹീ* എന്നതിന്റെ അടിസ്ഥാനത്തിൽ ബാഹ്യമായ നിലയിൽ എല്ലാ മതങ്ങളുടേയുംമേൽ വിശുദ്ധഖുർആന്റെ യാഥാർഥ്യത്തിന്റേയും വിജ്ഞാനത്തിന്റേയും ഖജനാവ് വെളിപ്പെടുത്തിക്കൊണ്ട് മുഴുവൻ മതങ്ങളുടേയും മേൽ വിശുദ്ധഖുർആന്റെ സത്യതയും ശ്രേഷ്ഠതയും മഹത്ത്വവും സ്ഥാപിക്കുകയും ഇസ്‌ലാമിനെ വിജയിപ്പിക്കുകയും ചെയ്യുന്നതാണ്. രണ്ട്, ആന്തരികമായ നിലയിൽ *വലയുമക്കിനന്ന ലഹും ദീനഹും* എന്നതിന്റെ അടിസ്ഥാനത്തിൽ മുഹമ്മദിയ്യ ഉമ്മത്തിൽ അല്ലാഹുവിനേയും ഇസ്‌ലാമിനേയും കുറിച്ചുള്ള അടിസ്ഥാന വിശ്വാസങ്ങളെ കുറിച്ച് ഉണ്ടാകാവുന്ന സംശയങ്ങളെ വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ ദൂരീകരിച്ചുകൊണ്ട് തെറ്റായ വിശ്വാസങ്ങളേയും അനാചാരങ്ങളേയും പൂർണമായും നശിപ്പിച്ച് വിശുദ്ധഖുർആന്റെ മഹത്ത്വം സ്ഥാപിക്കുകയും ഇസ്‌ലാംമതത്തിന് പ്രബലത നൽകുകയും ചെയ്യുന്നതാണ്. വിശുദ്ധഖുർആന്റെ മഹത്ത്വവും സത്യതയും മറ്റുള്ള മതങ്ങളുടെമേൽ വെളിപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിന് വിശുദ്ധഖുർആന്റെ പ്രത്യേക ജ്ഞാനം നൽകുകയും അദ്ദേഹത്തിന് ശിക്ഷണം നൽകുകയും ചെയ്തു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

ആരുടെ കൈയിലാണോ എന്റെ ജീവനി രിക്കുന്നത് ആ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് ഞാൻ പറയുന്നു: അല്ലാഹു എന്നിൽ കാരുണ്യത്തിന്റെ ദൃഷ്ടി പതിപ്പിക്കുകയും എന്നെ സ്വീകരിക്കുകയും എന്നിൽ ഔദാര്യം കാണിക്കുകയും എനിക്ക് ശിക്ഷണം നൽകുകയും അവൻ അവന്റെ പക്കൽനിന്നുള്ള ജ്ഞാനം നൽകുകയും വക്രതയില്ലാത്ത യഥാർഥബുദ്ധിയും നൽകുകയും ചെയ്തിരിക്കുന്നു. എത്രയെത്ര പ്രകാശങ്ങളാണ് അവനെന്റെ ഹൃദയത്തിൽ ഇട്ടുതന്നിരിക്കുന്നത്. അവൻ എനിക്ക് ഖുർആനിക ജ്ഞാനം നൽകി. എനിക്കല്ലാതെ മറ്റാർക്കും അത് നൽകപ്പെട്ടിട്ടില്ല. എന്റെ ശത്രുക്കൾ കഠിന പരിശ്രമം നടത്തിയിട്ടും ലഭിക്കാത്ത ജ്ഞാനങ്ങൾ ഞാൻ കരസ്ഥമാക്കി. ഈ വിശുദ്ധഖുർആന്റെ ജ്ഞാനത്തിൽ മറ്റുള്ളവരുടെ ബുദ്ധിക്കെത്താൻ അപര്യാപ്തമായ ഉന്നത സ്ഥാനത്ത് ഞാനെത്തി. (ഹമാമത്തുൽ ബുശ്റ, റൂഹാനീ ഖസായിൻ, വാള്യം 7, പേജ് 284)

വീണ്ടും അദ്ദേഹം പറയുന്നു:

ഇത് തികച്ചും അല്ലാഹുവിന്റെ അനുഗ്രഹമാണ്. എന്നെപ്പോലെയുള്ള, ദുർബലന്റെ കരങ്ങളിലൂടെ അവന്റെ മതത്തിന്റെ ആദരവ് പ്രകടമാകണമെന്ന് അവനാഗ്രഹിച്ചതുതന്നെ അവന്റെ അളവറ്റ അനുഗ്രഹമാണ്. ഒരു സമയത്ത് ശത്രുക്കൾ ഇസ്‌ലാമിന്നെതിരെ ഉന്നയിച്ച ആക്ഷേപങ്ങളേയും അക്രമങ്ങളേയും ഒരുമിച്ചു കൂട്ടിയപ്പോൾ അതിന്റെ എണ്ണം ഏകദേശം മൂവായിരമാണെന്ന് എനിക്ക് മനസ്സിലായി. ഇപ്പോൾ അതിന്റെ എണ്ണം ഇതിനേക്കാളധികമായിട്ടുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാനം മൂവായിരം ആക്ഷേപങ്ങളുന്നയിക്കാൻ സാധിക്കുംവിധം ബലഹീനമാണെന്ന് ആരും കരുതരുത്. അല്ല, ഒരിക്കലും അങ്ങനെയല്ല. ഈ ആക്ഷേപങ്ങൾ സങ്കുചിത ചിന്താഗതിക്കാരുടേയും വിഡ്ഢികളുടേയും വീക്ഷണത്തിൽ ആക്ഷേപമായിരിക്കാം. എന്നാൽ, ഞാൻ നിങ്ങളോട് സത്യമായും പറയുന്നു: ഞാൻ ഈ ആക്ഷേപങ്ങളൊരുമിച്ചു കൂട്ടിയപ്പോൾ ഇതിനുള്ളിൽ യഥാർഥത്തിൽ ധാരാളം അപൂർവമായ സത്യങ്ങൾ അടങ്ങിയിരിക്കുന്നുവെന്ന് എനിക്കു മനസ്സിലായി. ഉൾക്കാഴ്ച ഇല്ലാത്തതിന്റെ കാരണമായി ആക്ഷേപകർക്ക് അത് കാണാൻ സാധിക്കുന്നില്ല. അന്ധനായ ആക്ഷേപകൻ എവിടെയാണോ തങ്ങുന്നത് അവിടെ യാഥാർഥ്യത്തിന്റേയും ജ്ഞാനത്തിന്റേയും രഹസ്യമായ ഖജനാവ് വെച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഒരു തത്ത്വമാണ്. മറഞ്ഞുകിടക്കുന്ന ഖജനാവ് ലോകത്ത് പ്രത്യക്ഷപ്പെടുത്താനും വെട്ടിത്തിളങ്ങുന്ന മുത്തുമണികളുടെമേൽ ഉന്നയിക്കപ്പെടുന്ന അവിശുദ്ധമായ ആക്ഷേപങ്ങളിൽനിന്ന് പരിശുദ്ധമാക്കുന്നതിനുംവേണ്ടി അല്ലാഹു എന്നെ നിയോഗിക്കുകയുണ്ടായി. വിശുദ്ധഖുർആന്റെ ആദരവ് ദുഷ്ടമനസ്സായ ശത്രുക്കളുടെ ആക്ഷേപങ്ങളിൽനിന്ന് പ്രകാശപൂരിതവും പരിശുദ്ധവുമാണെന്നതിൽ അല്ലാഹുവിന്റെ അഭിമാനം ആവേശത്തിലാണ്. (മൽഫൂദാത്ത് വാള്യം 1, പേജ് 38)

*വൊ ഖസായിൻ ജോ ഹസാരോം സാൽസെ മദ്ഫൂൻഥെ*
*അബ് മേ ദേത്താഹൂം അഗർ കോയി മിലേ ഉമ്മീദ്‌വാർ*
*ആയിരം വർഷം മറഞ്ഞുകിടന്ന ആ ഖജനാവ് ആശിക്കുന്നവരായി ആരെങ്കിലുമുണ്ടെങ്കിൽ ഞാൻ അത് നൽകുന്നതാണ്.*

അദ്ദേഹം പറയുന്നു:

അല്ലാഹു എന്റെ കരങ്ങളിലൂടെയും ഞാൻ മുഖേനയും ഇസ്‌ലാമിന്റെ സത്യതയും ശത്രുക്കളുടെ മതത്തിന്റെ പൊള്ളത്തരവും സ്ഥാപിക്കുന്നതായിരിക്കും..... എന്റെ കരങ്ങളിലൂടെ ദൈവിക ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയും എന്റെ തൂലികയിലൂടെ ഖുർആനിക യാഥാർഥ്യങ്ങളും വിജ്ഞാനങ്ങളും പ്രകാശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. (തിർയാഖുൽ ഖുലൂബ്, റൂഹാനിഖസായിൻ വാള്യം 15, പേജ് 265-268)


മാന്യ ശ്രോതാക്കളേ, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിനെ *സുൽത്വാനുൽ കലം*എന്നും അദ്ദേഹത്തിന്റെ തൂലികയെ *ദുൽഫീഖാർഅലി*എന്നും നാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹം 90-ൽപരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അത് റൂഹാനീ ഖസാഇൗൻ എന്ന സെറ്റ് രൂപത്തിൽ ലഭ്യമാണ്. അദ്ദേഹത്തിന്റെ മുന്നൂറിൽപരം വിജ്ഞാപനങ്ങൾ മൂന്ന് വാള്യമായി പ്രസിദ്ധീകരിച്ചിരിക്കുന്നു. മൽഫൂദാത്തിന്റെ പത്ത് വാള്യങ്ങൾ, അറിവുകൊണ്ടും ജ്ഞാനങ്ങൾകൊണ്ടും നിറഞ്ഞ അദ്ദേഹത്തിന്റെ 700 കത്തുകൾ അഞ്ച് വാള്യമായി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഉർദുവിലും ഫാർസിയിലും അറബിയിലുമുള്ള കവിതകളും അദ്ദേഹം നൽകിയ ഖുർആനിന്റെ വ്യാഖ്യാനവും വേറെ പ്രസിദ്ധീകരിച്ചിരിക്കുന്നു. അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ പദ്യത്തിലും ഗദ്യത്തിലും വിശുദ്ധഖുർആന്റെ ഉന്നതമായ മഹത്ത്വവും അതിന്റെ സ്ഥാനവും ലോകർക്ക് വെളിപ്പെടുത്തിക്കൊടുത്തു. അതിന്റെ അനിതരസാധാരണമായ സൗന്ദര്യത്തെ വെളിപ്പെടുത്തി കൊടുത്തുകൊണ്ട് ഒരു ലോകത്തെ അതിന്റെ ആസക്തരാക്കിയിരിക്കുകയും വിശുദ്ധഖുർആന്റെ അളവറ്റ യാഥാർഥ്യങ്ങളുടെയും ജ്ഞാനങ്ങളുടെയും മറനീക്കിക്കൊണ്ട് അതിന്റെ സന്മാർഗത്തിന്റെ പ്രകാശവും ഔദാര്യവും ലോ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

കർക്ക് പൊതുവാക്കുകയുമുണ്ടായി. സർവോപരി തെളിവിന്റെ അടിസ്ഥാനത്തിൽ ഭൂലോകത്ത് വിശുദ്ധഖുർആൻ മാത്രമാണ് ഇന്ന് ആഗോള ശരീഅത്ത് ഗ്രന്ഥമെന്നും അത് യഥാർഥ അർഥത്തിൽ ഖിയാമത്തുന്നാൾവരെ ഒരു ജീവൽഗ്രന്ഥമാണെന്ന് പറയാൻ അർഹതയുള്ള ഗ്രന്ഥമെന്നും തെളിയിക്കുകയും ചെയ്തു. അതിന്റെ അധ്യാപനം എന്നെന്നേക്കുമുള്ളതാണ്. അതെല്ലാ കാലഘട്ടത്തിലേയും ആവശ്യങ്ങൾക്കും മതിയായതാണ്.

മാന്യശ്രോതാക്കളേ, ഞാൻ സമയക്കുറവ് മൂലം അദ്ദേഹത്തിന്റെ ഭീമാകാരമായ ഗ്രന്ഥങ്ങളിൽനിന്ന് ചിലത് പരാമർശിക്കാം.

യുവത്വത്തിന്റെ ആരംഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ജാഗ്രദർശനം മുഖേന ഇപ്രകാരം വിവരം നൽകി: ഖുത്വുബി എന്നു പേരുള്ള ഒരു ഗ്രന്ഥമെഴുതാൻ താങ്കൾ വിധിക്കപ്പെട്ടിരിക്കുന്നു. ഖുത്വുബി എന്ന പദത്തിൽ അടങ്ങിയിട്ടുള്ള തത്ത്വം അദ്ദേഹം തന്റെ ബലവത്തായ തെളിവുകളും ദൃഢതയും അചഞ്ചലവുമായ ദൃഷ്ടാന്തങ്ങളുംകൊണ്ട് നക്ഷത്രത്തെപോലെ ചക്രവാളത്തിൽ പ്രത്യക്ഷപ്പെടുകയും ലോകത്തെ മുഴുവൻ സത്യദീനിലേക്ക് മാർഗദർശനം ചെയ്യുന്നതിന് കാരണക്കാരനായി ത്തീരുകയും ചെയ്യുമെന്നാണ്. ഹുദൂർ തിരുമനസ്സിന്റെ ഈ സ്വപ്നം ബറാഹിനെ അഹ്മദിയ്യയുടെ പ്രസിദ്ധീകരണത്തോടുകൂടി പൂർത്തിയായി. ഈ പുസ്തകം ഒരു പുതിയ സാഹിത്യശാസ്ത്രത്തിന്റെ അടിത്തറ ഇടുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 7 ഡസ്സൻ പുസ്തകത്തിന്റെ മുഖവുരയാണെന്ന് സ്ഥാപിതമാവുകയും ചെയ്തു. അദ്ദേഹം തന്റെ ബൃഹദ് ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായിൽ നിലവിലുള്ള ലോകമതങ്ങളുടെ ലീഡർമാരോടും തത്ത്വചിന്തകന്മാരോടും ചാലഞ്ച് ചെയ്തു.

വിശുദ്ധഖുർആന്റെ യാഥാർഥ്യവും നബി(സ) തിരുമേനിയുടെ സത്യതയ്ക്കുള്ളതുമായ വിശുദ്ധഖുർആനിൽനിന്നെടുത്ത ബുദ്ധിപരമായ ഈ തെളിവുകൾക്ക് പകരമായി അമുസ്ലിംകൾ തങ്ങളുടെ മതത്തിന്റെ വിശ്വാസത്തിന്റെ സത്യത, തങ്ങളുടെ വെളിപാട് ഗ്രന്ഥത്തിൽനിന്ന് തെളിയിച്ചു കാണിക്കേണ്ടതാണ്. എണ്ണത്തിൽ ഇതിന്റെ(ഖുർആൻ)തുല്യമായി സമർപ്പിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന്റെ പകുതിയോ അല്ലെങ്കിൽ മൂന്നിലൊന്നോ നാലിലൊന്നോ അഞ്ചിലൊന്നോ തങ്ങളുടെ വെളിപാട് ഗ്രന്ഥത്തിൽനിന്ന് കാണിക്കുക. ഇനി തെളിവ് കാണിക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മുടെ തെളിവുകളെ അക്കമിട്ട് ഖണ്ഡിക്കുകയാണെങ്കിൽ ഒരു മടിയുംകൂടാതെ പത്തായിരം രൂപ വിലവരുന്ന എന്റെ ഭൂസ്വത്ത് അയാളെ ഞാൻ ഏല്പിക്കുന്നതായിരിക്കും.

വീണ്ടും അദ്ദേഹം പറയുന്നു.

യഥാർഥത്തിൽ ഈ മറുപടിഗ്രന്ഥം സത്യാന്വേഷികൾക്ക് ഒരു സുവാർത്തയും ഇസ്ലാം മതനിഷേധികൾക്ക് ഒരു ദൈവിക ന്യായപൂർത്തീകരണവുമാണ്. ഖിയാമത്തുന്നാൾവരെ അവർക്ക് ഇതു കരസ്ഥമാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് ഇതിനോടൊപ്പം പത്തായിരം രൂപ പാരിതോഷികത്തിന്റെ വിജ്ഞാപനവും ഉൾപ്പെടുത്തിയിട്ടുള്ളത്; അങ്ങനെ ഇസ്ലാമിന്റെ യാഥാർഥ്യത്തെ നിഷേധിക്കുന്നവരിൽ ന്യായപൂർത്തീകരണം വരുത്തുന്നതിനും തങ്ങളുടെ തെറ്റായ ധാരണയിലും കളവായ വിശ്വാസത്തിലും അഹങ്കാരിയാവാതേയും ആസക്തനാവാതേയും ഇരിക്കുന്നതിനുവേണ്ടി.(ബറാഹീനെ അഹ്മദിയ്യാ, റൂഹാനീഖസാഇൻ, വാള്യം 1, പേജ് 83)

*ആസ്മായിശ് കേലിയേ കോയി ന ആയാ ഹർ ചന്ദ്*

*ഹർ മുഖാലിഫ് കൊ മുഖാബിൽ പെ ബുലായാ ഹംനേ*

പരീക്ഷിച്ചുനോക്കാൻ സകല ശത്രുക്കളേയും പലതവണ ഞാൻ വിളിച്ചിട്ടും ആരുംതന്നെ വന്നില്ല.

മാന്യ ശ്രോതാക്കളേ, ഖുർആന്റെ മഹത്ത്വവുമായി ബന്ധപ്പെട്ട ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉത്തമമായ പ്രവൃത്തി എന്നത് അദ്ദേഹത്തിന്റെ വിശ്വവിഖ്യാതമായ ഗ്രന്ഥം 'ഇസ്ലാംമത തത്ത്വജ്ഞാനം' ആണ്. അതിന്നും സത്പ്രകൃതരുടേയും നീതിയെ ഇഷ്ടപ്പെടുന്നവരുടേയുംമേൽ തന്റെ മാസ്മരികശക്തി പ്രകടമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗ്രന്ഥത്തിന്റെ മഹത്ത്വത്തേയും പ്രതാപത്തേയും കുറിച്ച് അദ്ദേഹം എഴുതുന്നു:

ലാഹോർ ടൗൺഹാളിൽ 1896 ഡിസംബർ 26, 27, 28 തിയതികളിൽ ചേരുന്ന സർവ്വമത മഹാസമ്മേളനത്തിൽ വിശുദ്ധ ഖുർആനിന്റെ മാഹാത്മ്യങ്ങളേയും അത്ഭുത ശക്തികളേയും പ്രതിപാദിക്കുമ്മ എന്റെ ഒരു ഉപന്യാസം വായിക്കപ്പെടുന്നതാണ്. ദൈവത്തിന്റെ പ്രത്യേക സഹായത്തോടെ എഴുതപ്പെട്ടിരിക്കുന്നതും മനുഷ്യശക്തിക്കതീതവുമായിരുക്കുന്നതുമായ ഈ ഉപന്യാസം ഒരുദൈവികദൃഷ്ടാന്തമാകുന്നു. വിശുദ്ധ ഖുർആൻ ദൈവപ്രോക്തമായ ദിവ്യ ഗ്രന്ഥമാണെന്ന് സ്പഷ്ടമായി തെളിയിക്കുന്നതിനു പര്യാപ്തമായ തത്ത്വരഹസ്യങ്ങളും പരമാർഥജ്ഞാനങ്ങളും ക്രോഡികരിച്ചുകൊണ്ടുള്ളതാണത്. അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന അഞ്ചു ചോദ്യങ്ങളുടേയും സമാധാനം ശ്രദ്ധിച്ചു കേൾക്കുന്ന ആരുടേയും ഹൃദയത്തിൽ നവമായ ഭക്തിവിശ്വാസവും ആത്മാവിൽ സംസ്കാരാഭയും സംജാതമാകുന്നതായിരിക്കും. തന്നെയുമല്ല അയാൾക്ക് ദൈവവചനത്തിന്റെ-ഖുർആന്റെ-ഒരു വ്യാഖ്യാന സംഗ്രഹം കരഗതമാകുന്നതുമായിരിക്കും. എന്റെ ഈ പ്രസ്താവം നിരർഥമോ മിഥ്യയോ അല്ല. ഞാനീ വിജ്ഞാപനം എഴുതി പ്രസിദ്ധം ചെയ്യാൻ പ്രേരിതനായിരിക്കുന്നത് ജനങ്ങളോടുള്ള അനുകമ്പാതിരേകത്താൽ മാത്രമാകുന്നു. അതായത് അവർ വിശുദ്ധ ഖുർആന്റെ സൗന്ദര്യമഹിമാവിലാസങ്ങൾ ദർശിക്കുമാറാകുന്നതിനും വിരോധികൾ അന്ധകാരത്തെ പ്രിയപ്പെടുകയും പ്രകാശത്തെ വെറുക്കുകയും ചെയ്യുന്നവരാണെന്ന് എല്ലാവരും അറിയുമാറാകുന്നതിനുംതന്നെ.

എന്റെ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളേയും പ്രഭാഷണങ്ങളേയും വെല്ലുന്നതായിരിക്കുമെന്ന് സർവജ്ഞനായ അല്ലാഹു എനിക്കറിവു തന്നിരിക്കുന്നു. ഇതരമതസ്ഥർ തദവസരത്തിൽ സന്നിഹിതരായി പ്രസ്തുതോപന്യാസം ആപാദചൂഡം ശ്രദ്ധയാ കേൾക്കുന്നപക്ഷം അവർ ലജ്ജിതരാകുമാറുള്ള തരത്തിൽ സത്യത്തിന്റേയും യുക്തിപ്രദർശനത്തിന്റേയും ജ്ഞാനത്തിന്റേയും പ്രഭാവായ്പ് അതിൽ അന്തർഭവിച്ചിരിക്കുന്നതാണ്. തത്തുല്യമായ ശ്രേഷ്ഠത ക്രിസ്ത്യാനികൾക്കോ ആര്യസമാജികൾക്കോ സനാതന ധർമികൾക്കോ മറ്റേതെങ്കിലും മതക്കാർക്കോ തങ്ങളുടെ മതഗ്രന്ഥത്തിനുള്ളതായി തെളിയിക്കുവാൻ സാധിക്കുകയില്ല. എന്തെന്നാൽ അന്നേ ദിവസം അല്ലാഹു തന്റെ വിശുദ്ധ വേദഗ്രന്ഥമായ ഖുർആന്റെ മാഹാത്മ്യം വെളിപ്പെടുത്താൻ നിശ്ചയിച്ചിരിക്കുകയാണ്.

ഇതിനെ സംബന്ധിച്ച് എനിക്ക് ഇപ്രകാരമൊരു ആത്മദർശനം ഉണ്ടായിരിക്കുന്നു. കണ്ടു. എന്റെ ഭവനത്തിന്മേൽ പരോക്ഷത്തിൽനിന്നും ഒരു കൈവന്ന് പതിക്കുകയുണ്ടായി. ആ കരസ്പർശത്തോടുകൂടി ആ മന്ദിരത്തിൽനിന്ന് കണ്ണഞ്ചിക്കുന്ന പ്രകാശധോരണി ചുറ്റും വ്യാപിച്ചു. അപ്പോൾ എന്റെ അടുക്കൽ നി് നനിരുന്ന ഒരാൾ ഒരു വ്യക്തി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു

അല്ലാഹു അക്ബറു ഖരിബത്ത് ഖയ്ബർ

'അല്ലാഹു ഏറ്റവും വലിയവൻ; ഖയ്ബർ നശിച്ചുപോയി'എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഈ ദർശനത്തിന്റെ താൽപര്യം ഇതാണ്. ഭവനം എന്നതുകൊണ്ടുള്ള വിവക്ഷിതം ദിവ്യമായ വെളിപാട് അവതരിക്കുകയും പ്രകാശമാവേശിക്കുകയും ചെയ്യുന്ന എന്റെ ഹൃദയമാകുന്നു. പ്രകാശമെന്നാൽ ഖുർആനിക ജ്ഞാനമത്രെ. അസത്യവും ധർമവിരുദ്ധവുമായ സിദ്ധാന്തങ്ങളുടെ കലർപ്പോടുകൂടിയതും, മനുഷ്യന് ദൈവത്വം ആരോപിക്കുകയും ദൈവത്തിന്റെ ഗുണവിശേഷങ്ങളെ പൂർണതയുടെ സ്ഥാനത്തുനിന്ന് താഴ്ത്തുകയും ചെയ്യുന്നതുമായ സകല ദുഷിച്ച മതവിഭാഗങ്ങളേയുമാണ് *ഖയ്ബർ* ശബ്ദം കുറിക്കുന്നത്. ഇങ്ങനെ എന്റെ ഉപന്യാസം ധാരാളമായി പ്രചരിച്ചു കഴിയുന്നതോടുകൂടി കൃത്രിമ മതമാർഗങ്ങളുടെ അസത്യം വെളിപ്പെടുകയും വിശുദ്ധ ഖുർആന്റെ സത്യം അനുദിനം പ്രചരിച്ച് ഭൂമുഖത്തെല്ലായിടത്തും വ്യാപിക്കുകയും ചെയ്യുമാറാകുമെന്ന് എനിക്ക് അറിവായിരിക്കുന്നു. ഒടുവിൽ ഈ ആത്മീയദർശനാവസ്ഥയിൽനിന്ന് ഞാൻ മറ്റൊരു അനുഭൂതിയിലേക്ക് ആനീതനാവുകയും ദൈവബോധനംകൊണ്ട് ഞാൻ അനുഗൃഹീതനായി ഭവിക്കുകയും ചെയ്തു. എനിക്കുണ്ടായ ആ ദൈവബോധനം ഇതാണ്:

*ഇന്നല്ലാഹ മഅക്ക ഇന്നല്ലാഹ യഖൂമു അയ്നമാ ഖുംത*

*നിശ്ചയമായും അല്ലാഹു നിന്നോടുകൂടിയാകുന്നു. നീ നില്ക്കുന്നിടത്ത് അല്ലാഹു നിൽക്കുന്നു.* ഇതു ദൈവിക സഹായത്തെ കുറിക്കുന്ന ഒരു അലങ്കാരോക്തിയാണ്. (തിർയാഖുൽ ഖുലൂബ്, റൂഹാനീഖസായിൻ, വാള്യം 15, പേജ് 226-227, മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 1, പേജ് 614-615)

മാന്യശ്രോതാക്കളേ, ഇസ്ലാംമതതത്ത്വജ്ഞാനം എന്ന ഈ ഉപന്യാസം നിസ്സംശയം വിശുദ്ധഖുർആന്റെ യാഥാർഥ്യങ്ങളുടേയും വിജ്ഞാനങ്ങളുടേയും അറിവിന്റേയും ഈശ്വരീയ ജ്ഞാനത്തിന്റേയും അതുല്യവും പരിശുദ്ധവുമായ മഹത്ത്വം പ്രകടിപ്പിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശ്രമത്തിൽ ഒരു നാഴികക്കല്ലായി നിലകൊള്ളുന്നു. ദൈവിക പിന്തുണയാൽ എഴുതപ്പെട്ട ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉപന്യാസം പ്രാദേശികമായ നിലയിൽ മാത്രമല്ല പ്രത്യുത, മുഴുവൻ ഇന്ത്യയിലേയും മുഴുലോകത്തിലേയും ബുദ്ധിജീവികളിൽ അങ്ങേയറ്റം പ്രകമ്പനമുളവാക്കി. അതിന്റെ ഫലമായി വെറും മഹാന്മാരായ ചിന്തകന്മാർ മാത്രമല്ല ഇതിനെ പ്രശംസിച്ചത് മറിച്ച് ആ കാലഘട്ടത്തിലെ പത്രങ്ങളും ഈ പ്രബന്ധത്തിന്റെ മഹത്ത്വം അംഗീകരിച്ചുകൊണ്ട് ഇത് എല്ലാ പ്രബന്ധത്തേക്കാളും മികച്ചുനിന്നുവെന്ന് തുറന്നനിലയിൽ പ്രസിദ്ധീകരിച്ചു. അതിൽ ഒരു പത്രമെഴുതി:

മിർസാ സാഹിബ് മുഴുവൻ ചോദ്യങ്ങൾക്കുമുള്ള മറുപടി വിശുദ്ധഖുർആനിൽനിന്ന് നൽകുകയും വലിയ വലിയ ആദർശങ്ങളേയും ഇസ്ലാമിക ശാഖകളേയും ബുദ്ധിപരമായ തെളിവുകൾകൊണ്ടും യുക്തിപരമായ പ്രമാണങ്ങൾകൊണ്ടും അവതരിപ്പിക്കുകയും ചെയ്തു. (അഖ്ബാർ ചൗദവി സ്വദി, റാവൽപിണ്ടി, 1897

ഫെബ്രുവരി 1, റൂഹാനീ ഖസാഇൻ വാള്യം 10, ഗ്രന്ഥ പരിചയം പത്രം)

മാന്യ ശ്രോതാക്കളേ, പാതിരി ഇമാദുദ്ദീൻ *സയ്നുൽ അഖ്വാൽ* എന്ന പേരിൽ ഒരു പുസ്തകം എഴുതിക്കൊണ്ട് വിശുദ്ധഖുർആനെ ആക്രമിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന് മറുപടിയായി *നൂറുൽഹഖ്* എന്ന ഗ്രന്ഥം എഴുതി. അതിൽ വിശുദ്ധഖുർആന്റെ ജ്ഞാനങ്ങളും സത്യങ്ങളും വെളിപ്പെടുത്തുകയുണ്ടായി. ഇതുപോലുള്ള ഒന്നു രണ്ട് ഉദാഹരണങ്ങൾ മാത്രമല്ല അസംഖ്യം ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ കാണാൻ സാധിക്കും. തങ്ങളുടെ മതത്തിന്റെ വാദവും തെളിവും തങ്ങളുടെ വെളിപാട് ഗ്രന്ഥത്തിൽനിന്ന് സ്ഥാപിക്കുക എന്ന് ഓരോ മതാനുയായികളോടും അദ്ദേഹം പറഞ്ഞിരുന്നു. ഈയൊരു രീതിയും മാനദണ്ഡവുമാണ് അദ്ദേഹം തന്റെ വാദപ്രതിവാദത്തിലും പ്രസംഗത്തിലും എഴുത്തിലും ഉപയോഗിച്ചുകൊണ്ട് വിശുദ്ധഖുർആന്റെ മഹത്ത്വത്തേയും പ്രതാപത്തേയും ഉയർത്തിക്കാണിച്ചത്. കാരണം വിശുദ്ധഖുർആൻ, തന്റെ പരിശുദ്ധവും പരിപൂർണവുമായ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ ദൈവികഗ്രന്ഥങ്ങളിലും അതുല്യവും ഏകവുമാണ്.

*ജമാലോ ഹുസ്നെ ഖുർആൻ നൂർജാനെ ഹർ മുസൽമാൻഹെ*
*ഖമർഹെ ചാന്ദ് ഔറോംകാ ഹമാരാ ചാന്ദ് ഖുർആൻഹെ*
*നളീർ ഉസ് കി നഹീൻ ജംതി നള്ർമെ ഫിക്ർ കർ ദേഘാ*
*ബലാ ക്യോം കർ നാ ഹോ യക്താ കലാമെ പാക് റഹ്മാൻ ഹെ*
*ബഹാറെ ജാവിദാ പയ്ദാ ഹെ ഉസ്കി ഹർ ഇബാറത്ത് മെ*
*നാ വോ ഖൂബി ചമൻ മേ ഹെ ന ഉസ്സാ കോയി ബുസ്താൻ ഹെ.*

മാന്യശ്രോതാക്കളേ ഹദ്റത്ത് മസീഹ് മൗഊദ്(അ)അമുസ്ലിമീങ്ങൾക്കെതിരിൽ വിശുദ്ധഖുർആന്റെ മാഹാത്മ്യത്തെ സ്ഥാപിക്കുന്നതോടൊപ്പം ആന്തരികമായ നിലയിൽ മുഹമ്മദീയ ഉമ്മത്തിൽ വിശുദ്ധഖുർആനിലേക്ക് ചേർത്ത് പറയുന്ന തെറ്റായ വിശ്വാസത്തേയും സിദ്ധാന്തങ്ങളേയും ദൂരീകരിച്ചുകൊണ്ട് വിശുദ്ധഖുർആന്റെ പവിത്രതയേയും മഹത്ത്വത്തേയും സ്ഥാപിക്കുകയുണ്ടായി. അല്ലാഹുവിന്റെ സംസാരം എന്ന ഗുണം ഇപ്പോൾ നിലച്ചുപോയെന്ന തെറ്റായ വിശ്വാസം ഉടലെടുത്തിരുന്നു. ആദ്യകാലത്ത് അവൻ സംസാരിച്ചിരുന്നു. ഇപ്പോൾ അവൻ സംസാരിക്കുന്നില്ലത്രെ! പ്രാർഥന സ്വീകരിക്കുന്ന അല്ലാഹുവിൽ, മുസ്ലിമീങ്ങൾക്ക് വിശ്വാസമില്ലാതായിരിക്കുന്നു. വഹ്‌യും ഇൽഹാമും നിഷേധിക്കുന്നവരായി മാറി. സർ സയ്യിദ് അഹ്മദ് ഖാനെ പോലെയുള്ളവർ ദുആയുടെ ഫിലോസഫി നിഷേധിക്കുന്നവരായി മാറി. മാന്യശ്രോതാക്കളേ!ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ യഥാർഥ ഉദ്ദേശ്യവും അദ്ദേഹത്തിന്റെ ഏറ്റവും വലിയ മുഅ്ജിസത്തും അദ്ദേഹം, ജീവിക്കുന്നവനും എന്നെന്നും നിലനിൽക്കുന്നവനും ദുആ സ്വീകരിക്കുന്നവനുമായ ദൈവത്തെ സമർപ്പിച്ചു എന്നതാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലൂടെ ജീവനുള്ള അല്ലാഹുവിന്റെ യശസ്സ് വെളിപ്പെടുത്തി. വിശുദ്ധഖുർആനെ യഥാർഥമായ നിലയിൽ പിൻപറ്റുന്നതുകൊണ്ട് ജീവനുള്ള ദൈവത്തെ പ്രാപിക്കാൻ സാധിക്കുന്നതാണെന്നും ഹൃദ്യമായ സംഭാഷണത്തിന്റെ മധുരിമ ലഭിക്കുന്നതാണെന്നും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു:

വിശുദ്ധഖുർആൻ അതിന്റെ ആത്മീയ സവിശേഷതയും സ്വന്തം പ്രകാശവുംകൊണ്ട് യഥാർഥ അനുയായികളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. അവന്റെ ഹൃദയം പ്രകാശമാനമാക്കുകയും പിന്നീട് വലിയ വലിയ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ട് ദൃഢമായ ബന്ധങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. തൽഫലമായി തുണ്ടംതുണ്ടമാക്കാനുദ്ദേശിക്കുന്ന വാളുകൊണ്ടുപോലും ആ ബന്ധങ്ങൾ വിച്ഛേദിക്കാൻ സാധിക്കുകയില്ല. ഹൃദയത്തിന്റെ കണ്ണ് തുറക്കുകയും തിന്മയുടെ മോശമായ ഉറവിടത്തെ ഇല്ലാതാക്കുകയും ചെയ്തു. അല്ലാഹുവിന്റെ ഹൃദ്യമായ സംഭാഷണത്തിന്റെ മാധുര്യം ലഭിക്കുകയും ചെയ്യുന്നു. അദൃശ്യജ്ഞാനങ്ങൾ പ്രദാനം ചെയ്യുന്നു. ദുആ സ്വീകരിച്ചുകഴിഞ്ഞാൽ തന്റെ വചനങ്ങൾകൊണ്ട് വിവരം നല്കുന്നു. വിശുദ്ധ ഖുർആനെ പിൻപറ്റുന്ന സത്യവാനെ എതിർക്കുന്ന ഓരോരുത്തരുടേയുംമേൽ ഭയാനകമായ അടയാളങ്ങളോടുകൂടി, താൻ തന്റെ ഗ്രന്ഥത്തെ പിൻപറ്റുന്ന ആ ദാസനോടൊപ്പമാണെന്ന് വെളിപ്പെടുത്തുന്നു. (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ, വാള്യം 23, പേജ് 305)

അതുപോലെതന്നെ പറഞ്ഞു: നമുക്ക് കണ്ണുകൾ കൂടാതെ കാണുവാനോ കാതുകൾ കൂടാതെ കേൾക്കുവാനോ നാവുകൂടാതെ സംസാരിക്കുവാനോ സാധിക്കാത്ത പ്രകാരം തന്നെ വിശുദ്ധ ഖുർആന്റെ സഹായം കൂടാതെ ആ യഥാർഥ പ്രണയിതാവിന്റെ തിരുമുഖം കാണുവാൻ കഴിയുന്നതല്ല. ഞാൻ യവ്വനദശയെ കടന്നു. ഇതാ വയോധികനായിരിക്കുന്നു. ഈ ദീർഘകാല ജീവിതത്തിൽ വിശുദ്ധ ജ്ഞാനത്തിന്റെ ഉറവിടമായ ഈ മാർഗത്തിലൂടെയല്ലാതെ പരമാർഥജ്ഞാനമാകുന്ന പിയൂഷം പാനം ചെയ്ത് തൃപ്തിയടഞ്ഞിട്ടുള്ളവരായി ഞാനാരേയും കാണുകയുണ്ടായില്ല.(ഇസ്ലാമി ഉസൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ, വാള്യം 10, പേജ് 442)

വിശുദ്ധ ഖുർആനിൽ കാലഹരണപ്പെട്ടതും അല്ലാത്തതുമായ(നാസിഖ്,മൻസൂഖ്) ആയത്തുകളുണ്ടെന്നുള്ള തെറ്റായ വിശ്വാസം മുസ്ലിമീങ്ങളിൽ ഇടം പിടിച്ചിട്ടുണ്ട്. അല്ലാമ മുഹമ്മദ് ബിൻ ഹസം ഇതിനെ കുറിച്ചുള്ള മുസ്ലിമീങ്ങളുടെ വിശ്വാസം ഇങ്ങനെ വിവരിച്ചിരിക്കുന്നു:

വിശുദ്ധ ഖുർആനിൽ കാലഹരണപ്പെട്ട ആയത്തുകൾ കൊണ്ടുള്ള ഉദ്ദേശ്യം, ഖുർആനിൽ എഴുതിക്കഴിഞ്ഞിട്ടുള്ള ഒരു ആയത്ത് എന്നാൽ, അത് പ്രവർത്തനയോഗ്യമല്ല അങ്ങനെ വരുമ്പോൾ അത് ഓതുകമാത്രമാണ് ചെയ്യേണ്ടത്. അതനുസരിച്ച് പ്രവർത്തിക്കണമെന്ന് കൽപ്പനയില്ല. കാരണം കാലഹരണപ്പെട്ട കാരണത്താൽ അതിന്റെ കൽപ്പന വ്യർഥമായിപ്പോയി. (നാസിഖ് മൻസൂഖ്, പേജ് 146)

ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദസ് ദഹ്ലവി(റഹ്) 5 ആയത്തും, അല്ലാമ സുയൂത്വി ഇരുപതും ചില ആലിമീങ്ങൾ കാലഹരണപ്പെട്ട ആയത്തുകളുടെ എണ്ണം 500 വരേയും പറഞ്ഞിട്ടുണ്ട്. ഇതിലൂടെ ബാക്കി ഖുർആന്റെ വിശ്വാസം ഇല്ലാതായിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം മുന്നറിയിപ്പോടുകൂടി ഈ തെറ്റായ വിശ്വാസത്തെ കള്ളമാക്കിക്കൊണ്ട് വിശുദ്ധഖുർആന്റെ മഹത്ത്വത്തെ നിലനിറുത്തുകയുണ്ടായി. ആ മഹാത്മാവ് പറയുന്നു:

വിശുദ്ധഖുർആൻ അവസാനത്തെ ദൈവിക ഗ്രന്ഥമാണെന്നും ഒരു വള്ളിയോ പുള്ളിയോ ഇതിന്റെ ശരീരത്തിൽനിന്നോ കല്പനകളിൽനിന്നോ കൂടുതലോ കുറവോ ഇല്ലായെന്നും ദൃഢമായി വിശ്വസിക്കുന്നു. വിശുദ്ധഖുർആന്റെ കല്പനകളെ ഭേദഗതി വരുത്താനോ കാലഹരണപ്പെടുത്താനോ ഏതെങ്കിലും ഒരു കല്പനയെ മാറ്റിമറിക്കാനോ ചെയ്യുന്നവിധത്തിലുള്ള ഒരു വഹ്‌യോ ഇൽഹാമോ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുകയില്ല. അങ്ങനെ ആരെങ്കിലും ധരിക്കുകയാണെങ്കിൽ നമ്മുടെ പക്കൽ ആ വ്യക്തി മുഅ്മിനിന്റെ ജമാഅത്തിൽനിന്ന് പുറത്താക്കപ്പെട്ടവനും നാസ്തികനും കാഫിറുമാണ്. (ഇസാലയെ ഔഹാം, റൂഹാനീഖസായിൻ, വാള്യം 3, പേജ് 169)

മാന്യശ്രോതാക്കളേ! അഹ്ലെ ഹദീഥുകാരുടെ ഭാഗത്തുനിന്ന് വിശുദ്ധഖുർആന്റെമേൽ ഹദീഥിന് മുൻഗണന നൽകുന്ന കുഴപ്പം വിശുദ്ധഖുർആന്റെ പദവിയിൽ കുറവ് വരാനുള്ള കാരണമായി മാറുന്നു. ഈ നിലയിലും അദ്ദേഹം വിശുദ്ധഖുർആന്റെ മഹത്ത്വം വെളിപ്പെടുത്തുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

മുസ്ലിമീങ്ങളിൽ വിശുദ്ധഖുർആന്റെ മഹത്ത്വമില്ലാതായി. ശിയാക്കൾ അവർ ഇമാമീങ്ങളുടെ വാക്കുകൾക്ക് മുൻഗണന നൽകുന്നു. മറ്റുള്ള വിഭാഗക്കാർ ഹദീഥിനെ വിശുദ്ധഖുർആനിൽ വിധികർത്താവായി സ്വീകരിക്കുന്നു. (മൽഫൂദാത്ത്, വാള്യം 2, പേജ് 444)

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഒരു സ്വപ്നത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുകയാണ്:

ഇന്നുരാത്രി ഞാൻ സ്വപ്നത്തിൽ അങ്ങേയറ്റം മൃദുലവും ഭംഗിയുള്ളതുമായ പഴങ്ങളാൽ നിറഞ്ഞുനിൽക്കുന്ന ഒരു വൃക്ഷത്തെ കണ്ടു. ചിലയാളുകൾ വളരെ കഷ്ടപ്പെട്ടുകൊണ്ട് ഒരു ഔഷധചെടി അതിൽ കയറ്റിവെക്കാൻ ശ്രമിക്കുന്നു. അതിന് വേരില്ല. പക്ഷേ, അതിനെ അവർ കയറ്റിവെച്ചു. ആ ചെടി അവീമിനെപോലെയുള്ളതാണ്. ഈ ചെടി ആ വൃക്ഷത്തിൽ കയറിപോകുന്നതിനനുസരിച്ച് ആ വൃക്ഷത്തിലുള്ള പഴങ്ങൾക്ക് കേടുവരുന്നു. ഈ മൃദുല വൃക്ഷത്തിൽ മോശപ്പെട്ട ഒരു രൂപമുണ്ടായി. ഈ വൃക്ഷം പാഴായിപോകുമെന്ന് ഭയമുണ്ടായെന്ന് മാത്രമല്ല കുറച്ചു പാഴായിപോവുകയും ചെയ്തു. ഇക്കാര്യം കണ്ടപ്പോൾ എന്റെ മനസ്സ് പരിഭ്രമിച്ചു. അപ്പോൾ ഞാൻ അടുത്തുള്ള ഒരു പരിശുദ്ധനായ മനുഷ്യനോട് ചോദിച്ചു. ഈ വൃക്ഷം ഏതാണ്? ഈ മൃദുലമായ വൃക്ഷത്തെ ഞെരുക്കുന്ന ഈ ചെടി ഏതാണ്? അപ്പോൾ അദ്ദേഹം പറഞ്ഞു: ഈ വൃക്ഷം അല്ലാഹുവിന്റെ വചനമായ വിശുദ്ധഖുർആനാണ്. ഈ ചെടി വിശുദ്ധഖുർആനെതിരിൽ വെക്കുന്ന ഹദീഥുകളും വാക്കുകളുമാണ്. അതിന്റെ ആധിക്യം ഈ വൃക്ഷത്തെ ഞെരിച്ചുകളയുകയും ഇതിന് നഷ്ടം വരുത്തിവെക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ എന്റെ കണ്ണ് തുറന്നു. (റിവ്യൂ ബർ മുബാഹഥ, ബട്ടാലവി വ ചക്ടാലവി, റൂഹാനിഖസാഇൻ, വാള്യം 19, പേജ് 212, അടിക്കുറിപ്പ്)

*ബാഗ് മുർജായാ ഹുവാ ഥാ, ഗിർഗയേതേ സബ് ഥമർ*
*മേ ഹുദാകാ ഫള്ൽ ലായാ ഫിർ ഹുവേ പൈദാ ഥമർ*
*തോട്ടം വാടിപോയിട്ടുണ്ടായിരുന്നു. പഴം മുഴുവനും വീണുപോയിരുന്നു. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടുവന്നു. പിന്നീട് പഴങ്ങളുണ്ടായി.*

മാന്യ ശ്രോതാക്കളേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇപ്രകാരം വെളിപാടുണ്ടായി. *യാ യഹ്യാ ഖുദിൽ കിതാബ ബിഖുവ്വതിൻ വൽ ഖയ്റു കുല്ലുഹൂ ഫിൽഖുർആനി* അവിടന്ന് പറഞ്ഞു:

ഇതിൽ നമ്മെ ഹദ്റത്ത് യഹ്യായുമായി സാദൃശ്യപ്പെടുത്തിയിരിക്കുകയാണ്. കാരണം ഹദ്റത്ത് യഹ്യാക്ക് നേരിടേണ്ടിവന്ന സമൂഹം അല്ലാഹുവിന്റെ വചനമായ തൗറാത്ത് ഉപേക്ഷിക്കുകയും ഹദീഥിൽ വളരെ ആസക്തരാവുകയും ചെയ്ത സമൂഹമാണ്. എല്ലാ കാര്യത്തിലും ഹദീഥ് സമർപ്പിക്കുമായിരുന്നു. അതുപോലെ ഇക്കാലത്തും നാം അഹ്‌ലെ ഹദീഥുമായി നേരിടുമ്പോൾ നാം ഖുർആൻ സമർപ്പിക്കും. എന്നാൽ, അവർ സമർപ്പിക്കുന്നതോ ഹദീഥും. (മൽഫൂദാത്ത്, വാല്യം 2, പേജ് 203)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

വിശുദ്ധഖുർആന് എല്ലാ നിലയിലും ഹദീഥുകളെക്കാൾ പ്രാമുഖ്യമുണ്ട്. ഹദീഥ് ശരിയാണോ തെറ്റാണോ എന്ന് പരിശോധിക്കുന്നതിനുള്ള ഉരകല്ലാണ് വിശുദ്ധഖുർആൻ. വിശുദ്ധഖുർആന്റെ യഥാർഥ ഉദ്ദേശ്യം ജനങ്ങളിൽ വെളിപ്പെടുത്തുന്നതിനുവേണ്ടി അതിന്റെ പ്രചാരണത്തിന് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നു. (അൽ ഹഖ്, മുബാഹഥ ലുധിയാന, റൂഹാനീഖസാഇൻ, വാല്യം 4, പേജ് 30)

വീണ്ടും പറയുന്നു:

വിശുദ്ധഖുർആന്റെ ശരിയായ അർഥം വെളിപെടണമെന്ന് അല്ലാഹു ഉദ്ദേശിച്ചു. അല്ലാഹു എന്നെ ഇതിനുവേണ്ടിയാണ് നിയോഗിച്ചത്. ഞാൻ അവന്റെ വെളിപാടും വഹ്‌യും മുഖേന വിശുദ്ധഖുർആനെ മനസ്സിലാക്കുന്നു. (മൽഫൂദാത്ത്, വാല്യം 3, പേജ് 450)

വീണ്ടും പറയുന്നു:

എന്റെ നില ഒരു സാധാരണ മൗലവിയുടേതല്ല. പ്രത്യുത എന്റെ നില പ്രവാചകന്മാരുടെ സുന്നത്തിന്റേതാണ്. എന്നെ ഒരു ദൈവികമനുഷ്യനായി വിശ്വസിക്കുക. അപ്പോൾ മുസ്‌ലിമീങ്ങളിൽ വന്നുചേർന്നിട്ടുള്ള എല്ലാ കുഴപ്പങ്ങളും ശണ്ഠകളും ഒരൊറ്റ നിമിഷം കൊണ്ടുതന്നെ പരിഹരിക്കപ്പെടുന്നതാണ്. ആരാണോ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് വിധികർത്താവായി നിയോഗിക്കപ്പെടുന്നത്, അയാൾ വിശുദ്ധഖുർആന് ഏതൊരു അർഥമാണോ നൽകുന്നത് അതായിരിക്കും ശരിയായ അർഥം. അദ്ദേഹം ശരിയാണെന്ന് പറയുന്ന ഹദീഥായിരിക്കും ശരിയായിട്ടുള്ളത് (മൽഫൂദാത്ത്, വാല്യം 1, പേജ് 339)

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു:

നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആനെ ആദിരിക്കുന്നവർ ആകാശത്തിൽ ആദരിക്കപ്പെടും. എല്ലാ ഹദീഥുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് മുഹമ്മദുമുസ്തഫാ(സ)തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. (കിശ്തിനൂഹ്, റൂഹാനിഖസായിൻ, വാല്യം 19, പേജ് 15)

വീണ്ടും പറയുന്നു.

ഞാൻ ഖുർആൻ എന്ന പദത്തിൽ ധാരാളം ചിന്തിച്ചു. അപ്പോൾ ഈ അനുഗൃഹീത പദത്തിൽ ഒരു മഹത്തായ പ്രവചനം അടങ്ങിയിട്ടുണ്ടെന്ന് മനസ്സിലായി. അതിപ്രകാരമാണ്. ഈ വിശുദ്ധഖുർആൻ അതായത് വായിക്കപ്പെടാൻ അർഹമായ ഗ്രന്ഥം, ഇതിന്റെ കൂടെ മറ്റുള്ള ഗ്രന്ഥം വായിക്കപ്പെടുമെങ്കിലും ഏറ്റവും കൂടുതൽ വായിക്കപ്പെടാൻ അർഹമായ ഗ്രന്ഥം ഇതായിരിക്കും. ഈ സമയത്ത് ഇസ്‌ലാമിന്റെ ആദരവ് നിലനിറുത്തുന്നതിനും തെറ്റായ വിശ്വാസത്തെ ഇല്ലാതാക്കുന്നതിനും ഈയൊരു ഗ്രന്ഥമായിരിക്കും വായിക്കാൻ അനുയോജ്യമായത്. മറ്റുള്ള ഗ്രന്ഥങ്ങൾ ഉപേക്ഷിക്കേണ്ടതായി വരും.

അദ്ദേഹം പറഞ്ഞു:

ഫുർഖാൻ എന്നതിന്റെ അർഥവും ഇതുതന്നെയാണ്. അതായത് ഈയൊരുഗ്രന്ഥം സത്യവും അസത്യവും വേർതിരിച്ചറിയുന്നതിനാണ് നിലകൊള്ളുന്നത്. ഒരു ഹദീഥോ ഗ്രന്ഥമോ ഈ നിലയിലുള്ളതായിട്ടുണ്ടാവുകയില്ല. ഇനി എല്ലാ ഗ്രന്ഥവും ഉപേക്ഷിക്കുകയും ദിനരാത്രങ്ങളിൽ അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും ചെയ്യുക. (മൽഫൂദാത്ത് വാല്യം 1, പേജ് 386)

മാന്യ ശ്രോതാക്കളേ, വിശുദ്ധഖുർആന്റെ പ്രതാപത്തിന് കോട്ടം തട്ടുന്നതിന് കാരണമായി ത്തീർന്ന ഏറ്റവും വലിയ പ്രശ്നം ജിഹാദിന്റെ തെറ്റായ വീക്ഷണമായിരുന്നു. അതായത് അന്യമതസ്ഥരെ നിർബന്ധപൂർവ്വം ഇസ്‌ലാമിൽ പ്രവേശിപ്പിക്കാമെന്നും ജിഹാദുകൊണ്ടുള്ള ഉദ്ദേശ്യം വാളുകൊണ്ടുള്ള യുദ്ധമാണെന്നുമുള്ള ധാരണ. മുസ്‌ലിമീങ്ങളിൽ രക്തംചൊരിയുന്ന മഹദിയെന്ന വിശ്വാസവും നിലകൊള്ളുന്നുണ്ട്. അദ്ദേഹം വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ ജിഹാദിന്റെ ശരിയായ വ്യാഖ്യാനവും യാഥാർഥ്യവും ബോധ്യപ്പെടുത്തിത്തന്നു. അതായത് യഥാർഥ ജിഹാദ് എന്നത് ആത്മാവിന്റെ ശുദ്ധീകരണത്തിനുള്ള ജിഹാദാണെന്നും വിശുദ്ധഖുർആന്റെ പ്രചാരണവും അതിന്റെ നടത്തിപ്പും ജിഹാദെ കബീർ- ഏറ്റവും വലിയ ജിഹാദാണെന്ന് വ്യാഖ്യാനിക്കുകയും ചെയ്തു. ഇതേപ്രകാരം അദ്ദേഹം ഈസാ(അ) ഇന്നും ജീവിച്ചിരിക്കുന്നുവെന്നുള്ള വിശ്വാസത്തെ വിശുദ്ധഖുർആനിലെ 30 ആയത്തുകൾകൊണ്ട് ഖണ്ഡിച്ച് ഇസ്‌ലാമിന് വീണ്ടും ഒരു പുതുജീവൻ നൽകുകയും വിശുദ്ധഖുർആന്റെ മഹത്ത്വത്തെ ഇരട്ടിപ്പിക്കുകയും ചെയ്തു. അദ്ദേഹം തന്റെ ഒരു പദ്യശകലത്തിൽ പറയുന്നു.

*മാർത്താ ഹെ ഉസ്കോ ഫുർഖാൻ സർബസർ*
*ഉസ്കെ മർജാനെ കി ദേത്താ ഹെ ഖബർ*
*വൊ നഹി ബാഹർ രഹാ അംവാത്ത് സെ*
*ഹോഗയാ ഥാബിത്ത് യെ തീസ് ആയാത്ത് സെ*

*അദ്ദേഹത്തെ വിശുദ്ധഖുർആൻ പൂർണമായും മരിപ്പിക്കുന്നു. അദ്ദേഹം മരിച്ചിരിക്കുന്നുവെന്നുള്ള വാർത്ത നൽകുന്നു. അദ്ദേഹം മരണത്തിൽനിന്ന് വെളിയിൽ ഇരിക്കുന്നില്ല. ഈ 30 ആയത്തുകളിൽനിന്ന് അത് സ്ഥാപിതമായിരിക്കുന്നു.*

മാന്യ ശ്രോതാക്കളേ, അല്ലാഹു വിശുദ്ധഖുർആനിൽ ഖയ്റെ ഉമ്മത്തിന് (ഉത്തമ സമുദായത്തിന്) എല്ലാ ആത്മീയാനുഗ്രഹങ്ങളുടേയും വാഗ്ദാനം നല്കിയിരിക്കുന്നു. എന്നാൽ, വിവരംകെട്ട മുസ്‌ലിമീങ്ങൾ ഖാത്തമുന്നബീയ്യീന് അനുയോജ്യമല്ലാത്ത വ്യാഖ്യാനം നൽകിക്കൊണ്ട് എല്ലാതരത്തിലുമുള്ള നുബുവ്വത്തിന്റേയും വാതിലുകൾ അടഞ്ഞുപോയിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. ഹദ്റത്ത് അഹ്മദ്(അ)ഖാത്തമുന്നബിയ്യീൻ എന്ന ആയത്തിന്റെ യഥാർഥമായ ജ്ഞാനം നൽകിക്കൊണ്ട് പറഞ്ഞു:

ഖാത്തമിന്റെ അർഥം മോതിരമെന്നാണ്. നബി(സ)തിരുമേനിക്ക് ശ്രേഷ്ഠതയുടെ അനുഗ്രഹമെത്തിക്കുന്നതിന് മോതിരം നല്കപ്പെട്ടു. ഇനി മുഹമ്മദീ മോതിരം കൈയിലുള്ളവർക്കുമാത്രമെ നുബുവ്വത്തിന്റെ അനുഗ്രഹം ലഭിക്കുകയുള്ളു;അതായത് മടിശ്ശീലയുമായി ബന്ധമുണ്ടാകണം.

അദ്ദേഹം പറയുന്നു:

മനുഷ്യൻ ബാഹ്യവും ആന്തരികവുമായ അന്തസ്സ് ആഗ്രഹിക്കാതിരുന്നാൽ ഒരാഴ്ചകൊണ്ട് അവനെ പരിശുദ്ധമാക്കാൻ ഖുർആന് സാധിക്കും. ഖുർആനിൽനിന്ന് സ്വയം ഓടിയകലാതിരുന്നാൽ നിങ്ങളെ നബിമാരെപ്പോലെ ആക്കിത്തീർക്കുവാൻ ഖുർആന് കഴിയും. ഖുർആനല്ലാതെ മറ്റേത് ഗ്രന്ഥമാണ് തുടക്കത്തിൽത്തന്നെ അതിന്റെ അനുവാചകരെ ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സിറാത്വല്ലദീന അൻ അംത അലയ്ഹിം എന്ന പ്രാർത്ഥന പഠിപ്പിക്കുകയും അവർക്ക് പ്രതീക്ഷ നല്കുകയും ചെയ്തിട്ടുള്ളത്. അതായത് നബിയും റസൂലും സിദ്ദീഖും ശഹീദും സ്വാലിഹും ആയിട്ടുള്ള ഞങ്ങളുടെ മുൻകഴിഞ്ഞുപോയവർക്ക് കാണിക്കപ്പെട്ട ആഗ്രഹങ്ങളുടെ വഴി ഞങ്ങൾക്കും കാണിച്ചുതന്നാലും. അതുകൊണ്ട് സ്വന്തം നിശ്ചയദാർഢ്യങ്ങളെ മികച്ചതാക്കിത്തീർക്കുക. വിശുദ്ധഖുർആന്റെ ക്ഷണം നിരസിക്കാതിരിക്കുക. നിങ്ങളുടെ പൂർവ്വികർക്ക് നല്കിയതുപോലുള്ള അനുഗ്രഹം അവൻ നിങ്ങൾക്കും നല്കുവാൻ ആഗ്രഹിക്കുന്നു.(കശ്തിയെനൂഹ്, റൂഹാനീഖസായിൻ, വാല്യം 19, പേജ് 27)

മാന്യ ശ്രോതാക്കളേ, ഖുർആന്റെ മഹത്വം സ്ഥാപിക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബഹുമതിപരമായ ദൃഷ്ടാന്തമെന്ന നിലയിൽ തഫ്സീറെ ഖുർആനും നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ മുഴുവൻ ഗ്രന്ഥവും തഫ്സീറെ ഖുർആന്റെ ഏറ്റവും ശ്രേഷ്ഠമായ കൃതികളാണ്. എന്നിരുന്നാലും അദ്ദേഹം മുഅ്ജിസത്ത് എന്ന നിലയിൽ ഖുർആന്റെ വ്യാഖ്യാനമായി ചില ഗ്രന്ഥങ്ങൾ അറബിഭാഷയിൽ എഴുതുകയുണ്ടായി. ഇതിന്നെതിരിൽ വ്യാഖ്യാനമെഴുതാൻ ശത്രുക്കളെ അവിടന്ന് വെല്ലുവിളിച്ചു. എന്നാൽ, ആർക്കുംതന്നെ അദ്ദേഹത്തെ നേരിടാൻ ധൈര്യമുണ്ടായില്ല. പീർ മെഹറലി ശാഹ് ഗോൾഡവിക്ക് തഫ്സീർ എഴുതുന്നതിന് വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം ഇഅ്ജാസുൽ മസീഹ് എന്ന പേരിൽ അറബിഭാഷയിൽ സൂറഃഫാത്തിഹയുടെ വ്യാഖ്യാനം പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന് ഈ ഗ്രന്ഥത്തെക്കുറിച്ച് ഇപ്രകാരം ഇൽഹാമുണ്ടായി.

*മൻ ഖാമ ലിൽജവാബി വതനമ്മര*
*ഫസൗഫ യറാ അന്നഹൂ തനദ്ദമ വതദമ്മര*

അതായത് ഏതൊരുത്തനും ദ്വേഷംകൊണ്ട് ഈ ഗ്രന്ഥത്തിന് മറുപടി എഴുതാൻ തയ്യാറാവുകയാണെങ്കിൽ അവൻ അടുത്തുതന്നെ താൻ നാണംകെട്ടുവെന്ന് കാണുന്നതായിരിക്കും. നിന്ദിതയോടുകൂടി അവന്റെ അന്ത്യമുണ്ടായെന്നും! ദൈവികവെളിപാടനുസരിച്ച് പീർ മെഹറലി ശായ്ക്ക് ഈ വ്യാഖ്യാനത്തിനെതിരെ ഒരു വാക്കുപോലും എഴുതാൻ തന്റേടമുണ്ടായില്ല. അവസാനം നണംകെട്ട് നിന്ദ്യതയോടെ പരാജയത്തിന്റെ മുഖം കാണേണ്ടിവന്നു. ഈ ഗ്രന്ഥത്തിന്റെ അർഥഗാംഭീര്യത്തേയും സാഹതീയ സൗന്ദര്യത്തേയും കുറിച്ച് അറബുനാടുകളിലെ പത്രങ്ങൾപോലും ഏറ്റുപറഞ്ഞിട്ടുണ്ട്. എനിക്ക് വിശുദ്ധഖുർആന്റെ ദിവ്യാത്ഭുതമെന്നനിലയിൽ അറബി സാഹിത്യത്തിന്റെ ദൃഷ്ടാന്തം നൽകപ്പെട്ടിരിക്കുന്നു. ആർക്കുംതന്നെ അതിനെ നേരിടാൻ സാധിക്കുകയില്ല. (ഉരൂരത്തുൽ ഇമാം, റൂഹാനിഖസായിൻ, വാല്യം 13, പേജ് 496)

ഇപ്രാരം പറഞ്ഞു:

ഞാൻ പലപ്രാവശ്യം പറഞ്ഞുകഴിഞ്ഞതാണ്, എന്റെ ശത്രുവും ഒരു സൂറത്തിന്റെ വ്യാഖ്യാനം എഴുതട്ടെ. ഞാനും വ്യാഖ്യാനം എഴുതാം. പിന്നീട് താരതമ്യം ചെയ്തുനോക്കാം. പക്ഷേ, ആരും അതിന് ധൈര്യം കാണിച്ചില്ല. മുഹമ്മദ് ഹുസയ്ൻ മുതലായവർ പറഞ്ഞത് ഇവന് അറബിയുടെ ഗ്രാമർപോലും അറിയില്ലെന്നാണ്. ഞാൻ ഗ്രന്ഥം സമർപ്പിച്ചപ്പോൾ പൊള്ളയായ ഒഴികഴിവുകൾ പറഞ്ഞ് അതിനെ നിഷേധിച്ചു. പക്ഷേ, ഒരു പേജുപോലും എഴുതിക്കാണിക്കാൻ സാധിച്ചില്ല. ഇതാണ് അറബിയെന്ന്! ചുരുക്കത്തിൽ ഈ ദൃഷ്ടാന്തമാണ് പ്രത്യേകിച്ച് എന്റെ സത്യതക്കുവേണ്ടി എനിക്ക് ലഭിച്ച ദൃഷ്ടാന്തം. (മൽഫൂദാത്ത്, വാള്യം 1, പേജ് 183)

മാന്യ ശ്രോതാക്കളേ, മുൻകാല വ്യാഖ്യാതാക്കൾ വിശുദ്ധഖുർആനിൽ പ്രതിപാദിച്ചിട്ടുള്ള പ്രവാചകന്മാരുടേയും സമുദായത്തിന്റേയും സംഭവങ്ങൾ വെറും കഥാരൂപത്തിലാണ് രചിച്ചിട്ടുള്ളത്. ചില ആയത്തുകൾക്കുള്ള വ്യാഖ്യാനം പ്രവാചകന്മാരെ നിന്ദിക്കുന്നവിധത്തിലുള്ള വ്യാഖ്യാനമാണ് പറഞ്ഞിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധഖുർആനിൽ വന്നിട്ടുള്ള പ്രവാചകന്മാരുടെ സംഭവങ്ങളെ ജ്ഞാനത്തിന്റെയും പ്രവചനത്തിന്റെയും രൂപം നൽകിക്കൊണ്ട് വിശുദ്ധഖുർആന്റെ മഹത്ത്വവും മഅ്രിഫത്തും വെളിപ്പെടുത്തുകയും പ്രവാചകന്മാരുടെ പവിത്രത നിലനിറുത്തുകയും ചെയ്തു. അദ്ദേഹം പറയുന്നു:

വിശുദ്ധഖുർആനിൽ എത്രകണ്ട് സംഭവങ്ങളുണ്ടോ അതെല്ലാം സംഭവങ്ങൾ മാത്രമല്ല പ്രത്യുത, സംഭവരൂപത്തിൽ എഴുതപ്പെട്ട പ്രവചനങ്ങളാണ്. തൗറാത്തിൽ അത് സംഭവങ്ങളായിട്ടാണ് കാണപ്പെടുന്നത്. എന്നാൽ, വിശുദ്ധഖുർആൻ ഓരോ സംഭവത്തേയും നബി(സ) തിരുമേനിക്കുവേണ്ടിയും ഇസ്‌ലാമിനുവേണ്ടിയും പ്രവചനമായി ഗണിക്കുകയും അത് പരിപൂർണമായ നിലയിൽ പൂർത്തിയാവുകയും ചെയ്തു. (ചശ്മയെ മഅ്രിഫത്ത്, റൂഹാനിഖസാഇൻ, വാള്യം 21, പേജ് 271)

വീണ്ടും പറയുന്നു.

വിശുദ്ധഖുർആൻ അതിന്റെ മുഴുവൻ അധ്യാപനങ്ങളേയും ജ്ഞാനപരമായ രൂപത്തിലും തത്ത്വപരമായ നിലയിലും സമർപ്പിക്കുന്നു. അതിനാൽ ഓർത്തുകൊള്ളുക, വിശുദ്ധഖുർആൻ മുൻഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും ഔദാര്യം ചെയ്തിരിക്കുന്നു. സംഭവരൂപത്തിലുള്ള അവരുടെ അധ്യാപനങ്ങളെ ജ്ഞാനരൂപത്തിലാക്കിത്തീർത്തു. ഞാൻ സത്യമായും സത്യമായും പറയുന്നു, ഏതുവരെ വിശുദ്ധഖുർആൻ വായിക്കുന്നില്ലയോ അതുവരെ ആർക്കുംതന്നെ ഈ സംഭവങ്ങളിൽനിന്ന് മോചനം ലഭിക്കുകയില്ല. അതുകൊണ്ട് വിശുദ്ധഖുർആൻ ധാരാളമായി പാരായണം ചെയ്യുക. പക്ഷേ, വെറും സംഭവങ്ങളാണെന്ന് മനസ്സിലാക്കിക്കൊണ്ടല്ല. പ്രത്യുത ഇതൊരു ഫിലോസഫിയാണെന്ന് മനസ്സിലാക്കിക്കൊണ്ട് പാരായണം ചെയ്യുക. (മൽഫൂദാത്ത്, വാള്യം 2, പേജ് 113)

മാന്യശ്രോതാക്കളേ, സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശുദ്ധഖുർആന്റെ മഹത്ത്വത്തെ ഇരട്ടിപ്പിക്കുന്ന ജ്ഞാനപരമായ മുഅ്ജിസത്തായ ആത്മീയവും ഭൗതികവുമായ ആറ് പദവികളുടെ രഹസ്യം വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു:

ലോകത്ത് ദൈവിക ഗ്രന്ഥങ്ങളെന്നു വിളിക്കപ്പെടുന്ന എത്ര ഗ്രന്ഥങ്ങളുണ്ടോ അല്ലെങ്കിൽ ആത്മാവിനെ സംബന്ധിച്ചും ദൈവികമായതിനെ സംബന്ധിച്ചും എഴുതപ്പെട്ടിട്ടുണ്ടോ അല്ലെങ്കിൽ ഏതൊരുവൻ സ്വൂഫീവര്യന്മാരുടെ രീതിയിൽ ശാസ്ത്രത്തിന്റെ കാര്യങ്ങൾ എഴുതിയിരിക്കുന്നുവോ അവരുടെ ബുദ്ധി ഭൗതികവും ആത്മീയവുമായ കാര്യങ്ങൾ കാണിക്കുന്നതിന് ഇതിനേക്കാൾ മുൻകടന്നിട്ടില്ല. ആരെങ്കിലും എന്റെ ഈ വാദത്തെ നിഷേധിക്കുകയും ആത്മീയവും ഭൗതികവുമായ കാര്യങ്ങൾ മറ്റുള്ളവരും ഈ രീതിയിൽ കാണിച്ചിട്ടുണ്ടെന്ന് ധരിക്കുകയും ചെയ്യുന്നുവെങ്കിൽ ഇത്തരത്തിലുള്ള ജ്ഞാനപരമായ മുഅ്ജിസത്തിന്റെ മാതൃക മറ്റൊരു ഗ്രന്ഥത്തിൽനിന്ന് കാണിക്കേണ്ടതാണ്. ഞാൻ തൗറാത്തും ഇഞ്ചീലും ഹിന്ദുക്കളുടെ വേദഗ്രന്ഥങ്ങളും നോക്കി. എന്നാൽ, ഞാൻ സത്യമായും പറയുന്നു, ഈ വിധത്തിലുള്ള ജ്ഞാനപരമായ ദിവ്യാത്ഭുതം വിശുദ്ധഖുർആനിലല്ലാതെ മറ്റൊരു ഗ്രന്ഥത്തിലും കണ്ടിട്ടില്ല. (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), വാള്യ 6)

*യാ ഇലാഹി തേരാ ഫുർഖാൻ ഹെ കെ ഇക് ആലം ഹെ*
*ജോ ഉരൂരി ഥാ വോ സബ് ഇസ്മെ മുഹയ്യാ നിക്‌ലാ*
*കിസ്സേ ഇസ് നൂർ കീ മുംഗിൻഹൊ ജഹാൻ മെ തശ്ബീഹ്*
*വൊ തൊ ഹർ ബാത്മെ ഹർ വസ്ഫ് മെ യക്താ നിക്‌ലാ*

*അല്ലയോ ദൈവമേ! നിന്റെ ഈ ഫുർഖാൻ ഒരു പ്രപഞ്ചമാണ്. എനിക്ക് ആവശ്യമുള്ളതെല്ലാം എനിക്ക് അതിൽനിന്ന് ലഭിച്ചു. ലോകത്ത് ഈ പ്രകാശത്തെ ഏതു വസ്തുവിനോടാണ് താരതമ്യം ചെയ്യാൻ സാധിക്കുക. അതെല്ലാ കാര്യത്തിലും എല്ലാ വർണതയിലും അനുപമമായി.*

മാന്യ ശ്രോതാക്കളേ, അവസാനമായി സയ്യിദുനാ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഒരു ഉദ്ധരണിയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു:

ഈ മഹത്തായ ദൈവിക ഏടുകളുടെ, വിശുദ്ധഖുർആന്റെ പാരായണ കടമ നിറവേറ്റുക എന്നത് ഇന്ന് എല്ലാ അഹ്മദികളുടേയും ചുമതലയാണ്. നിങ്ങൾ നിങ്ങളെ രക്ഷിക്കുക, ഇസ്‌ലാമിലേക്ക് ശ്രദ്ധ തിരിഞ്ഞിട്ടുള്ള ദുൻയാവിനേയും രക്ഷിക്കുക;പക്ഷേ, അവർ അഹ്മദിയായിട്ടില്ല. അവരിലധികമാളുകളും അവസാനം യഥാർഥ ഇസ്‌ലാമിലും സത്യത്തിന്റെ അന്വേഷണത്തിൽ അഹ്മദിയ്യത്തിന്റെ മടിത്തട്ടിലും വരേണ്ടവരാണ്. ഇൻശാഅല്ലാഹ്. ഇതിനുവേണ്ടി ഓരോ അഹ്മദിയും തങ്ങളെ തയ്യാറാക്കേണ്ടതാണ്.ഇന്ന് ഇസ്‌ലാമിന്റെ ശത്രുശക്തികൾ എല്ലാ തരത്തിലുള്ള കുതന്ത്രങ്ങളും കുത്സിതശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. വങ്കത്തരത്തിന്റെ ഒരു കൊടുങ്കാറ്റ് ആഞ്ഞുവീശുകയാണ്. അതുകൊണ്ട് നമ്മുടെ ജോലി മുമ്പത്തേതിനെക്കാളുപരി ഈ ദൈവഗ്രന്ഥത്തെ പാരായണം ചെയ്യുക, അതിനെ മനസ്സിലാക്കുക, അതിൽ ചിന്തിക്കുക, അതനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. ഈ ഗ്രന്ഥത്തിൽ മറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ മുമ്പത്തെക്കാളുപരി വഹിക്കുന്നവരായിത്തീരാൻ ഈ ഗ്രന്ഥം ഇറക്കിയ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുക എന്നതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ(ജുമുഅ ഖുത്ബ 7-3-2008)

**ഓരോ ആരാധനയുടേയും ഇടം**
**അല്ലാഹുവിന്റെ ഭവനമാണ്**

മസ്ജിദ് അല്ലാഹുവിന്റെ വീടാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്. നബി(സ)തിരുമേനിയുടെ മദീനാ പലായനത്തിനുശേഷം മക്കാ നിഷേധികൾ നബി(സ)തിരുമേനിയെ ആക്രമിച്ചപ്പോൾ മുസ്‌ലിമീങ്ങളുടെ കൈയിൽ ഒരു യുദ്ധായുധവുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് കൽപന വന്നു. ഇപ്പോൾ ക്ഷമ അതിരു കടന്നിരിക്കുന്നു. 13 വർഷംവരെ നീ ക്ഷമിച്ചു. ഇനി ശത്രുവിന്റെ കൈകൾ തടയേണ്ടി വരും. ശക്തമായ മറുപടി നല്കേണ്ടിയുംവരും. എന്നാൽ, ശക്തി എന്താണ്? കേവലം മുസ്‌ലിമീങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അങ്ങനെ ഒരിക്കലുമല്ല! അവിടന്ന് പറഞ്ഞു: ഇന്നവരുടെമേൽ ബലം പ്രയോഗിച്ചില്ലെങ്കിൽ മതത്തിന്റെ ശത്രുക്കളായ ഇവർ ദൈവഭവനങ്ങളെ ജനനിബിഢമാക്കി വെക്കാൻ സമ്മതിക്കുകയില്ല. ഒരു മതവുമായും ബന്ധം നിലനിറുത്താനും ആരാധനാലയങ്ങളെ ജനനിബിഢമാക്കി വെക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം ഇവർ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഇത് രേഖപ്പെട്ടുകിടക്കുന്നു. അവരുടെ കൈകൾ തടയാതിരുന്നാൽ ചർച്ചുകളോ സിനഗോഗോ മറ്റു ആരാധനാലയങ്ങളോ മസ്ജിദുകളോ ശേഷിക്കുകയില്ല. മുസ്‌ലിമീങ്ങൾ കേവലം മസ്ജിദുകൾ മാത്രമല്ല പ്രത്യുത ഓരോ ആരാധനാലയത്തേയും പ്രതിരോധിക്കുന്നു

**(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ശോഭനഭാവി

മൗലവി മുസഫ്ഫർ അഹ്മദ് നാസിർ നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ

*(2023 ഖാദിയാൻ ജൽസയിൽ ചെയ്ത പ്രസംഗം)*

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ
وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِيْ ؕ اِنَّ اللّٰهَ قَوِيٌّ عَزِيْزٌ (سورة المجادلہ:22)
اَلَمْ تَرَ كَيْفَ ضَرَبَ اللّٰهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ اَصْلُهَا ثَابِتٌ وَّفَرْعُهَا فِي السَّمَآءِ ۝ وَمَثَلُ كَلِمَةٍ خَبِيْثَةٍ كَشَجَرَةٍ خَبِيْثَةِ ۣاجْتُثَّتْ مِنْ فَوْقِ الْاَرْضِ مَا لَهَا مِنْ قَرَارٍ

*ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.(58:22)*
*അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്ന് നീ കണ്ടില്ലേ?(അതായത് ഒരു പരിശുദ്ധ വചനത്തെ ഒരു നല്ല വൃക്ഷത്തോടു(ഉപമിച്ചിരിക്കുന്നത്). അതിന്റെ അടിവേര് ഉറച്ചു നിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശംമുട്ടെ(ഉയർന്നു നിൽക്കുന്നതും)ആണ്. അതിന്റെ നാഥന്റെ കൽപ്പന പ്രകാരം അത് അതിന്റെ പുതു(ഫലങ്ങൾ)സദാ നല്കിക്കൊണ്ടിരിക്കുന്നു. മനുഷ്യർ ചിന്തിച്ച് ഗ്രഹിക്കുന്നതിന് അല്ലാഹു ഉപമകൾ വിവരിക്കുന്നു.*
*ഒരു ചീത്ത വചനത്തിന്റെ ഉപമ ഒരു ചീത്ത വൃക്ഷം പോലെയുമാണ്. ഭൂമിയുടെ ഉപരിതലത്തിൽനിന്ന് അത് പിഴുതിടപ്പെട്ടിരിക്കുന്നു. അതിന് ഒരുവിധ അടിയുറപ്പുമില്ല.(14:25-27)*

അല്ലാഹുവിൽനിന്ന് നിയോഗിക്കപ്പെട്ടയാൾ ലോകത്ത് വരുമ്പോൾ, അവന്റെ ശാശ്വതമായ വാഗ്ദാനമാണ് താനും തന്റെ റസൂലും ലോകത്ത് വിജയിക്കുമെന്നത്. ഇത് അല്ലാഹുവിന്റെ സനാതനമായ നടപടിക്രമമാണ്.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയിൽ എന്നല്ല മുഴുലോകത്തും ഇസ്‌ലാമിന്റെ അവസ്ഥ അത്യന്തം വ്യാകീർണമായിരുന്നു. മുസ്‌ലിമീങ്ങളുണ്ടായിരുന്നു, പക്ഷേ, പേരിൽമാത്രമായിരുന്നു അവർ. അവരുടെ വിശ്വാസത്തിന്റേയും പ്രവർത്തനത്തിന്റേയും ബലഹീനത കണ്ട് ക്രിസ്ത്യാനികളും മറ്റു മതക്കാരും നാനാഭാഗത്തുനിന്നും അവരെ ആക്രമിച്ചുകൊണ്ടിരുന്നു. അവർക്ക് മറുപടി പറയാൻ മുസ്‌ലിമീങ്ങൾക്ക് ചങ്കുറപ്പുണ്ടായിരുന്നില്ല. വേദനയനുഭവിക്കുന്ന ഇസ്‌ലാമിന്റെ ഹൃദയം വേവലാതിയിലായിരുന്നു. അവർക്ക് അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിടുകയല്ലാതെ മറ്റു നിർവാഹമൊന്നുമുണ്ടായിരുന്നില്ല.
ഇസ്‌ലാമിന്റെ ഈ ശോചനീയാവസ്ഥ കണ്ട് വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ മനസ്സ് അസ്വസ്ഥമാകുകയും വ്യാകുലപ്പെടുകയും ചെയ്തു. അദ്ദേഹം തന്റെ മൗലായുടെ മുമ്പിൽ കേണപേക്ഷിച്ചു:

*ഫിർ ബഹാരെ ദീൻ കി ദിഖലാ ഏ മേരേ പ്യാരേ ഖദീർ!*
*കബ്തലക് ദേഖേംങെ ഹം ലോഗോം കെ ബഹ്കാനെ കെ ദിൻ*
*എന്റെ പ്രിയപ്പെട്ട സർവശക്തനായുള്ളോവേ!വീണ്ടും ദീനിന്റെ വസന്തകാലം കാണിച്ചുതന്നാലും. ആളുകൾ ജനങ്ങളെ ഇങ്ങനെ വഞ്ചിച്ചുകൊണ്ടിരിക്കുന്നത് എത്രത്തോളമാണ് ഞങ്ങൾ കാണേണ്ടത്?*
വീണ്ടും പറയുന്നു:
*ദേഖ് സക്താ നഹി മെ ളുഅ്ഫെ ദീനെ മുസ്ത്വഫാ*
*മുഝ്കൊ കരായെ മേരേ സുൽത്വാൻ!കാമിയാബോ കാമ്ഗാർ*
*മുസ്ത്വഫായുടെ ദീനിന്റെ ബലഹീനത എനിക്ക് സഹിക്കാൻ കഴിയുന്നില്ല. അല്ലയോ എന്റെ രാജാധിരാജാ!എന്നെക്കൊണ്ട് വിജയിപ്പിക്കുകയും ഉന്നതിയിലാക്കുകയും ചെയ്താലും.*

അങ്ങനെ ദൈവകാരുണ്യം ആവേശത്തിൽ വരികയും അല്ലാഹു തന്റെ വാഗ്ദാനപ്രകാരം ഇസ്‌ലാമിന്റെ സംരക്ഷണത്തിനും പുതുജീവനും അസ്തിവാരമിടുകയും ചെയ്തു. അദ്ദേഹം സ്വപ്നത്തിൽ കണ്ടു, ജീവൻ നല്കുന്ന ഒരാളെ ആളുകൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഒരാൾ അദ്ദേഹത്തെ ചൂണ്ടിക്കൊണ്ട് പറഞ്ഞു:ഹാദാ റജുലുൻ യുഹിബ്ബു റസൂലല്ലാഹി അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കുന്ന വ്യക്തി ഇദ്ദേഹമാണ്. പിന്നീട് അദ്ദേഹത്തിന് കശ്ഫിൽ ഇങ്ങനെയൊരു ദൃശ്യവും കാണിക്കപ്പെട്ടു. ഒരു തോട്ടമുണ്ടാക്കപ്പെടുകയാണ്. അദ്ദേഹം അവിടുത്ത തോട്ടക്കാരനായി നിശ്ചയിക്കപ്പെട്ടു. 1882-ന്റെ തുടക്കത്തിൽ അല്ലാഹു അദ്ദേഹത്തെ ഈ ഇൽഹാംകൊണ്ട് അനുഗ്രഹിച്ചു. ഖുൽ ഇന്നീ ഉമിർത്തു വ അന അവ്വലുൽമുഅ്മിനീൻ ഞാൻ പ്രഥമവിശ്വാസികളിൽപ്പെട്ടവനാണെന്ന് കൽപിക്കപ്പെട്ടിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ മാമൂരിയത്തിന്റേയും മുജദ്ദിദിയത്തിന്റേയും ആദ്യത്തെ ഇൽഹാമായിരുന്നു. ഇതിനു ശേഷം, മുസ്‌ലിമീങ്ങളിൽ ഏതൊരു ഇമാം മഹ്ദിയും വാഗ്ദത്ത മസീഹും വരുമെന്ന് വാഗ്ദാനം നല്കിയിരുന്നുവോ അത് അദ്ദേഹത്തിൽ പൂർത്തിയായിരിക്കുന്നുവെന്നും അല്ലാഹു അദ്ദേഹത്തിന് വ്യക്തമാക്കിക്കൊടുത്തു. അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ പ്രാതിനിധ്യത്തിൽ ഇമാം മഹ്ദിയുടേയും മസീഹിന്റെ സദൃശന്റെ സ്ഥാനവും പ്രദാനം ചെയ്യപ്പെട്ടു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ദൈവിക നിർദേശമനുസരിച്ച് അഹ്മദിയ്യ ജമാഅത്ത് രൂപീകരിച്ചപ്പോൾ അദ്ദേഹം തനിച്ചായിരുന്നു. ഭൗതികമായ ഒരു സഹായമോ സഹകരണമോ ആരിൽനിന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആകാശഭൂമികളുടെ സ്രഷ്ടാവും കഴിവുള്ളനും സർവശക്തനുമായ ഏതൊരു അല്ലാഹുവാണോ അദ്ദേഹത്തെ അയച്ചത് അവൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. പിന്നീട് ഈ അദൃശ്യജ്ഞാനിയായ അല്ലാഹുവിൽനിന്ന് സുവാർത്ത പ്രാപിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

അല്ലാഹു എന്നോടു വീണ്ടും വീണ്ടും പറഞ്ഞിരിക്കുന്നു, അവൻ എനിക്ക് അങ്ങേയറ്റം മഹത്ത്വം നല്കുന്നതാണ്. എന്നോടുള്ള സ്നേഹം ഹൃദയങ്ങളിൽ ഇടുന്നതാണ്. എന്റെ ജമാഅത്തിനെ ലോകം മുഴുവൻ വ്യാപിപ്പിക്കുന്നതാണ്. എല്ലാ കക്ഷികളുടേയുംമേൽ എന്റെ കക്ഷിക്ക് വിജയം നല്കുന്നതാണ്. തങ്ങളുടെ സത്യതയുടെ പ്രകാശം മുഖേനയും തങ്ങളുടെ ദൃഷ്ടാന്തങ്ങളും അടയാളങ്ങളും മുഖേനയും എല്ലാവരേയും നിരുദ്ധകണ്ഠരാക്കുംവിധം തന്റെ കക്ഷിയിൽപ്പെട്ടവർ അറിവിലും ജ്ഞാനത്തിലും പരിപൂർണത കൈവരിക്കുന്നതാണ്. എല്ലാ വിഭാഗവും ഈ നീരുറവിൽനിന്ന് പാനം ചെയ്യും. ഈ ജമാഅത്ത് വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്..........അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു:ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം നല്കും. എത്രത്തോളമെന്നാൽ, രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടും!(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 409)

പിന്നീട് അദ്ദേഹം വലിയ പ്രതാപത്തോടും മുന്നറിയിപ്പോടുംകൂടി, ദൈവികവാഗ്ദാനത്തിലും സഹായത്തിലും പൂർണവിശ്വാസം അർപ്പിച്ചുകൊണ്ട് വിളംബരം ചെയ്തു:

നോക്കുക!ലോകത്ത് ഈ ജമാഅത്തിന് അല്ലാഹു വലിയ സ്വീകാര്യത നല്കുന്ന കാലം വരാൻ പോകുന്നു. അല്ല അതടുത്തെത്തിയിരിക്കുന്നു. ഈ ജമാഅത്ത് കിഴക്കും പടിഞ്ഞാറും തെക്കും വടക്കും വ്യാപിക്കുന്നതാണ്. ലോകത്ത് ഇസ്‌ലാം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഈയൊരു ജമാഅത്ത് മാത്രമായിരിക്കും. ഇതു മനുഷ്യന്റെ സംസാരമല്ല. ആരുടെ മുമ്പിൽ അസംഭാവ്യമായി ഒന്നുമല്ലാതിരിക്കുന്നുവോ ആ അല്ലാഹുവിന്റെ വഹ്‌യാണിത്. (തുഹ്ഫ ഗോൾഡവിയ്യ, റൂഹാനീ ഖസാഇൻ വാല്യം 17, പേജ് 182)

**അഹ്മദിയ്യ ജമാഅത്തിന്റെ ശോഭന ഭാവി**
വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

കളവിന്റെ ശത്രുവും കറ്റുകെട്ടി പറയുന്നവനെ നശിപ്പിക്കുകയും ചെയ്യുന്ന ആ അല്ലാഹു വാണ!അവൻ അയച്ചതിനാൽ ഞാൻ കൃത്യ സമയത്തുതന്നെ വന്നിരിക്കുന്നു. അവന്റെ കൽപ്പനപ്രകാരമാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അവൻ എന്റെ ഓരോ കാൽപ്പാടിലും എന്നോടൊപ്പമുണ്ട്. അവനെന്നെ പാഴാക്കിക്കളയുകയില്ല. അവനുദ്ദേശിച്ച കാര്യം നിറവേറ്റുന്നതുവരെ എന്റെ ജമാഅത്തിനെ നശിപ്പിക്കുകയുമില്ല.(അർബയീൻ ഭാഗം 2, റൂഹാനീ ഖസാഇൻ വാല്യം 17, പേജ് 348)
*ത്വാലിബോ! തുംകൊ മുബാറക് ഹൊ അബ് നസ്ദേക്ക് ഹെ*
*ഉസ് മെരെ മഹ്ബൂബ് കെ ചഹ്‌റ കെ ദിഖ്ലാനെ കാ ദിൻ*
*ദീൻ കെ നുസ്റത്ത് കേലിയെ ഇക് ആസ്മാൻ പർ ശോർ ഹെ*
*അബ് ഗയാ വഖ്ത്തെ ഖസാൻ ആയെ ഹെ ഫൽ ലാനെ കെ ദിൻ*
*അന്വേഷകരേ! നിങ്ങൾക്ക് അനുഗ്രഹമായിരിക്കട്ടെ. എന്റെ പ്രിയപ്പെട്ടവന്റെ മുഖകമലം കാണിക്കുന്ന ദിവസം ഇപ്പോൾ അടുത്തിരിക്കുന്നു. ദീനിനെ സഹായിക്കുന്നതിന് ആകാശത്ത് നിന്ന് ഒരു ബഹളമുണ്ടായിരിക്കുന്നു. ഇപ്പോൾ ഹേമന്തകാലം കഴിഞ്ഞിരിക്കുന്നു. ഫലം കായ്ക്കേണ്ടകാലം വന്നിരിക്കുന്നു.*
മാന്യശ്രോതാക്കളേ!അഹ്മദിയ്യത്തിന്റെ സാർ

ഥവാഹകസംഘത്തിന്റെ തുടക്കം 40 ആളുകളിൽ നിന്നായിരുന്നു. ഇന്ന് അതിന്റെ അംഗസംഖ്യ കോടിക്കണക്കിനായിരിക്കുന്നു. ഓരോ വർഷവും ലക്ഷക്കണക്കിന് ആളുകളാണ് അനുയായികളായി വരുന്നത്. ലോകത്ത് അഹ്മദിയ്യ ജമാഅത്ത് ഇല്ലാത്തതായ ഒരു സ്ഥലവുമില്ല. പരിശുദ്ധ വൃക്ഷത്തെപ്പോലെ ഇതിന്റെ വേര് മുഴുലോകത്തും വളരെ ശക്തമായ നിലയിൽ ആഴ്ന്നിറങ്ങിയിരിക്കുന്നു. ഇതിന്റെ ശാഖകൾ നാനാദിക്കുകളിലും തണൽ വിരിച്ചിരിക്കുന്നു. എല്ലാ സമൂഹവും ഈ നീരുറവയിൽനിന്ന് പാനം ചെയ്യുന്നതാണ്. വർഗവർണ വിവേചനമില്ലാതെ ഐശ്വര്യമായി അഹ്മദിയ്യത്തെന്ന വൃക്ഷത്തിന്റെ തണലിൽ തോളോടുതോൾച്ചേർന്ന് ഇസ്‌ലാമിന്റെ സേവനത്തിൽ വ്യാപൃതരായിരിക്കുകയാണ്.

ദൈവിക സഹായത്തിന്റെ ദൃഷ്ടാന്തങ്ങളെണ്ണാൻ സാധിക്കുകയില്ല. സത്യമിതാണ്, അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിയുടെ സന്ദേശവുമായാണ് ഓരോ ദിവസവും ഉദിച്ചുയരുന്നത്. അഹ്മദിയ്യ പ്രപഞ്ചത്തിലൊരിക്കലും ഒരിക്കലും സൂര്യൻ അസ്തമിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)എത്രമാത്രം ശക്തിയോടെയാണ് ഇതു പറയുന്നതെന്ന് നോക്കുക:

> അല്ലയോ ജനങ്ങളേ!നിങ്ങൾ കേട്ടുകൊള്ളുക. തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യത്തും വ്യാപിപ്പിക്കുമെന്നത് ആകാശഭൂമികളെ സൃഷ്ടിച്ചവനായ അവന്റെ പ്രവചനമാണ്. ന്യായപൂർത്തികൾ കൊണ്ടും തെളിവുകൾ കൊണ്ടും എല്ലാവരുടെമേലും അവർക്ക് അവൻ വിജയം നൽകുന്നതാണ്. ആ ദിവസങ്ങൾ വന്നുകൊണ്ടിരിക്കുന്നു, അല്ല അത് സമീപത്തെത്തിയിരിക്കുന്നു. അതായത് ലോകത്ത് ആദ രപൂർവ്വം സ്മരിക്കപ്പെടുന്ന ഒരേയൊരു മതം ഇത് മാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ പ്രസ്ഥാനത്തിലും അനിതര സാധാരണമായ നിലയിൽ അങ്ങേയറ്റത്തെ അനുഗ്രഹം ചൊരിയുന്നതാണ്. അതോടൊപ്പം ഇതിനെ ഇല്ലായ്മ ചെയ്യാൻ ആഗ്രഹിക്കുന്ന ഒരോരുത്തരേയും അവൻ പരാജയപ്പെടുത്തുന്നതാണ്. ഈയൊരു വിജയം ഖിയാമം നാൾ വരുന്നതുവരെ എപ്പോഴും നിലനിൽക്കുന്നതാണ്..... ഇന്നു മുതൽ മൂന്ന് നൂറ്റാണ്ട് പൂർത്തിയാകുമ്പോഴേക്കും ഈസയെ കാത്തുകൊണ്ടിരുന്ന മുസ്‌ലിമീങ്ങളാകട്ടെ ക്രിസ്ത്യാനികളാകട്ടെ അങ്ങേയറ്റം നിരാശരായിക്കൊണ്ടും മനം മടുത്തുകൊണ്ടും ഈ തെറ്റായ വിശ്വാസത്തെ ഉപേക്ഷിക്കുകയും ചെയ്യും. അപ്പോൾ ലോകത്ത് ഒരേയൊരു മതവും ഒരേയൊരു നേതാവും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഞാനൊരു ബീജാവാപത്തിന്നായിട്ടാണ് വന്നിരിക്കുന്നത്. അങ്ങനെ എന്റെ കൈകൊണ്ട് ആ വിത്ത് വിത യ്ക്കപ്പെട്ടിരിക്കുകയാണ്. ഇനി അത് വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്. അതിനെ തടയാൻ ആർക്കും തന്നെ സാധ്യമല്ല.(തദ്ക്കിറത്തുശഹാദത്തയ്ൻ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 66)

**അഹ്മദിയ്യ ഖിലാഫത്തിനെ സംബന്ധിച്ചുള്ള മഹത്തായ പ്രവചനം.**

പ്രവാചകന്മാരും മനുഷ്യരാണ്. അവരും അവരുടെ ആയുഷ്ക്കാലം പൂർത്തിയാക്കി ഈ ലോകത്ത് നിന്ന് വിടപറയുന്നു. അതുകൊണ്ട് അവരുടെ ദൗത്യപൂർത്തീകരണത്തിന് അല്ലാഹു ഖിലാഫത്ത് സ്ഥാപിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു:

> മാ കാനത്ത് നുബുവ്വത്തുൻ ഖത്ത്വു ഇല്ലാ തബിഅത്തുഹാ ഖിലാഫത്തുൻ.(കൻസുൽ ഉമ്മാൽ ഹദീഥു നമ്പർ 32246)

ഖിലാഫത്ത് സ്ഥാപിതമാവാത്ത ഒരു നുബുവ്വത്തും കടന്നുപോയിട്ടില്ല. ഈ നടപ്പിലായ സുന്നത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ഖിലാഫത്ത് സംവിധാനവും സ്ഥാപിതമായി.

അദ്ദേഹം ജമാഅത്തിന് സന്തോഷവാർത്ത നല്കിക്കൊണ്ടു പറഞ്ഞു:

> അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തു കാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചു കളയുക സംഭാവ്യമല്ല. അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയുമരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞു പോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽവാഗദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു:നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും. അതുകൊണ്ട് ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻവേണ്ടി ഞാൻ നിങ്ങളിൽനിന്ന് വേർപ്പെട്ടുപോകുന്ന ദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറു പുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹുവാകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതുംതന്നെ നിങ്ങൾക്കു കാണിച്ചുതരുന്നതാണ്.(രിസാല അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 305)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖുർആനിന്റെ സന്തോഷവാർത്തയുടേയും നബി(സ)തിരുമേനിയുടെ പ്രവചനത്തിന്റെ അടിസ്ഥാനത്തിലും അഹ്മദിയ്യ ഖിലാഫത്തിന്റെ അതിമഹത്തായ കാലഘട്ടത്തിന് തുടക്കം കുറിച്ചു. അതിന്റെ അഞ്ചാമത്തെ സാരഥിയാണ് ആഗോള അഹ്മദിയ്യ ജമാഅത്തിന്റെ പരമോന്നത നേതാവ് സയ്യിദുനാ വ ഇമാമുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്).

**നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് കാലഘട്ടം**

മാന്യശ്രോതാക്കളേ!പ്രവചനമനുസരിച്ച് ഈ അനുഗൃഹീത ഖിലാഫത്തിന്റെ കാലഘട്ടം ചുരുങ്ങിയത് 1000 വർഷമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

> പിന്നീട് ഏഴാമത്തെ ആയിരം അല്ലാഹുവിന്റെ മസീഹിന്റേതാണ്. ഓരോ നന്മയുടേയും അനുഗ്രഹത്തിന്റേയും സത്യവിശ്വാസത്തിന്റേയും തഖ്‌വയുടേയും തൗഹീദിന്റേയും ദൈവാരാധനയുടേയും എല്ലാവിധ നന്മയുടേയും മാർഗദർശനത്തിന്റേയും കാലഘട്ടമാണ്. ഇപ്പോൾ നാം ഏഴാമത്തെ ആയിരത്തിന്റെ തലയ്ക്കലാണ്. ഇതിനുശേഷം മറ്റൊരു മസീഹിന് കാലുവെക്കാനുള്ള സ്ഥലമില്ല. എന്തുകൊണ്ടെന്നാൽ നന്മയിലും തിന്മയിലും വീതിച്ച ഏഴു കാലഘട്ടമാണുള്ളത്. ഈ വീതിച്ചതിനെ എല്ലാ പ്രവാചകന്മാരും വിവരിച്ചിട്ടുണ്ട്..........സകല പ്രവാചകന്മാരും അവസാനത്തെ മസീഹിനെ കുറിച്ച് പറഞ്ഞതുപോലെ ലോകത്ത് ഒരു പ്രവചനവും ഇത്രമാത്രം ശക്തമായും തുടർച്ചയായും പറഞ്ഞിട്ടുള്ളതുണ്ടാകുകയില്ല.(ലക്ച്ചർ ലാഹോർ, റൂഹാനീഖസാഇൻ വാള്യം 20, പേജ് 186)

അദ്ദേഹം തുടർന്ന് പറഞ്ഞു:

> അൽഅസ്ർ എന്ന അധ്യായത്തിൽ ലോകത്തിന്റെ ചരിത്രമുണ്ട്. അല്ലാഹു അതിനെക്കുറിച്ച് തന്റെ ഇൽഹാമിലൂടെ എനിത്ത് വിവരം നൽകിയിരിക്കുന്നു.(അൽഹക്കം വാള്യം 6, പേജ് 25, 1902 ജൂലായ് 17)

**അഭിവൃദ്ധിയെ കുറിച്ചുള്ള സർവപ്രവചനവും ഖിലാഫത്ത് കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്.**

ഇസ്‌ലാമിന്റെ വിജയവും അഭിവൃദ്ധിയുമായി ബന്ധപ്പെട്ട സകല പ്രവചനങ്ങളും അഹ്മദിയ്യ ഖിലാഫത്ത് കാലഘട്ടത്തിൽ പൂർത്തിയാകുമെന്ന് വിധിക്കപ്പെട്ടിട്ടുള്ളതാണ്. അതു ലോകത്തുനിന്ന് ശിർക്ക് ഇല്ലാതാക്കാനും തൗഹീദിന്റെ വിജയവുമായി ബന്ധപ്പെട്ടതാണ്. അതു ലോകത്ത് സമാധാനവും മനുഷ്യകുലത്തിന്റെ സമ്പൽസമൃദ്ധിയുമായി ബന്ധപ്പെട്ടതാണ്. കാരണം മുഴുവൻ പ്രവചനവും ഈ ഖിലാഫത്തിൽ വന്നവസാനിക്കുന്നു. ഇതു ലോകത്തിന്റെ അവസാന കാലഘട്ടമാണ്. ഇതിനുശേഷം വേറൊരു കാലഘട്ടമില്ല. ചുരുക്കത്തിൽ ഈ ഖിലാഫത്തു മുഖേന ആരംഭകാലഘട്ടത്തെപ്പോലെ വീണ്ടും ആദമിന്റെ സ്ഥാനങ്ങൾ ഒരു കൈയിൽച്ചേർന്നുകൊണ്ട് ഒരു കുടുംബത്തിന്റെ രൂപം പ്രാപിക്കുന്നതാണ്. ഈ ഖിലാഫത്തു മുഖേന ഇസ്‌ലാമിന് വിജയം ലഭിക്കും. വ്യാജമായിട്ടുള്ള എല്ലാ മതങ്ങളും ഇല്ലാതാകും.

**അഹ്മദിയ്യ ജമാഅത്തിന്റെ പുരോഗതിയെ കുറിച്ചുള്ളഖലീഫമാരുടെ സുവാർത്ത**

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)പറയുന്നു:

> ആയതിനാൽ ഇസ്‌ലാം അങ്ങേയറ്റം ദുർബലമായ ഇക്കാലഘട്ടത്തിലും അല്ലാഹു തന്റെ സന്ദേശവാഹകൻ മുഖേന അവന്റെ ഭാഗത്തുനിന്ന് ഇസ്‌ലാമിന്റെ വിജയത്തിന്റേയും സഹായത്തിന്റേയും സമയം വീണ്ടും വന്നിരിക്കുന്നുവെന്നും ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ പ്രവേശിക്കുമെന്നും വീണ്ടും മുസ്‌ലിമീങ്ങളിൽ അതേ ആത്മീയത ഊതപ്പെടുന്നതാണെന്നുമുള്ള സന്തോഷവാർത്ത കേൾപ്പിച്ചിരിക്കുന്നു. അഹങ്കരിക്കാത്തവൻ അനുഗൃഹീതൻ! അവർക്ക് ആദരവുണ്ടാകുന്നതിനുവേണ്ടി അല്ലാഹുവിനുവേണ്ടിയുള്ള കർമങ്ങളിൽ ആദരവു കാണിക്കുക.(ഹഖാഇഖുൽഫുർഖാൻ വാള്യം 4, പേജ് 533)

**ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ(റ) മാർഗനിർദേശം.**

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)പറയുന്നു:

> സൂര്യൻ നീങ്ങിപ്പോകാം. നക്ഷത്രങ്ങളും അവയുടെ സ്ഥാനത്തുനിന്ന് തെറ്റിപ്പോകാം. ഭൂമി അതിന്റെ ചലനത്തിൽ നിലച്ചുപോകാം. എന്നാൽ, മുഹമ്മദ്(സ)ന്റേയും ഇസ്‌ലാമിന്റേയും വിജയത്തിന് ആർക്കും തടസ്സം

നിൽക്കാൻ സാധിക്കുകയില്ല.വിശുദ്ധ ഖുർആന്റെ ഭരണം വീണ്ടും സ്ഥാപിക്കപ്പെടും. ലോകം തങ്ങളുടെ കൈകൊണ്ടുണ്ടാക്കിയ ബിംബങ്ങളേയോ മനുഷ്യരേയോ പൂജിക്കുന്നത് ഉപേക്ഷിച്ചുകൊണ്ട് ഒരുനാൾ അല്ലാഹുവിനെ ആരാധിച്ചു തുടങ്ങും. ലോകത്തിന്റെ അവസ്ഥ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ സ്വീകരിക്കുന്നതിൽ എതിരായാൽപ്പോലും വീണ്ടും ഇസ്‌ലാമിക ഭരണം സ്ഥാപിക്കപ്പെടുന്നതാണ്. പിന്നീട് അതിന്റെ വേരിനെ നശിപ്പിക്കാൻ മനുഷ്യന് അസാധ്യമായിരിക്കും.(ദ്രീബാച്ച തഫ്സീറുൽ ഖുർആൻ പേജ് 324)

### ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ് (റഹ്)ന്റെ മാർഗനിർദേശങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)പറയുന്നു:

ഒരു ദിവസം വരും. അന്ന് ജനങ്ങൾ അത്ഭുതപ്പെടും! അല്ലാഹു സ്ഥാപിച്ച ജമാഅത്തിൽ എത്രമാത്രം വലിയ ശക്തിയുണ്ടെന്ന് അവർ കാണുന്നതായിരിക്കും. അതായത് പ്രത്യക്ഷത്തിൽ ബലഹീനമായി കാണുന്ന, പണമില്ലാത്ത, പ്രവർത്തനമാധ്യമങ്ങളില്ലാത്ത, ഭൗതികമായ ആദരവുകളൊന്നുമില്ലാത്ത, എല്ലാ ഭാഗത്തുനിന്നും തള്ളിയകറ്റപ്പെട്ട, നിന്ദിക്കപ്പെട്ട, തങ്ങളുടെ കാൽക്കീഴിൽ ചവിട്ടിയരക്കാനുദ്ദേശിച്ച ഈ ജമാഅത്തിനെ അല്ലാഹുവിന്റെ അനുഗ്രഹം ആകാശത്തിന്റെ ഉന്നതികൾവരെ കൊണ്ടുച്ചെന്നെത്തിച്ചു.(അൽഫള്ൽ, 1965 ഡിസംബർ 3)

പിന്നീട് അവിടന്ന് രണ്ടാമത്തെ നൂറ്റാണ്ടിലുണ്ടാകുന്ന ഇസ്‌ലാമിന്റെ വിജയത്തെ കുറിച്ച് പറയുന്നു:

ഞാൻ ഇതിനുമുമ്പേയും പലവട്ടം പറഞ്ഞതുപോലെ എന്റെ വീക്ഷണമനുസരിച്ച് അഹ്മദിയ്യ ജമാഅത്തിന്റെ രണ്ടാം നൂറ്റാണ്ട് ഇസ്‌ലാമിന്റെ വിജയത്തിന്റെ നൂറ്റാണ്ടാണ്. അതിൽ മുഴുലോകത്തും ഇസ്‌ലാം വിജയിക്കുന്നതാണ്. മുസ്‌ലിമീങ്ങളായാലും അമുസ്‌ലിമീങ്ങളായാലും അഹ്മദിയ്യ ജമാഅത്തിന്റെ സേവനങ്ങളെ അംഗീകരിക്കുന്നവരായിരിക്കും. യഥാർഥത്തിൽ അഹ്മദിയ്യ ജമാഅത്ത് ഇസ്‌ലാമിന് സേവനം ചെയ്യാൻ രൂപീകരിച്ചതാണെന്ന് അവർ അംഗീകരിക്കും. ലോകരുടെ ഹൃദയങ്ങളെ ജയിച്ചുകൊണ്ട് മുഹമ്മദു റസൂലുല്ലായുടെ കാലടിയിൽ കൊണ്ടുവന്നിടുന്നതാണ്.(ഉദ്ഘാടന പ്രസംഗം, ജൽസസാലാന 1978, ഡിസംബർ 26)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് നാലാമൻ(റഹ്)ന്റെ സന്തോഷവാർത്ത എല്ലാ സ്ഥലത്തും എല്ലാ പ്രദേശത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പതാക നാട്ടപ്പെടുമെന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് നാലാമൻ(റഹ്) പറയുന്നു:

ഞങ്ങളെ നശിപ്പിക്കാൻ ഉദ്ദേശിക്കുന്നവരുടെ ആഗ്രഹം ഒരിക്കലും പൂർത്തിയാവുകയില്ല. എന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ്(സ) തിരുമേനിയുടെ സ്വപ്നം പൂർത്തിയാകുന്നതായിരിക്കും. അവിടത്തെ സമ്പൂർണ പ്രേമഭാജനമായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വപ്നം പൂർത്തിയാകുന്നതായിരിക്കും. ഓരോ സ്ഥലത്തും ഗ്രാമത്തിലും പ്രദേശത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പതാക നാട്ടപ്പെടുന്നതായിരിക്കും. അത് ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ പതാകയാണ്. ഇസ്‌ലാമിന്റെ എതിരാളികളുടെ സകലസ്വപ്നവും പാഴായിപ്പോകുന്നതാണ്.(അൽഫള്ൽ 1983 ജൂൺ 9)

### രാജാക്കന്മാർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടുന്ന സമയം സമാഗതമാകുന്നു.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് (റഹ്) തുടർന്നു പറയുന്നു:

ലോകത്ത് തീർച്ചയായും തൗഹീദിന്റെ ഭരണം ഉണ്ടാകുമെന്നും എല്ലാ പൊയ്ദൈവങ്ങളും ഇല്ലാതാകുന്നതാണെന്നുമുള്ള തീരുമാനം അല്ലാഹുവിന്റേതാണ്. അതുകൊണ്ട് ഈ ലക്ഷ്യത്തിനുവേണ്ടി എഴുന്നേല്ക്കുകയും അല്ലാഹു തന്റെ അനുഗ്രഹത്താൽ താങ്കളുടെ അധ്വാനത്തെ തീർച്ചയായും പൂർത്തിയാക്കുമെന്ന് ദൃഢഗാഢമായി വിശ്വസിക്കുകയും ചെയ്യുക. ഞാൻ നിനക്കു അനുഗ്രഹത്തിനുമേൽ അനുഗ്രഹം നല്കുന്നതാണ്, രാജാക്കന്മാർപോലും നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടുന്നതായിരിക്കും എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാമും തീർച്ചയായും പൂർത്തിയാകുന്നതായിരിക്കും. ഇതും 1897 ലെ ഇൽഹാമാണ്. രാജാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടുന്ന സമയം സമാഗതമായിരിക്കുന്നു. (ജുമുഅ ഖുത്ബ 1997, സെപ്റ്റംബർ 12)

ഭാവിയുടെ ചുമതല നമ്മളിൽ അർപിതമാണ്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്) പറയുന്നു:

ഭാവികാലം നമ്മളിലർപിതമാകുന്ന കാലഘട്ടത്തിലാണ് നമ്മളുള്ളത്. ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ഭരണം പ്രപഞ്ചം മുഴുവൻ അതിന്റെ തിളക്കം കാണിക്കുന്നതാണ്. ബലഹീനരും ഒന്നിനും കൊള്ളാത്തവരുമായ നമ്മളെയാണ് അല്ലാഹു അതിന് തിരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടു അവൻതന്നെ നമുക്ക് ശക്തി പകരുകയും കഴിവുകൾ നല്കുകയും ചെയ്യുന്നതാണ്. എന്നാൽ, ആ കഴിവ് ദൈവികനാമത്തിൽ ചിന്തിക്കുന്നതിന്റെ ഫലമായാണ് ലഭിക്കുക. (ജുമുഅ ഖുത്ബ 17-3-1995, അൽഫള്ൽ ഇന്റർനാഷണൽ 1995 ഏപ്രിൽ 28)

അഹ്മദിയ്യ ജമാഅത്തുമുഖേന ഇസ്‌ലാംമതത്തെ ലോകത്ത് വിജയിപ്പിക്കുന്ന ശ്രമം സഫലീകരിക്കുമെന്നുള്ളതാണ് നമ്മുടെ വിശ്വാസം,

ഹുദൂർ(റഹ്)ഫിജിയിലുള്ള ഒരു മസ്ജിദ് ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു:ഇടക്കാലത്ത് നമ്മുടെ ജീവിതം ചിലപ്പോഴെല്ലാം ഞെരുക്കപ്പെട്ടിരുന്നു. നമ്മുടെ മാർഗങ്ങളിൽ ബുദ്ധിമുട്ടിന്റെ മലകൾത്തന്നെ തടസ്സമായി വന്നു. നമ്മെ അക്രമത്തിന് കുറിമാനമാക്കി. ഉപദ്രവിക്കുന്നതിൽ ഒരു കുറവും വരുത്തിയില്ല. എന്നിട്ടും അഹ്മദിയ്യ ജമാഅത്തിന്റെ സംഘം എതിർപ്പിന്റെ കൊടുങ്കാറ്റിൽനിന്നും സുരക്ഷിതമായി കടന്നുകൊണ്ട് പുരോഗതിയുടെ പുതിയപുതിയ വഴികൾ താണ്ടിക്കൊണ്ടിരിക്കുന്നു. അതിനാൽ അഹ്മദിയ്യ ജമാഅത്തു മുഖേന ലോകത്ത് ഇസ്‌ലാം മതം വിജയിപ്പിക്കുന്ന ശ്രമത്തിൽ വിജയിക്കുമെന്നുള്ളത് നമ്മുടെ ദൃഢവിശ്വാസമാണ്. അതിന് അല്ലാഹു മധുരഫലം നല്കുന്നതായിരിക്കും.(ഫിജി മസ്ജിദ് ഉദ്ഘാടനം, 1983, സെപ്റ്റംബർ 18, അൽഫള്ൽ 1983 ഒക്ടോബർ 19)

### അഹ്മദിയ്യ ജമാഅത്തിന് ലോകത്ത് വമ്പിച്ച വിജയം ലഭിക്കുന്നതാണ്:

മറ്റൊരു അവസരത്തിൽ അദ്ദേഹം തന്റെ ഖുത്ബയിൽ ഇപ്രകാരം പറഞ്ഞു:

ലോകത്ത് അഹ്മദിയ്യ ജമാഅത്ത് വമ്പിച്ച വിജയം കരസ്ഥമാക്കുന്നതാണ്. അഹ്മദിയ്യ ജമാഅത്തിന്റെ സത്യതയിൽ മുൻകാല പ്രവാചകന്മാരുടെ വാഗ്ദാനങ്ങളും പൂർത്തിയാകുന്ന ദിവസം അടുത്തിരിക്കുന്നു. ഈ നിലയിൽ നമ്മൾ നമ്മുടെ പരിഷ്കരണത്തിന്റെ കാര്യത്തിലേക്ക് മുമ്പത്തേതിനെക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.(ജുമുഅ ഖുത്ബ 1990 ജൂലായ് 27, അൽഫള്ൽ ഇന്റർനാഷണൽ 1990 ഒക്ടോബർ 23)

അടുത്തുതന്നെ ജനങ്ങൾ കൂട്ടംകൂട്ടമായി അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതാണ്.

1993-ലെ യു.കെ വാർഷിക സമ്മേളനത്തിൽ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

ഇന്ന് ആകാശത്തുനിന്ന് അഹ്മദിയ്യ ജമാഅത്തിനുമേൽ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു. അടുത്തുതന്നെ ജനങ്ങൾ കൂട്ടംകൂട്ടമായി അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ വന്നു ചേരുന്നതാണ്. ഈ വിഷയത്തിന് പൊറുക്കലുമായി അഭേദ്യമായ ബന്ധമുണ്ട്. ദൈവിക വചനത്തിൽ ഉത്തരത്തിലുള്ള വിജയം പ്രാപിക്കുന്നസ്ഥലത്ത് കൂടെത്തന്നെ അല്ലാഹുവിന് തസ്ബീഹ് ചെയ്യാനും അല്ലാഹുവിനോടു പൊറുക്കലിനെ തേടാനുമുള്ള കൽപ്പനയുമുണ്ട്. അതിനാൽ വിജയത്തിന്റെ നാൾ വരുമ്പോൾ ഈ കാര്യം ഓർമവെക്കേണ്ടതാണ്. മുഴുലോകത്തുനിന്നും സൈന്യങ്ങൾ തങ്ങളുടെ കിരീടവും സിംഹാസനവും നിങ്ങളുടെ മടിത്തട്ടിൽ ഇടാൻ വരുന്നതായിരിക്കും. ആ അവസരത്തിൽ വിജയകാഹളം മുഴക്കരുത്. അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടുള്ള മുദ്രാവാക്യങ്ങൾ മുഴക്കേണ്ടതാണ്. (ഉദ്ഘാടന പ്രസംഗ സംഗ്രഹം, ജൽസസാലാന യു.കെ.1993 ജൂലായ് 30, അൽഫള്ൽ 1993 ആഗസ്റ്റ് 2)

### ശത്രുക്കളുടെ ഊത്തുകൾക്ക് ഈ പ്രകാശിക്കുന്ന വിളക്കിനെ അണയ്ക്കാൻ കഴിയുകയില്ല.

അഹ്മദിയ്യത്ത് ഏതെങ്കിലും വാഗ്ദത്ത മസീഹിനാൽ നടപ്പെട്ട ചെടിയല്ല. ഇത് അല്ലാഹുവിന്റെ കൈയാൽ നടപ്പെട്ട ചെടിയാണ്. ഈ ചെടി അല്ലാഹു അദ്ദേഹത്തിന്റെ കൈകൊണ്ട് വെപ്പിച്ചതാണ്. ഈ ചെടി ഒരിക്കലും പരാജയപ്പെടുകയില്ല. ഇതു തീർച്ചയായും വളരും എപ്പോഴും അഭിവൃദ്ധിപ്പെട്ടുകൊണ്ടേ പോകും. ശത്രുക്കളുടെ ഊത്തുകൾക്ക് ഈ പ്രകാശിക്കുന്ന വിളക്കിനെ അണയ്ക്കാൻ കഴിയുകയില്ല. അത് ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)യുടേയും വിശുദ്ധ ഖുർആന്റേയും പ്രവചനങ്ങളനുസരിച്ച് ഇക്കാലഘട്ടത്തിൽ കൊളുത്തപ്പെട്ടതാണ്.(ജുമുഅ ഖുത്ബ 1999 മെയ് 14, അൽഫള്ൽ ഇന്റർനാഷണൽ 1999 ജൂലായ് 2)

### ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ നിർദേശങ്ങൾ.

*ഇക്കാലത്ത് അഹ്മദിയ്യത്തിന്റെ പുരോഗതി തടയാൻ ആരുമില്ല.*

2008 മെയ് 27 ന് സംഘടിപ്പിച്ച ഖിലാഫത്ത് ദിനസമ്മേളനത്തിന്റെ അവസരത്തിൽ ചെയ്ത പ്രഭാഷണത്തിൽ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു:

അഞ്ചാം ഖിലാഫത്തിനോടൊപ്പം നമ്മൾ ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിലേക്ക് പ്രവേശിച്ച ഈ കാലഘട്ടം അഹ്മദിയ്യത്തിന്റെ പുരോഗതിയുടേയും വിജയത്തിന്റേയും കാലഘട്ടമാണ്. ഇൻശാഅല്ലാഹ്. അല്ലാഹുവിന്റെ സഹായത്തിന്റെ എത്തരത്തിലുള്ള കവാടങ്ങളാണ്

തുറക്കുന്നതെന്നുവച്ചാൽ പുലരുന്ന ഓരോ ദിവസവും പുരോഗതിയുടെ ദിവസം അടുത്തെത്തിയിരിക്കുന്നതായി കാണുന്നുവെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. അല്ലാഹു ഇക്കാലഘട്ടത്തിൽ തന്റെ അളവറ്റ സഹായ സഹകരണങ്ങൾ നല്കിക്കൊണ്ട് പുരോഗതിയുടെ രാജവീഥിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതാണെന്ന് ഉൾക്കാഴ്ചയോടുകൂടി ഞാൻ നിങ്ങളോടു പറയുന്നു. ഇൻശാ അല്ലാഹ് ഇക്കാലഘട്ടത്തിൽ അഹ്മദിയ്യത്തിന്റെ പുരോഗതിയെ ആർക്കും തടഞ്ഞുനിറുത്താൻ സാധിക്കുകയില്ല.ഭാവിയിലും ഈ പുരോഗതി തടയാൻ കഴിയുകയില്ല. ഖിലാഫത്തിന്റെ പരമ്പര തുടർന്നുകൊണ്ടിരിക്കുകയും അഹ്മദിയ്യത്തിന്റെ ചുവടു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. (പ്രഭാഷണം ഖിലാഫത്ത് ദിനയോഗം 2008 ജൂലായ് 27, അൽഫള്ൽ ഇന്റർനാഷണൽ 2008 ജൂലായ് 25)

**നബി(സ)തിരുമേനിയുടെ പതാക പൂർണപ്രതാപത്തോടും ശോഭയോടുംകൂടി ലോകത്ത് പാറിക്കളിക്കുന്നതാണ്.**

അദ്ദേഹം വീണ്ടും പറയുന്നു:

ഇന്ന് ദീനിന്റെ പുനർ ജീവിതത്തിനുവേണ്ടിയും ഇസ്‌ലാമിന്റെ കളഞ്ഞുപോയ പ്രതാപത്തെ വീണ്ടെടുക്കുന്നതിനുവേണ്ടിയും നബി(സ) തിരുമേനിയുടെ പ്രതിയോഗികളെ പ്രതിരോധിക്കുന്നതിനുവേണ്ടിയും ഏതൊരു യോദ്ധാവിനെയാണോ അല്ലാഹു നിയോഗിച്ചിട്ടുളളത് അദ്ദേഹത്തിന്റെ പിന്നാലെ പോകുന്നതുകൊണ്ടും അല്ലാഹു അദ്ദേഹത്തിനു നല്കിയിട്ടുള ള പ്രമാണങ്ങൾകൊണ്ടും അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ടും ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടേയും പതാക പൂർണ ശോഭയോടും പ്രതാപത്തോടുംകൂടി ലോകത്ത് പറപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ് പറപ്പിച്ചുകൊണ്ടേയിരിക്കുന്നതാണ്.(അൽഫള്ൽ ഇന്റർനാഷണൽ 2006 മാർച്ച് 17)

2004-ൽ പശ്ചിമാഫ്രിക്കയിൽനിന്നുള്ള മടക്കത്തിൽ ലജ്ന ഇമാഇല്ലാഹ് സംഘടിപ്പിച്ച സ്വാഗത പരിപാടിയിൽ പ്രഭാഷണത്തിന്നിടയിൽ ഹുദൂർ പറഞ്ഞു:

ദൈവിക വാഗ്ദാനം പൂർത്തിയാവുകതന്നെ ചെയ്യും. ഇൻശാഅല്ലാഹ്. ഒരു ദിവസം മുഴുലോകത്തും അഹ്മദിയ്യത്തിന്റേയും ഇസ്‌ലാമിന്റേയും വിജയമുണ്ടാകുന്നതാണ്. എന്നാൽ, നമ്മൾ ഖിലാഫത്തു വ്യവസ്ഥതിയുമായി ഒട്ടിച്ചേർന്നു നിൽക്കുകയും ഖിലാഫത്തിന്റെ ഓരോ കൽപ്പനകളിലും ലബ്ബയ്ക്ക് പറയുന്നതിന് വ്യക്തിപരമായ ജോലിയേക്കാൾ മുൻഗണന നല്കുകയും ചെയ്യുമ്പോഴാണ് ഇതെല്ലാം സംഭവിക്കുന്നത്.(പ്രഭാഷണം 2004 മെയ് 1. അൽഫള്ൽ ഇന്റർനാഷണൽ, 2004 ജൂലായ് 30)

മുഴുവൻ ശത്രുക്കളും കാറ്റിൽ പറന്നുപോകുകയും അവർ വാഗ്ദത്ത മസീഹിന്റെ മുമ്പിൽ കുനിയാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്ന ദിവസം വിദൂരമല്ല. ഇൻശാ അല്ലാഹ്.

2006-ൽ ഖാദിയാനിൽ നടന്ന വാർഷികസമ്മേളനത്തിൽ ലണ്ടനിൽനിന്ന് നേരിട്ടുചെയ്ത പ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞു:

അല്ലാഹുവിന്റെ സഹായങ്ങൾ ലഭിക്കുമ്പോൾ ശത്രുക്കൾക്ക് ഒന്നുംതന്നെ ചെയ്യാൻ സാധിക്കുകയില്ല. ഇതു അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹു തന്റെ വാഗ്ദാനം ലംഘിക്കുകയില്ല. വീരമൃത്യുവരിച്ച മഹാത്മാക്കളുടെ രക്തം പാഴായിപ്പോകുകയില്ല. പ്രത്യുത അതു തീർച്ചയായും നിറം കൊണ്ടു വരുന്നതാണ്. അഹ്മദികളുടെ രക്തം വെറും നിറംതരിക മാത്രമല്ല പ്രത്യുത അഹ്മദികൾക്ക് ഏൽക്കുന്ന ചെറിയ ബുദ്ധിമുട്ടുകൾക്കുപോലും അല്ലാഹു അനുഗ്രഹം നല്കാതെ വിട്ടുകളയുകയില്ലെന്ന ദൃഢവിശ്വാസത്തിലാണ് നിലകൊള്ളുന്നത്. ഒരു മസ്ജിദ് നശിപ്പിക്കുമ്പോൾ അല്ലാഹു 10 മസ്ജിദ് നല്കുന്നു.ഒരു മസ്ജിദിൽ നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ സ്വതന്ത്രമായി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാൻ കഴിയുന്ന പത്തുമസ്ജിദുകൾ ലഭിക്കുന്നു. അതിനാൽ എല്ലാ ബുദ്ധിമുട്ടുകളേയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ നമ്മൾ സഹിക്കേണ്ടതാണ്. ഇൻശാ അല്ലാഹ്. മുഴുവൻ ശത്രുക്കളും കാറ്റിൽ പറന്നുപോകുകയും ശത്രുത കാണിക്കുന്നവർ അദ്ദേഹത്തിന്റെ മുമ്പിൽ കുനിയാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്ന ആ ദിവസം വിദൂരമല്ല.(സമാപന പ്രഭാഷണം, ജൽസസാലാന ഖാദിയാൻ 2006 ഡിസംബർ 28, അൽഫള്ൽ ഇന്റർനാഷണൽ 2007 ജനുവരി 26)

*ഖുദാ കെ പാക് ലോഗോം കൊ ഖുദാ സെ നുസ്റത്ത് ആത്തി ഹെ*
*ജബ് ആത്തി ഹെ തൊ ഫിർ ആലം കൊ ഇക് ആലം ദിഖ്‌ലാത്തി ഹെ*
*ഗർസ് രുക്തെ നഹി ഹർ ഗിസ് ഖുദാ കെ കാമ് ബന്ദോം സെ*
*ഭലാ ഖാലിഖ് കെ ആഗെ ഖൽഖ് കി കുച്ഛ് പേശ് ജാത്തി ഹെ*
*അല്ലാഹുവിന്റെ വരിഷ്ഠദാസന്മാർക്ക് അല്ലാഹുവിൽനിന്ന് സഹായം വരുന്നു. സഹായം വരുമ്പോൾ പിന്നീട് ജനതയ്ക്ക് ഒരു ലോകംതന്നെ കാണിക്കുന്നു. അല്ലാഹുവിന്റെ ജോലിയൊന്നും മനുഷ്യരെക്കൊണ്ടു ഒരിക്കലും നിന്നുപോകുന്നില്ല. സ്രഷ്ടാവിന്റെ മുമ്പിൽ സൃഷ്ടികളുടേതെന്തെങ്കിലും ചെലവാകുമോ*

**അന്തിമവിജയം വാഗ്ദത്ത മസീഹിന്റെ ജമാഅത്തിന്.**

വാഗ്ദത്ത് മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ് (അ)പറയുന്നു: ശത്രുക്കളുടെ ഭാഗത്ത് നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഈ അക്രമം ഒരു പരീക്ഷണമാണ്. സ്ഥിരചിത്തതയോടെ നിൽക്കുക എന്നതാണ് ക്ഷമ. നിങ്ങളോടു പെരുമാറുന്ന ഈ കാഠിന്യത്തിനും ബുദ്ധിമുട്ടിക്കലിനുമെതിരിൽ ഭൗതികമായ എന്തെങ്കിലും സഹായം തേടുന്നതിനു പകരം ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കൽപ്പനകളും അതേ പ്രകാരം ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞുതന്നിട്ടുളള അധ്യാപനങ്ങളുമനുസരിച്ച് പ്രവർത്തിക്കുകയും ദോഷങ്ങളിൽനിന്ന് രക്ഷപ്പെടുകയും ചെയ്തുകൊള്ളുക. അല്ലാഹുവിന്റെ സഹായം വരികതന്നെ ചെയ്യും. തീർച്ചയായും വരികതന്നെ ചെയ്യും. ഇൻശാഅല്ലാഹ്. അവസാന വിജയം ഹദ്റത്ത് മസീഹ് മൗഊദിന്റെ ജമാഅത്തിനാണ്. ഇൻശാ അല്ലാഹ് അന്തിമവിജയം ഹദ്റത്ത് മസീഹ് മൗഊദിന്റെ(അ)ജമാഅത്തിനാണ്. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം വിജയം പ്രാപിക്കുമെന്നും നബി(സ)തിരുമേനിയുടെ യഥാർഥ പ്രേമിയുടെ ജമാഅത്ത് വിജയിക്കുന്നതാണെന്നുമുള്ളത് ഹദ്റത്ത് മസീഹ് മൗഊദിനോടു(അ)അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനമാണ്.(ജുമുഅ ഖുത്ബ 23-11-2007, അൽഫള്ൽ ഇന്റർ നാഷണൽ 14-12-2007)

കൊച്ചുദ്വീപായാലും, വലുതോ ചെറുതോ രാജ്യമായാലും അവിടുത്തെ അധികപേരും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ മടിത്തട്ടിൽ വരികതന്നെ ചെയ്യും.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

മൗറീഷ്യസ്(ദമൗൃശശേൗ) നോടു ചേർന്നുളള ഒരു ചെറിയ ദ്വീപുണ്ട്. റോഡർഗസ്സ് എന്നാണ് അതിന്റെ പേര്. അവിടെപ്പോയപ്പോൾ അതിയായ ആഗ്രഹമുണ്ടായി. ദുആയും ചെയ്തു. ഈ ചെറിയ ദ്വീപിനെ എത്രയും വേഗം അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽക്കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. ഏതായാലും ചെറിയ ദ്വീപായാലും വലിയ ദ്വീപായാലും വലിയ രാജ്യമായാലും അവിടുത്തെ അധികപേരും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ മടിത്തട്ടിൽ വരികതന്നെ ചെയ്യും. അല്ലാഹു നമുക്ക് നമ്മുടെ ജീവിതത്തിൽത്തന്നെ ആ കാഴ്ച കാണിച്ചു തരുമാറാകട്ടെ. ഓർമിച്ചുകൊള്ളുക! പ്രത്യേകമായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ചെയ്യുന്ന ദുആ തന്നെയാണ് റബ്വയുടെ വഴി തുറക്കുന്നത്. ഖാദിയാന്റേയും മക്ക-മദീനയുടേയും വഴി തുറക്കുന്നത്. ഇൻശാ അല്ലാഹ്.(ജുമുഅ ഖുത്ബ 26-1-2006, അൽഫള്ൽ ഇന്റർ നാഷണൽ 10-2-2006).

അവസാന വിജയം നമ്മുടേതാണ്. തീർച്ചയായും നമ്മുടേതാണ്!

ലോകത്തുള്ള ഒരു ശക്തിക്കും അത് തടഞ്ഞുനിറുത്താൻ സാധിക്കുകയില്ല!

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഖാമിസ് പറയുന്നു:

ഇന്നും ആ അല്ലാഹുതന്നെയാണ് അഹ്മദിയ്യ ജമാഅത്തിന്റെ സംരക്ഷണത്തിന് വന്നിട്ടുള്ളത്. ഇന്നും അവൻതന്നെയാണ് തന്റെ ദാസന്റെ, തന്റെ മസീഹിന്റെ ജമാഅത്തിന്റെ ദുആകൾ കേൾക്കുന്നത്. ശത്രുക്കൾ ഈ ദുആയുടെ പിടിത്തത്തിൽ വരികയും അവരെ തുണ്ടംതുണ്ടമാക്കി കാറ്റിൽ പറത്തുകയും ചെയ്യുന്ന കാഴ്ച ഇന്നും നിങ്ങൾ കാണുന്നതാണ്. ഭരണകൂടം എതിരിൽവരികയാണെങ്കിലും അവരും തകർന്ന് തരിപ്പണമാകുന്നതാണ്. ഇത് അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടിക്രമമാണ്. ചിലപ്പോൾ ദൈവിക ജമാഅത്തിന് പരീക്ഷണത്തിലൂടെ കടന്നുപോകേണ്ടിവരും. അപ്പോൾ ദുആ ചെയ്തുകൊണ്ട് അങ്ങേയറ്റം ക്ഷമയോടും സ്ഥിരചിത്തതയോടുംകൂടി പരീക്ഷണങ്ങളിലൂടെ കടന്നുപോകുക എന്നത് ഓരോ അഹ്മദിയുടേയും ജോലിയാണ്. അവസാനം വിജയം നമുക്കുള്ളതാണ്, തീർച്ചയായും നമുക്കുള്ളതാണ്. ലോകത്തുള്ള ഒരു ശക്തിക്കും ഈ വിജയത്തെ തടുക്കാൻ കഴിയില്ല. ഇത് അല്ലാഹുവിന്റെ കാര്യമാണ്. അത് അവൻ ഹദ്റത്ത് മസീഹ് മൗഊദിനോടു ചെയ്ത വാഗ്ദാനമാണ്. അത് പൂർത്തിയാകുന്നതാണ്. തീർച്ചയായും പൂർത്തിയാകുന്നതാണ്. ഇൻശാ അല്ലാഹ്!(ജുമുഅ ഖുത്ബ 27-10-2006, അൽഫള്ൽ ഇന്റർ നാഷണൽ 17-10-2006).

*ഖുദാ കെ പാക് ബൻദേ ദൂസരോംപർ ഹോത്തേ ഹൈ ഗാലിബ്*
*മേരീ ഖാതിർ ഖുദാസെ യെ അലാമത്ത് ആനേ വാലി ഹെ*
*ഖുദാ ഖാഹിർ കരേഗ ഇക് നിശാൻ പുർറുഅ്ബ് വ പുർഹയ്ബത്ത്*
*ദിലോം മെ ഉസ് നിശാൻ സെ ഇസ്തിഖാമത്ത് ആനേ വാലി ഹെ*
*അല്ലാഹുവിന്റെ പരിശുദ്ധ ദാസന്മാർ മറ്റുള്ളവരുടെമേൽ വിജയം വരിക്കുന്നു. എനിക്കുവേണ്ടി അല്ലാഹുവിൽനിന്നുള്ള ഈ അടയാളം വരുന്നതാണ്. ഭീതിജനകവും ഭീഷണവുമായ ഒരു അടയാളം അല്ലാഹു വെളിപ്പെടുത്തുന്നതായിരിക്കും. ആ അടയാളംകൊണ്ട് മനസ്സുകളിൽ സ്ഥിരചിത്തത ഉണ്ടാകുന്നതായിരിക്കും.*

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 15-22 March 2024 Issue-11-12

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

വുകൂടാതെ ഉപേക്ഷിക്കുകയാണെങ്കിൽ മുഴുവൻ ജീവിതത്തിലും അത് നിറവേറ്റാൻ സാധിക്കുകയില്ല. നബി(സ)തിരുമേനി പറഞ്ഞു:

*മൻ അഫ്ത്വറ യൗമൻ മിൻ ശഹ്‌രി റമളാന മിൻ ഗയ്‌രി റുഖ്സ്വത്തിൻ വലാ മറളിൻ ഫലാ യഖ്ളീഹി സ്വിയാമുദ്ദഹ്‌രി കുല്ലിഹീ വലൗ സ്വാമദ്ദഹ്‌*

ആരാണോ ഒഴികഴിവൊന്നും കൂടാതെ റമളാനിലെ ഒരു നോമ്പു ഉപേക്ഷിക്കുന്നത് അവൻ പിന്നീട് ജീവിതം മുഴുവൻ ആ ഉപേക്ഷിച്ച നേമ്പിനുപകരം നോമ്പുനോറ്റാലും അതിനു പകരമാകുകയില്ല. ആ തെറ്റിന് പരിഹാരമാകുകയില്ല.

അല്ലാഹുവിന്റെ കൽപ്പന പാലിച്ച് കേവലം കുറച്ചു മണിക്കൂറുകൾ അശനപാനീയങ്ങളിൽ നിയന്ത്രണം സഹിക്കുക അത്രവലിയ കാര്യമൊന്നുമല്ല. അല്ലാഹുവിന്റെ അനുസരണക്കേടിൽ വയറ്റിൽപ്പോകുന്ന ഭക്ഷണവും വെള്ളവും ഫലപ്രദമാകുകയില്ല. അത്തരം വ്യക്തിയുടെ സാധാരണ ദിവസത്തെ ഭക്ഷണവും അല്ലാഹുവിനോടുള്ള അനുസരണക്കേടായെ മനസ്സിലാക്കപ്പെടുകയുള്ളു. കാരണം ആരാണോ ഒരു മാസം അനുസരണക്കേടു കാണിച്ചത് മറ്റുദിനങ്ങളിലും അവൻ അനുസരണം കെട്ടവനായി മനസ്സിലാക്കപ്പെടുന്നതായിരിക്കും. ആരാണോ അല്ലാഹുവിന്റെ അനുസരണത്തിൽ നോമ്പുപിടിക്കുന്നത് അവന്റെ മുഴവൻ വർഷത്തിലുമുള്ള തിന്നലും കുടിക്കലും ആജ്ഞാപാലനത്തിന്റെ ഭാവത്തിലും അനുസരണത്തിലും മനസ്സിലാക്കപ്പെടുന്നതായിരിക്കും. കാരണം ആരാണോ ഒരു മാസം അനുസരണക്കേടു കാണിച്ചത് മറ്റു ദീനങ്ങളിലും അവൻ അനുസരണം കെട്ടവനായി മനസ്സിലാക്കപ്പെടുന്നതായിരിക്കും. ആരാണോ അല്ലാഹുവിനെ അനുസരിച്ച് നോമ്പു പിടിക്കുന്നത് അവന്റെ മുഴുവൻ വർഷത്തേയും തിന്നലും കുടിക്കലും അല്ലാഹുവിന്റെ ആജ്ഞാപാലനത്തിന്റെ ഭാവത്തിലും അനുസരണത്തിലും മനസ്സിലാക്കപ്പെടുന്നതായിരിക്കും. അനുഗൃഹീത റമളാൻ മാസത്തിലെ നോമ്പുകളുടെ പ്രാധാന്യത്തേയും അനുഗ്രഹത്തേയും സംബന്ധിച്ച് ഒരു മഹത്തായ ഹദീഥ് സമർപ്പിക്കുകയാണ്:

ഹദ്റത്ത് സൽമാനുൽ ഫാരിസി(റ)നിവേദനം, ശഅ്ബാൻ മാസത്തിന്റെ അവസാനം നടത്തിയ ഒരു ഉപദേശ പ്രസംഗത്തിൽ നബി(സ)തിരുമേനി പറഞ്ഞു: അല്ലയോ ജനങ്ങളേ! മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായൊരു മാസമാണത്. ആയിരം രാവുകളെക്കാൾ ഉത്തമമായ ഒരു രാത്രിയുള്ള മാസവുമാണത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐച്ഛിക പുണ്യമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമവും ചെയ്തു ദൈവസാമീപ്യം തേടുന്നവൻ ഇതരമാസങ്ങളിൽ ഒരു നിർബന്ധകർമം അനുഷ്ഠിച്ചവനെപ്പോലെയാണ്. ഈ മാസത്തിൽ ഒരു നിർബന്ധ കർമം ചെയ്യുന്നവൻ മറ്റു ദിവസങ്ങളിൽ 70 നിർബന്ധ കർമം അനുഷ്ഠിച്ചവനെപ്പോലെയാണ്. റമളാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗമത്രെ. ഇതു സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസികളുടെ ഉപജീവനത്തിൽ വർധന ഉണ്ടാകുന്ന മാസവുമാണ്. ഇതിൽ വല്ലവനും ഒരാളെ നോമ്പു തുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലം ഒട്ടും കുറയാതെതന്നെ അത്രയും പ്രതിഫലം നോമ്പുതുറപ്പിച്ചവനും ലഭിക്കും. ഇതുകേട്ടപ്പോൾ സ്വഹാബാക്കൾ ചോദിച്ചു:യാ റസൂലല്ലാഹ്!ഞങ്ങളിൽ എല്ലാവർക്കും നോമ്പു തുറപ്പിക്കാനുള്ള കഴിവില്ലല്ലോ? നബി(സ)തിരുമേനി പറഞ്ഞു:ഒരു കവിൾ പാലോ ഒരു ചുള കാരക്കയോ ഒരു ഇറക്ക് വെള്ളമോകൊണ്ടു നോമ്പു തുറപ്പിക്കുന്നവനും ഈ പ്രതിഫലം ലഭിക്കുന്നതാണ്. ഒരു നോമ്പുകാരന് വയർ നിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ ജലാശയത്തിൽനിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹിക്കുകയില്ല. ഈ മാസത്തിന്റെ ആദ്യം കാരുണ്യവും ഇടയ്ക്ക് പാപമോചനവും അവസാനം നരകവിമുക്തിയുമാണ്. ആരെങ്കിലും റമളാനിൽ തന്റെ അടിമയ്ക്ക് ജോലിയിൽ ഇളവു നല്കിയാൽ അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നതും നരകത്തിൽനിന്ന് മോചിപ്പിക്കുന്നതുമാണ്.(മിശ്ക്കാത്തുൽമസാബീഹ് കിതാബുസ്സൗം)

അല്ലാഹു നമ്മെ ഈ അനുഗൃഹീത മാസത്തിൽ എല്ലാതരത്തിലുള്ള രോഗങ്ങളിൽനിന്നും ആപത്തുകളിൽനിന്നും നാശങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. ഇതിൽനിന്ന് പരിപൂർണ പ്രതിഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.(മൻസ്വൂർ അഹ്മദ് മസ്റൂർ)

## സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാനിൽ ഡ്രൈവറിന്റെ ഒഴിവ്

**നിബന്ധനകൾ:**(1)ഉദ്യോഗാർഥിയുടെ പ്രായം 18 വയസ്സിന് മുകളിലും 40 വയസ്സിന് താഴെയുമായിരിക്കണം(2)ഉദ്യോഗാർഥി കുറഞ്ഞത് 8-ാം ക്ലാസ്സ് പാസായിരിക്കണം.(3)10 വർഷം വാലീഡുള്ള ഡ്രൈവിംഗ് ലൈസൻസുണ്ടായിരിക്കണം. 10 വർഷത്തെ ഡ്രൈവിംഗ് പരിചയമുണ്ടായിരിക്കണം. പരിചയസമ്പന്നർക്ക് മുൻഗണന നല്കപ്പെടും. (4)തിരഞ്ഞെടുക്കപ്പെടുന്ന ഡ്രൈവർക്ക് ഗ്രേഡ് രണ്ടിന്റെ സമാനമായ അലൗൺസും മറ്റു സൗകര്യങ്ങളും നല്കുന്നതായിരിക്കും. (5)ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക.(6)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്.(7)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:
NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516
Mob:09682627592-, 09682587713-, Office:01872-501130
Email:diwan@qadian.in

**സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.**
**നളാറത്തെ തഅ്ലീമിന്റ കീഴിൽ വിദ്യഭ്യാസ്ഥാപനങ്ങളിൽ അധ്യാപകരെ ആവശ്യമുണ്ട്.**

തഅ്ലീമുൽ ഇസ്ലാം സീനിയർ സെക്കന്ററി സ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷനിലും കമ്പ്യൂട്ടറിലും കുറച്ച് ഒഴിവുകളുണ്ട്. ജമാഅത്തിനു സേവനം ചെയ്യാൻ താൽപര്യമുള്ളവർക്കും വിദ്യാഭ്യാസയോഗ്യതയുള്ളവർക്കും നിളാറത്ത് ദീവാനിൽനിന്ന് പ്രസിദ്ധീകരിച്ചിട്ടുള്ള ഫാറം വാങ്ങി പൂരിപ്പിച്ച് തങ്ങളുടെ അപേക്ഷകൾ സമർപിക്കാവുന്നതാണ്. ഒഴിവുകളുടെ വിശദീകരണവും നിബന്ധനളും താഴെ ചേർക്കുന്നു:

ഇീാുൗലേൃ ഠലമരവലൃ:
(1-)Qualification:BCA/B.Sc(IT/CS/internet Science). B Tech(IT/CS)
(2)അപേക്ഷകർ ഉർദു, ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി ടൈപ്പിംഗ് അറിഞ്ഞിരിക്കണം.
(3)ബന്ധപ്പെട്ട വിഷയത്തിൽ ഗ്രാജ്യുവേഷൻ(BCA/B.Sc, B Tec-) 55% മാർക്ക് നേടിയിരിക്കണം. അംഗീകരിക്കപ്പെട്ട സ്ഥാപനത്തിൽനിന്ന് 3 വർഷത്തെ പരിചയമുണ്ടായിരിക്കണം. പോസ്റ്റു ഗ്രാജ്യുവേഷന് മുൻഗണന നല്കപ്പെടുന്നതാണ്.

physical Education Teacher:
(1) B.A with p-hysical Education as an Elective subject/3 year Graduation Course in physical Education and B.P.Ed
(2) 4 Years interated Course of Bachelor of physical Education from a recognised University
(3)ബന്ധപ്പെട്ട വിഷയത്തിൽ 55% മാർക്കുണ്ടായിരിക്കുകയും അംഗീകൃത സ്ഥാപനത്തിൽനിന്ന് 3 വർഷത്തെ പ്രവർത്തന പരിചയവും ഉണ്ടായിരിക്കണം.
(4)ഉദ്യോഗാർഥിയുടെ പ്രായം 20 വയസ്സിൽ കുറവും 40 വയസ്സിൽ കൂടുതലുമാകരുത്. ഒറ്റപ്പെട്ട അവസ്ഥയിൽ പ്രായപരിധിയിൽ ഇളവു ലഭിക്കാവുന്നതാണ്.
(5)കേന്ദ്ര നിയമന കമ്മിറ്റി ഉദ്യോഗസ്ഥന്മാർ നടത്തുന്ന എഴുത്തുപരീക്ഷയിലും ഇന്റർവ്യൂയിലും വിജയിക്കുകയും നൂർ ഹോസ്പിറ്റലിന്റെ റിപ്പോർട്ടനുസരിച്ച് തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നവർക്കായിരിക്കും സെലക്ഷൻ ലഭിക്കുക.
(6)സെലക്ഷൻ ലഭിച്ചാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസ സൗകര്യം സ്വയം ചെയ്യേണ്ടതാണ്.
(7) ഇന്റർവ്യൂവിന് ഖാദിയാനിൽ വിളിച്ചാൽ യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.
(8)ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.
(9)അപേക്ഷാഫാറം നിളാറത്ത് ദീവാനിൽനിന്നോ അല്ലെങ്കിൽ താഴെ കാണുന്ന അഡ്രസ്സ്/ഈമെയിൽനിന്നോ കരസ്ഥമാക്കാവുന്നതാണ്.
(10)അപേക്ഷകൾ വിദ്യഭ്യാസയോഗ്യതയുടേയും പ്രവർത്തന പരിചയത്തിന്റേയും സർട്ടിഫിക്കറ്റുകളുടെ(Self Attested) കോപ്പികളോടൊപ്പം ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ നിളാറത്ത് ദീവാനിൽ ലഭിച്ചിരിക്കേണ്ടതാണ്.
(11) അലവൻസിനെ സംബന്ധിച്ചും മറ്റുമുള്ള വിവരങ്ങൾ അറിയുന്നതിന് താഴെക്കാണുന്ന ഈമെയിലോലോ ഫോൺനമ്പറിലോ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143516
MOB:09682627592/09682587713 EMAIL: divan@qadian.in

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin